# പുതിയ പ്ലാൻ

ജോലിയന്വേഷിച്ച്

വേദനിയ്ക്കുന്നമനുഷ്യത്വം

പുതിയ പ്ലാൻ

നല്ലദിവസം

രാജി

സി. അച്യുതക്കുറുപ്പ്

MADRAS UNIVERSITY ANNEXE
O.R.I. DEPARTMENTAL LIBRARY

DOCTRINA VIM PROMOVET INSITAM

Call Number

Accession Number 358805

Department 32 D

This book should be returned on or before the date last marked below.

# പുതിയ പ്ലാൻ

★

For BOOKS OF ALL KINDS,
TOURING BOOK STALL,
Court Road, CALICUT.
PHONE: 4025.

## സി. അച്യുതക്കുറുപ്പിൻെറ കൃതികൾ

ദീപനാളം

സർച്ച്

ചെറുകഥകൾ

അപരാധികൾ

പുതിയ പ്ലാൻ

നൂർജ്ജഹാൻ (തർജ്ജമ)

Puthiya Plan

# പുതിയ പ്ലാൻ

(ചെറുകഥകൾ)

Short stories

UNIVERSITY LIBRARY.
3 NOV 1981
MADRAS

★

ഗ്രന്ഥകർത്താ:
സി. അച്യുതക്കുറുപ്പ്
C. Achutakkurup

University Grants Commission

രണ്ടാം പതിപ്പ്   കോപ്പി 1000

പകർപ്പവകാശം: പി. എം. തങ്കത്തിനു്

പ്രസാധകന്മാർ:

വള്ളത്തോൾ ഗ്രന്ഥാലയം, ചെറുതുരുത്തി

വില: ഒരുറുപ്പിക.

1959 ഫെബ്രുവരി

---

അച്ചടി:

വള്ളത്തോൾ പ്രിൻറിങ്ങ് & പബ്ലിഷിങ്ങ് ഹൌസ്,

തൃശ്ശിവപേരൂർ.

# ജോലിയന്വേഷിച്ച്

ഗോപാലൻനായർ തൻെറ ചിന്താക്ലേശത്തിന്ന് ഏകാവലംബമായ തൂണംചാരി എന്തോ ആലോചിച്ചുംകൊണ്ടിരിയ്ക്കുകയാണ്. കുറച്ചു മുമ്പേ വന്നുപോയ അയാളുടെ ഭാര്യ ലക്ഷ്മിഅമ്മ വീണ്ടും പ്രവേശിച്ച് ആവലാതിയായി:—

“എന്തിരിപ്പാത്? ആരു കൊണ്ടു്രുംച്ചിട്ടാ മേപ്പട്ടും നോക്കിയിരിയ്ക്കുണ്? കുട്ടൻ രാവിലെ ഇത്ര കഞ്ഞീടെ വെള്ളം മോന്തീട്ടാ ഷ്ക്കോളിലേയ്ക്ക് പോയിരിക്കണ്. മടങ്ങി വരുമ്പൊഴെയ്ക്കെങ്കിലും ഇത്തിരി വല്ലതും തെളപ്പിച്ചു വെയ്ക്കാണ്ടാലോ! നല്ല പൂരം പൂരം! ഇന്നലത്തെപ്പോലന്നെ കഴിഞ്ഞാ മത്യാ ഇന്നും?”

ഭർത്താവിന്നു വല്ല ചാഞ്ചല്യവും ഉണ്ടോ എന്നറിയാൻ ലക്ഷ്മിഅമ്മ നിർത്തി. എന്നാൽ ഒരിളക്കവും കണ്ടില്ല. മൌനം ലക്ഷ്മിഅമ്മയെ അരിശം കൊള്ളിച്ചു:—

"അതേ്, മിണ്ടാണ്ടിരുന്നാ പററില്ല്യ. എന്നെ ഇല്ലെങ്കി വേണ്ട, സ്വന്തം കുട്ട്യോളെയെങ്കിലും വേണ്ടെ കൊറച്ചു സ്ഥായി? ഇത്ര കയ്യൊടങ്ങ്യെങ്കില് അതങ്ങട്ടു തൊറന്നു പറഞ്ഞാമതി".

ഗോപാലൻനായരുടെ മൌനത്തിൻെറ മമ്മമെല്ലാം ശകാരങ്ങളുടെ കുത്ത മുനകററംകൊണ്ടു തുളഞ്ഞു:—"എന്താ പറേണ്? അരി വാങ്ങണന്നല്ലെ ഈ പറഞ്ഞേന്റെ ഒക്കെ അത്ഥം! ഞാനെന്തോണ്ടാ അരി വാങ്ങേണ്? കക്കാൻ ഞാൻ പഠിച്ചിട്ടില്ല്യ. അതു പഠിച്ച്ണ്ടാണ്ങ്കി, നെന്നേം രണ്ടു കുട്ടിയോളേം ഇവടെട്ട് ജീവൻ പണയംവെച്ച് പട്ടാളത്തില് പോയേന്നില്ല. എങ്ങിനെങ്കിലും ഭാര്യേം കുട്ട്യോളേം പുലത്തണെച്ചിട്ടന്ന്യാ പട്ടാളത്തിലെങ്കില് പട്ടാളത്തില് പോയി ചേന്നത്. അതോണ്ട്, അഞ്ചാറു കൊല്ലം നെങ്ങളെ പുലത്താൻ കഴിഞ്ഞൂക്ക്യാ! പട്ടാളത്ത്ന്ന് പോന്നു, പഴേ പാപ്പര് വേഷായി!"

ഇടിവെട്ടേററപോലെയായി ലക്ഷ്മിഅമ്മ. ഭത്താവ് രണ്ടു മാസമായിട്ടില്ല, പട്ടാളത്തിൽ നിന്നു മടങ്ങി വന്നിട്ട്! അപ്പൊഴയ്ക്കും കയ്യിൽ അരക്കാശില്ലെന്നാണിപ്പറയുന്നത്. അവക്ക വിശ്വസിയ്ക്കാൻ കഴിഞ്ഞില്ല. ലക്ഷ്മി അമ്മ അത്ഭുതാശങ്കകളോടെ ചോദിച്ചു:—

"പണം എന്നു വരുംച്ചിട്ടാ? വരുന്നതുവരെ ഒരുവഴി കാണണ്ടേ?"

അയാൾ ഒരസഹനീയമായ തണുപ്പൻമട്ടിൽ പറഞ്ഞു—"വരുന്നതുവരെ ഒരു വഴി കാണണം!"

"പക്ഷേ ആ 'വരെ' ഒരു വല്ലാത്ത വരെയാണ്!"

ലക്ഷ്മിഅമ്മയ്ക്ക് ഈ നേരംപോക്കിൻെറ അത്ഥം മനസ്സിലായില്ല:—'കല്യ്യാക്കാണ്ടെ കായ്യം ശരിയ്ക്ക പറഞ്ഞാട്ടെ."

ഒരുത്തരവും കിട്ടിയില്ല. ഭത്താവിൻെറ നിസ്സഹായസ്ഥിതിയിൽ സഹതാപം തോന്നിയെങ്കിലും ലക്ഷ്മിഅമ്മയുടെ പ്രാരബ്ധകലുഷിതമായ ഹൃദയത്തിന്ന് അതു വെളിപ്പെടുത്താൻ സാധിച്ചില്ല. ആ സ്ത്രീ പിണങ്ങിപ്പോയി.

ഗോപാലൻനായർ പൂവ്വാധികം വ്യാകുലനായി. പലതും അയാളോത്തു. പട്ടാളത്തിൽ ചേന്നതിൻെറ തലേദ്ദിവസം ഇതുപോലെ ഒരു ദുഗ്ഘടസന്ധിയിൽ അതേ ഇരിപ്പിരുന്നത് അയാളുടെ മനസ്സിൽ തെളിഞ്ഞു പൊന്തിവന്നു. അങ്ങിനെയിരിയ്ക്കുമ്പോഴാണ് പട്ടാളത്തിലേയ്ക്ക് ആളെ എടുക്കുന്നുണ്ടെന്ന ആ കൊട്ടിയറിയിപ്പു നിരത്തിൽനിന്നു കേട്ടത്. എന്തെല്ലാം മനോരാജ്യങ്ങളായിരുന്നു, പോകുമ്പോഠം അയാളുടെ മനസ്സിൽ! ആ അഞ്ചാറുകൊല്ലക്കാലത്തെ ത്യാഗങ്ങളും യാതനകളും എല്ലാം ഒരു ദുഃസ്വപ്നമെന്നോണം ശേഷിച്ചതിൽ അയാഠംക്കു ലജ്ജയും വ്യസനവും തോന്നി.

ഒരൊററ യഥാത്ഥ്യംമാത്രം പിന്നേയും നിലനിന്നു—വീട്ടിലെ കഞ്ഞിയ്ക്കരിയില്ലെന്ന ഇല്ലാപ്പാട്ട്!

ഉടനെ ജോലി നല്കപ്പെടുമെന്ന ചക്കരവാക്കിൽ മയക്കി മടക്കിയയയ്ക്കപ്പെട്ട താനും തൻെറ കൂട്ടാളികളും അയാളുടെ മുമ്പിൽ അണിനിരന്നു.

"ഏതു പട്ട്യാണ് ഇനി ഞങ്ങളെ തിരിഞ്ഞുനോക്കാൻ? അവററയ്ക്കാണെങ്കിൽ അവററടെ കാൎയ്യം കഴിഞ്ഞു; പഴയ ചെരിപ്പുപോലെ വലിച്ചെറികയും ചെയ്തു." അയാഠം ഒരടങ്ങാത്ത ഈറയോടെ മുറുമുറുത്തു.

കുട്ടൻ സ്കൂളിൽനിന്നു വന്നാൽ അവിടെ സൈ്വരമുണ്ടാവില്ലെന്ന് അയാളോൎത്തു. "റേഷൻ മേടിയ്ക്കാൻ എന്താണുപായം?" അയാഠം ആ പ്രശ്നത്തിലേയ്ക്കുതന്നെ തിരിച്ചെത്തി. അയാഠം പെട്ടി ഒന്നു പോയി തിരഞ്ഞു. ആവശ്യമുണ്ടായിട്ടല്ല. കാരണം പെട്ടിയുടെ അടി മുഴവൻ തപ്പി, അതും പോരാഞ്ഞിട്ട് അയാളുടെ താക്കോലിൻെറ വട്ടക്കണ്ണിമേൽ കൌതുകത്തിന്നുവേണ്ടി കോൎത്തിട്ടിരുന്ന ഓട്ടമുക്കാലുകഠംകൂടി എടുത്തിട്ടാണ് തലത്തലേന്നാഠം അരിവാങ്ങാൻ ചില്ലറ തികച്ചതെന്ന വസ്തുത അയാഠം മറന്നിട്ടില്ല. എങ്കിലും, പെട്ടിയിലുള്ളതു മുഴവൻ വലിച്ചിട്ട്, അടിയിലൊക്കെ ഒരിക്കൽക്കൂടി തപ്പിനോക്കി, വെറുംകയ്യോടെ പൂൎവ്വസ്ഥാനത്ത് വന്ന് അയാഠം തലയ്ക്കു കയ്യും കൊടുത്തിരുന്നു.

വിശന്നു പൊരിയുന്നുണ്ടെങ്കിലും, സ്കൂളിൽ 'ഡിഗ്രി' കളിയ്ക്കുപയോഗിയ്ക്കാറുള്ള ഒരു ശബ്ദവിശേഷം ഉരുവിട്ടു പാഞ്ഞുംകൊണ്ടാണ് കുട്ടൻ ഉമ്മറത്തെത്തിയത്. ഒരു പൊടിക്കൈ പ്രയോഗിച്ചിട്ടുള്ളതു പായാൻവേണ്ടി സ്ലേററും പുസ്തകവും കോലായമേലിട്ട് അവൻ അച്ഛൻെറ അടുക്കലേയ്ക്കു പാഞ്ഞു. അവൻ ഒരൊററ ശ്വാസത്തിൽ പറഞ്ഞു തീൎത്തു........'അച്ഛാ, നാളെ എൻെറ പൊന്നാ

ളിന് അച്ഛൻേറാടത്തെ അപ്പൂനേം അമ്മിണ്ണ്യോപ്പ്വോളേം ക്ഷണിച്ചിട്ട്ണ്ട്. പായസണ്ടാവില്ല്യേന്ന് ചോദിച്ചിരിയ്ക്കണ അമ്മിണ്ണ്യോപ്പാള്. പായസല്യാണ്ടെ എന്തു പെറന്നാളാന്നും ചോദിച്ചു ഞാൻ. അച്ഛൻ ശക്കരേം ഒക്കെ കൊണ്ടിരിയ്ക്കണേ! രാവിലെ പറഞ്ഞേന്ന്വലോ ഞാനച്ഛനോട്. സദ്യ വേണമട്ടോച്ഛാ, അച്ഛൻരോടെ ഇന്നാള് അപ്പൂൻെറ പെറന്നാളിന് സദ്യോക്കെണ്ടാന്നു. ഇടിച്ചു പിഴിഞ്ഞ പായസാന്നു. അമ്മിണ്ണ്യോപ്പോള്ടെ പെറന്നാള്ണ്ട് വരണ മാസത്തില്. അതിന്വണ്ടത്രേ സദ്യ..............അച്ഛൻ എൻെറ കടലാസ്സൊറേന്ന് രണ്ടു മുക്കാലെട്ത്തോ? അച്ഛൻ തന്ന ആ രണ്ടു മുക്കാല് കാണാല്യ. അച്ഛനെടുത്തിട്ടില്ല്യെങ്കി ഓപ്പോളെടുത്തിട്ടുണ്ടാവും.''

അയാറം എടുത്തത് സമ്മതിച്ചു. ഇല്ലെങ്കിൽ അവൻ ഓപ്പോളുമായി ശണ്ഠകൂട്ടുമെന്നയാറംക്കറിയാം.

''അതിങ്ങട് തരണട്ടോ, അച്ഛൻ. അച്ഛൻെറ കയ്യില് വേറെ കാശില്ല്യേ? ആ വല്ല്യ പെട്ടീല് കാശൊന്നൂല്യേ? ആട്ടെ നാളെ സദ്യ വേണേ! പായസല്ല്യെങ്കി നമുക്കന്ന്യാ കുറവ്!''

അച്ഛനു കുനിന്മേൽ ഒരു കുരുക്കൂടിയുണ്ടാക്കി അവൻ അകത്തേയ്ക്കോടി. അകത്തു ചെന്ന് അച്ഛനോടു പറഞ്ഞ അതേ രീതിയിൽ അമ്മയോടും പറഞ്ഞു. അമ്മ ഒരു കാരണം കിട്ടാൻ കാത്തു നില്ക്കുകയായിരുന്നു:_ ''എടാ അസത്തെ, നി ഷ്ക്കോള്ന്ന് വന്നിട്ട് ആ മുണ്ടും കുപ്പായോം അ

ഴിച്ചിടാതെ എന്നെ വന്ന തൊട്ടു, ഇല്ല്യേ? ഞാൻ ഇപ്പോ കുളിച്ചിങ്ങട്ട് വന്നേ ഉള്ളൂ."

അമ്മ അവനെ മൂന്നാലു പേറൽ പേറി. അവൻ കരഞ്ഞ് അമ്മയുമായി ഗുസ്തി തുടങ്ങി:—"എനിയ്ക്കു വെശന്നിട്ടു വയ്യ. മയററാണ്ടെ ചോറിങ്ങട് വെളമ്പിവെച്ചു തരോ. ചോറു വെളമ്പി തരാനല്ലേ പറഞ്ഞത്" അവൻ അമ്മയെ ഭേദ്യം തുടങ്ങി. അമ്മയ്ക്കും കലി കയറി:—"ചെക്കനൊ പുളിറുമ്പുപോലെ അരിച്ചിങ്ങട് കേറും; തട്ട്യാലും കൊട്ട്യാലും പൂവില്ല്യ."

അങ്ങിനെ കുറച്ചു നേരംനിന്നു ആ വഴക്ക്. "ചോറു വെളമ്പാൻ പറേണ് കേട്ടാൽ ഇവടെ അളന്നു തന്നിട്ടാ പോയേന്നുതോന്നും. അച്ഛനതാ ഉമ്മറത്ത്. പോയി പറേ ചോറിൻെറ കാര്യം."

ലഹളകേട്ടു ഗോപാലൻനായർ അകത്തേയ്ക്കു ചെന്നു. ലക്ഷ്മിഅമ്മ ആരൊടെന്നില്ലാതെ പറഞ്ഞു:— "അവൻ ആ ഷ്ക്കോളീന്നു വന്നപാട്ടു എന്നെ വന്നു തൊട്ടിരിയ്ക്കണു. തലേല് കേററി വെച്ചിട്ടന്ന്യാ. എന്നോടാ കളി പററില്ല്യ. ഇവള് ശുദ്ധാശുദ്ധല്ല്യാണ്ടെ ശീലിച്ചിട്ടുല്ല്യ. എന്താ ചെയ്യണ്?"

"അവനോമ്മല്ല്യാണ്ടെ വന്നു തൊട്ടേന് ഇങ്ങിനെ തല്ലേ്?" ഗോപാലൻ നായർ കയത്തു.

"ഓമ്മല്ല്യാണ്ടാവാൻ എന്താ കള്ളുകുടിച്ചിട്ടാ വരണ്? അവനേ മഹാ തണ്ടാപ്പ്യാണ്. അവൻ അവൻെറ പെറന്നാള് ക്ഷണിച്ചിരിക്ക്യാത്രേ അച്ഛൻേറാടെ! അവ

നോട് ആരെങ്കിലും പെറന്നാള്ക്ഷണിയ്ക്കാൻ പറഞ്ഞോ? പെറന്നാള്കാരൻ! മൂന്നുനേരം കഞ്ഞി കുടിക്ക്യാല്യ. ഇന്ന് ഇവിടെ തീപ്പൂട്ടീട്ടില്യ, അപ്പ്യോ നെനക്ക് അധികപ്രസംഗ്യേ!" അവൻെറ ചെവിയ്ക്ക് പിടിച്ച് രണ്ടാട്ട് ആട്ടി.

"ഓ, നന്നായി! എന്നാ ഓപ്പ്യോള്ടെ പെറന്നാളിന് എന്തിനേ അച്ഛൻേറാടെ പറഞ്ഞ്?" അമ്മ അവൻെറ കൊന്നിയ്ക്കൊന്നു പൊട്ടിച്ച് ഇങ്ങിനെ അട്ടഹസിച്ചു:— "കണ്ടോ, അവൻെറ തക്കത്തരം! നെൻെറ ഓപ്പളോടന്നെ ചോദിയ്ക്കട നായേ!"

ഗോപാലൻനായർ മാദ്ധ്യസ്ഥ്യം പിടിച്ചു. ലക്ഷ്മിയമ്മയുടെ അഞ്ചുവിരലും കുട്ടൻെറ കവിളത്തങ്ങനെ പതിഞ്ഞതുകണ്ട് ആ പിതൃഹൃദയത്തിന്നു സഹിച്ചില്ല. കുട്ടൻ അച്ഛനെ പററിപ്പിടിച്ചു നിന്നു തേങ്ങിത്തേങ്ങിക്കരഞ്ഞു; ലക്ഷ്മിഅമ്മയുടെ മാതൃഹൃദയവും നൊന്തു. പക്ഷേ, അതാക്കും കാണാൻ സാധിച്ചില്ലെന്നുമാത്രം.

"കുട്ട്യേ്യാളെ തല്ലണേന്നും വേണം ഒരു കണക്ക്!" ഗോപാലൻനായർ അവൻെറ കവിളു തലോടിക്കൊണ്ടു പറഞ്ഞു. ലക്ഷ്മിഅമ്മ അതു കേൾക്കാത്ത നാട്യത്തിൽ കുട്ടനെ പിടിച്ചുവലിച്ചു പറഞ്ഞു:— "നടക്ക്, കൊളത്തിലേയ്ക്കു. പാറുക്കുട്ടിണ്ട് കൊളത്തില്. അവള് കുളിപ്പിച്ചുതരും." അവർ കുട്ടനെ വലിച്ചുകൊണ്ടുപോയി.

ഗോപാലൻനായർ ഉമ്മറത്തേയ്ക്കു പോന്നു. "ഹായ്, പട്ടാളത്തിൽപ്പോയിട്ടും ചത്തില്യല്ലോ!" അയാൾ സ്വയം

ശപിച്ചു, തൻെറ പഴയ കാക്കിക്കപ്പായവുമെടുത്തിട്ടു പുറത്തേയ്ക്കിറങ്ങി. പൊതുവഴിയിലേയ്ക്കു കേറിയപ്പോൾ ഒരു ശബ്ദം അയാളെ ആകഷിച്ചു.

"...............സിന്ദാബാദ്"

അയാൾ അവിടെത്തന്നെ നിന്നു. വീണ്ടും കേൾക്കായി ചിലത്. ആ ശബ്ദം വരുന്ന ഭാഗത്തേയ്ക്ക് അയാൾ ഉദാസീനനായി നോക്കി. അതൊരു ജാഥയായിരുന്നു. മഹത്തായ ഒരാവേശത്തിൻെറ അദൃശ്യനൂലിൽ കോത്ത ഒരു വിചീപരമ്പരയെന്നപോലെ, അതയാൾക്കഭിമുഖമായി നീങ്ങിക്കൊണ്ടിരുന്നു. ദിഗന്തംമുഴക്കുന്ന മുദ്രാവാക്യങ്ങൾ ഒന്നിനുപിന്നാലെ മറെറാന്നായി അയാളുടെ ചെവിയിൽ വന്നലച്ചു. ജാഥ ഒരു മുദ്രാവാക്യം! വിളിച്ചുപറഞ്ഞ് അടുത്തെത്തി:

"ചുരുങ്ങിയ ശമ്പളം നാല്പതുറുപ്പിക."

അയാൾ ഒരു പരിഹാസസ്വരത്തിൽ തന്നോടുതന്നെയായിപ്പറഞ്ഞു:– "ജോലിയില്ലാത്തോക്കാ ശമ്പളം നിജപ്പെടുത്തണ്!"

ജാഥ മുന്നോട്ടു നീങ്ങിക്കൊണ്ടിരിയ്ക്കെ മറെറാരു മുദ്രാവാക്യം മുഴങ്ങിക്കേൾക്കപ്പെട്ടു.

"പട്ടാളത്തിൽനിന്നു തിരിച്ചുവരുന്നവക്കു ജോലി!"

അയാളുടെ മുഖത്തു ഒരു പ്രകാശം പരന്നു. തൻെറ മനസ്സിൽ വളരെ നാളായി കിടന്നു മുറവിളികൂട്ടുന്ന ഒരത്യാവശ്യം മററുള്ളവരുടെ ഹൃദയങ്ങളിൽ സഹതാപപൂവ്വം മാറെറാലികൊണ്ടപ്പോൾ അയാൾക്കു വലിയ ആശ്വാസം

തോന്നി. അയാറം തന്നോടായിട്ടാണെങ്കിലും കുറച്ചുറക്കെ ചോദിച്ചു: "ആരാ ജോലിതരാൻ? ഈ നശിച്ച ഗവമ്മെണ്ടോ?"

"ഈ ഗവമ്മേണ്ടല്ല. നാട്ടുകാരുടെ ഗവമ്മെണ്ട്. നാട്ടുകാരുടെ ഗവമ്മെണ്ടു വന്നില്ല്യെങ്കി നിങ്ങക്കു ജോലീം കിട്ടാൻ പോണില്ല്യ."

"നാട്ടുകാരുടെ ഗവമ്മെണ്ടു വരാനോ?"

"നിങ്ങറം മീററിങ്ങിന്നു വരു. എനിയ്ക്കു പോകാൻ വൈകി." ജാഥയിലെ അവസാനത്തെ ആളും അവരെ പിന്നിട്ടിരുന്നതിനാൽ ആ സംഭാഷണം നടത്തിയ യുവാവ് ബദ്ധപ്പെട്ടു നടന്നു.

മുദ്രാവാക്യോൽഘോഷങ്ങളുടെ കോലാഹലത്തിൽനിന്ന് ആ ഒരേ മുദ്രാവാക്യം ഗോപാലൻനായരുടെ ചെവികറംക്കുചുററും അതിൻെറ ആശച്ചിറകിന്മേൽ പറന്നാത്തു കളിച്ചു. അയാറം ആ ജാഥയെ നിന്നിമേഷനായി നിന്നു നോക്കിപ്പറഞ്ഞു:

"എന്തൊരുത്സാഹം! അവരെക്കണ്ടാൽ, അവരൊന്നും സുഖിതരല്ല. പിന്നെ ഇത്ര സന്തോഷവും ഉത്സാഹവും കാണാൻ കാരണം?"

അയാറം തൻെറ നൈരാശ്യവുമായി, ആ കണ്ട ആശാഭരിതമായ ഉത്സാഹത്തള്ളലിനെ ഒന്നിടതട്ടിച്ചുനോക്കി. എത്ര ആലോചിച്ചിട്ടും അയാറംക്കതിൻെറ കാരണം കണ്ടുപിടിയ്ക്കാൻ കഴിഞ്ഞില്ല. എങ്കിലും ഒരജ്ഞാതശക്തി അയാളെ ആ ജാഥയുടെ നേക്കു പിടിച്ചുവലിച്ചു. ആ ജാഥയുടെ മുമ്പിൽ ഉയന്നാടിക്കളിയ്ക്കുന്ന കൊടി അയാ

ളെ മാടിവിളിയ്ക്കുന്നപോലെ തോന്നി. അയാഠം ആറേ ഴടി ആ വഴിയ്ക്കു നീട്ടിവെച്ചു. പെട്ടെന്നു താൻ വീട്ടിൽ നിന്നിറങ്ങിയ കാരണങ്ങളെക്കുറിച്ചോൎത്ത്, അയാഠം തി രിഞ്ഞു മുൻനിശ്ചയിച്ചിരുന്ന വഴിയ്ക്കുതന്നെ നടന്നു.

നേരം സന്ധ്യകഴിഞ്ഞു. മങ്ങി മങ്ങിക്കത്തുന്ന ഒരു വിളക്ക് ലക്ഷ്മിഅമ്മയുടേയും മക്കളുടേയും നാമോച്ചാരണ ങ്ങഠം ഏററുവാങ്ങാൻ തുടങ്ങിയിരിയ്ക്കുന്നു. "നോശ്ശിവായ!" അമ്മ പാറുക്കുട്ടിയ്ക്കും കുട്ടനും ചൊല്ലിക്കൊടുക്കുകയാണ്.

"നോശ്ശിവാ....അച്ചനെങ്ങോട്ടെ പോയേ്, അമ്മേ?" കുട്ടൻ ഇടയ്ക്കു നിൎത്തി ചോദിച്ചു. "എനിയ്ക്കുറില്യ. എ ന്നോടു പറഞ്ഞിട്ടല്ല പോയത്" നാമത്തിൻെറ ഇടയ്ക്കു കേറി സംസാരിയ്ക്കുന്നതിലുള്ള പ്രതിഷേധം സൂചിപ്പിച്ചു കൊണ്ട് അമ്മ പ്രതിവചിച്ചു.

"ഞാൻ കുളിച്ചുവന്ന് അരി വാങ്ങേണ്ട കാൎയ്യം പറ യാൻ ഉമ്മറത്തെയ്ക്കു ചെന്നപ്പോ അച്ചൻ കുപ്പായട്ട് പുറ ത്തേയ്ക്കിറങ്ങിരിയ്ക്കുണു." പാറുക്കുട്ടി പറഞ്ഞു.

"ഇനി എപ്പോഴാ വരണാവോ? എനിയ്ക്കു വെശന്നി ട്ടുവയ്യ........നാളെ പെറന്നാളിന്ന് പായസല്ല്യേങ്കി അമ്മി ഞ്ഞ്യോപ്പളും അപ്പും കളിയ്ക്കും."

"പായസത്തിൻെറ കാൎയ്യം നിക്കട്ടെ. ചോറിൻെറ കാൎയ്യായോ?" പാറുക്കുട്ടി ചോദിച്ചു.

"ഓപ്പോഠക്കങ്ങനെ പറയാം. ഓപ്പള്ട്ടെ പെറ ന്നാള് കേമായി കഴിച്ചു; അതാ ഇപ്പോ ഇങ്ങനെപറേണ്."

പാറുക്കുട്ടി പിന്നെ ഒന്നും മിണ്ടിയില്ല. പിന്നെ മി ണ്ടിയാൽ വഴക്കാവും എന്നവഠക്കറിയാം.

"നെങ്ങള് കൊഞ്ചിരിക്ക്യാ, നാമം ചൊല്ലാതെ അല്ലേ? നോശ്ശിവായ ചൊല്ല്." അമ്മ കുട്ടനെ ശാസിച്ചു.

"ഓപ്പോള് ചെല്ലുണ്ടോ? ഞാൻ ചെല്ലാത്തേനേ തെറവുള്ളൂ? എനിയ്ക്കു വെശക്കണു. എനിയ്ക്കു വയ്യ നാമം ചെല്ലാൻ." അവനാ പായയിൽ കിടന്നു കരയാൻ ഭാവിച്ചു.

അപ്പൊഴെയ്ക്കു് ആരോ ഒരാറം "ലക്ഷ്മിഅമ്മേ" എന്നു വിളിയ്ക്കുന്നതായി കേറംക്കകയാൽ അവൻ കരച്ചിലമത്തി.

"ആരാത്?" മൂന്നുപേരും ഏകസ്വരത്തിൽ ചോദിച്ചു.

"അച്ഛല്യ ഇവടെ" കുട്ടൻ പറഞ്ഞു.

"ഒരെഴുത്തു തന്ന്ണ്ട് ഗോപാലൻനായര് ഇവടെ തരാൻ." ആഗതൻ ആ എഴുത്തു കുട്ടൻെറ കയ്യിൽ കൊടുത്തു.

"അച്ഛൻ തന്നതാ എഴുത്ത്?" കുട്ടൻ ചോദിച്ചു.

"അതേ; ഒരഞ്ചുറുപ്പികേം തന്നുണ്ട്." അയാറം ഉറുപ്പിക ലക്ഷ്മിയമ്മയുടെ കയ്യിൽ കൊടുക്കാൻ ഭാവിച്ചു.

"അവിടെ വെച്ചാൽമതി. എന്താ എഴുത്തില്? പാറുക്കുട്ട്യേ. അതൊന്നു വായിയ്ക്കു്." ലക്ഷ്മിഅമ്മ ആവശ്യപ്പെട്ടു. പാറുക്കുട്ടി കത്തു നിവത്തി ഇങ്ങിനെ വായിച്ചു:

"അഞ്ചുറുപ്പിക കൊടുത്തയയ്ക്കുന്നു. എൻെറ ആ ട്രങ്കുപെട്ടിയിലുള്ള സാമാനങ്ങറം ഒഴിച്ച് ആ പെട്ടി ഈ വരുന്നാറംക്ക് കൊടുക്കണം. ഞാൻ നാലു ദിവസം കഴിഞ്ഞു വരാം. വല്ല ജോലിയും അന്വേഷിച്ചുനോക്കട്ടെ.

കുട്ടന്റെ പിറന്നാള് കഴിയ്ക്കണം. പായസം ഉണ്ടാക്കണം, കുട്ടികളെ നല്ലപോലെ നോക്കണേ! എന്നു എന്റെ ലക്ഷ്മി വായിച്ചറിവാൻ ഗോപാലൻനായര്."

കത്തു വായിച്ചു തീൎന്നപ്പോഠം അമ്മ ഒരു നെടുവീൎപ്പിട്ടു പാറുക്കുട്ടിയോടാജ്ഞാപിച്ചു: "ആ പെട്ടി ഒഴിച്ചു കൊടുക്കു്."

'എന്തിനാ പെട്ടി?" കുട്ടൻ ചോദിച്ചു.

"പെട്ടി ഞാൻ വാങ്ങീതാ."

പാറുക്കുട്ടി പെട്ടി ഒഴിച്ചുകൊണ്ടുവന്നു.

ആഗതൻ പെട്ടിയുമെടുത്തു യാത്രപറഞ്ഞു.

"ആ ഉറുപ്പിക എടുത്തു വെയ്ക്കിൻ."

അയാഠം പോകുന്ന പോക്കിൽ ഓൎമ്മിപ്പിച്ചു.

കുട്ടൻ അമ്മയോടു ചോദിച്ചു:—"അച്ചൻ എവടയ്ക്കാ അമ്മേ പോണത്? പട്ടാളത്തിലെയ്ക്കു് പൂവ്വ്ാ ഇനീം?"

മൂന്നുപേരും മുഖത്തോടു മുഖം നോക്കി.

—*—

# വേദനിക്കുന്ന മനുഷ്യത്വം

നേരം അസ്തമിച്ചിരിയ്ക്കുന്നു. പകൽസ്സമയം മുഴുവൻ ചത്തുകിടന്നിരുന്ന മധുരയിലെ ആ തെരുവിൽ കുറച്ചു ജീവൻവെച്ചു. ദുർവ്വികാരങ്ങളുടേതായ അളകളിൽനിന്ന് ഇര തേടി ചില മനുഷ്യജീവികൾ പുറത്തേയ്ക്കു തലനീട്ടിത്തുടങ്ങിയിരിയ്ക്കുന്നു—മനുഷ്യസമുദായം സാഭിമാനം വെച്ചുപുലർത്തിപ്പോരുന്ന ഒരു വേശ്യാത്തെരുവാണത്!

ആയുഷ്ക്കാലംകൊണ്ടു ധാരാളിത്തംകാണിച്ച് യൌവനത്തിൻെറ പാപ്പർശീട്ട് വാങ്ങിനില്ക്കുന്ന ചില യുവവൃദ്ധകൾ, താരുണ്യത്തിൻെറ 'അററക്കഴ' ചാടിക്കടന്ന ചില വൃദ്ധതരുണികൾ, വാർദ്ധക്യത്തിൻെറ പേമുഖത്ത് താരുണ്യത്തിൻെറ പത്തിക്കീററുകളെഴുതി മോടിനടിയ്ക്കുന്ന ചില പരാജിതസത്വങ്ങൾ—ഇങ്ങിനെ നാനാതരക്കാരായ സ്ത്രീകൾ അവരവരുടെ ഉമ്മറത്തു വന്നു നില്പായിരിയ്ക്കുന്നു.

എന്തിന്?—അവൾക്കു ജീവിയ്ക്കുവാൻ! എന്തു പൈശാചികമായ മറുപടി! അതേ, സത്യമായും അവൾക്കു ജീവി

2*

ക്കുവാൻ! വെറും ഉദരപൂരണം എന്നു വല്ലവരും നെററി ചുളിച്ചേയ്ക്കാം. പക്ഷേ, വെറും ഉദരപൂരണാർത്ഥം അവക്ക ചില വിടന്മാരുടെ മുമ്പിൽ കുഴഞ്ഞാടേണ്ടിയിരിയ്ക്കുന്നു. മടിശ്ശീലയുടെ ചരടഴിയണമെങ്കിൽ അവരതിനെ 'കിക്കിളി'യാക്കിയേ പററൂ.

ദാരിദ്ര്യത്തിൻെറ അനുമതി കിട്ടിയേടത്തോളം മാത്രം മോടിചേൎന്ന ചില സാരികളാൽ വേഷ്ടിതകളായി, തല പിഞ്ഞിവെച്ചു മഷിയെഴുതി, മുഖത്തു പൌഡറിട്ടു നില്ക്കുന്ന ആ പാവങ്ങളിൽ മിക്കവരുടേയും മുഖത്തു യാതൊരു ചൈതന്യവും കാണാനില്ല. എങ്കിലും അവരൊക്കെ പടിയ്ക്കൽ വന്നു പുരുഷന്മാരെ ആകൎഷിയ്ക്കാൻ ശ്രമിയ്ക്കുകയാണ്.

പെട്ടെന്ന് ആ തെരുവിൽ ഒരു ലഹള പരന്നു. അതു പൂക്കാരികളുടെ 'വിളി'യായിരുന്നു. "മല്ലികപ്പൂ, ജേമന്തിപ്പൂ, മല്ലികപ്പൂ" എന്ന വിളികൾ ആ തെരുവിൻെറ ഒരററത്തുനിന്നു മറേറയററംവരെ പാഞ്ഞെത്തി.

പൂക്കാരികൾ വേശ്യാസ്ത്രീകളുടെ ഉമ്മറങ്ങളിൽ വെമ്പിയണഞ്ഞു. "പാര്, ഇന്ത മാല ഷോക്കായിറ്ക്ക്, പാര്! ജേമന്തിപ്പൂമാല വേണമാ, മല്ലികപ്പൂമാല വേണമാ?"

ഓരോരുത്തരും ചില ശൃംഗാരാഭിനയങ്ങളോടുകൂടി താന്താങ്ങൾക്കിണങ്ങുന്നതെന്നു തോന്നിയ മാല മേടിച്ച്, മെടഞ്ഞു പിന്നിയ തലമുടിയിൽ ചുററിവെച്ചു. ചിലർ ഓരോന്നു കഴുത്തിലുമണിഞ്ഞു.

ആരുടേയോ ആജ്ഞപ്രകാരം ഉമ്മറത്തു കൊണ്ടുനിറുത്തപ്പെട്ട ഒരുവറം മാത്രം ഇതിലൊന്നും അത്ര ശ്രദ്ധിച്ചില്ല. എന്തു്, അവറംക്കീത്തൊഴിൽ രുചിയ്ക്കുന്നില്ലെന്നുണ്ടോ? അഥവാ, അതു രുചിച്ചിട്ടാണോ, മററുള്ളവരൊക്കെച്ചെയ്യുന്നതു്? അവളുടെ പേർ ജാനു എന്നാണു്. അവറം ഒരു മലയാളിപ്പെൺകുട്ടിയാണു്. എന്തിന്നവറം, ഇതുപോലെ, മലബാറിലെ ഫലഭൂയിഷ്ഠവും ആരോഗ്യകരവുമായ മണ്ണിൽത്തഴച്ച എത്രയെത്ര കോമളകുസുമങ്ങറം, ഇന്നു തമിഴ്നാട്ടിലെ വരണ്ട മണ്ണിൽക്കിടന്നു പുരുഷന്മാരുടെ കാൽച്ചവിട്ടേല്ക്കുന്നുണ്ടു്!

മററുള്ളവക്കെന്നപോലെ, ഒരുവേള അതിലേറെ, ഈ തൊഴിലിൽ അഭിരുചിയില്ലാത്തവളാണു് ജാനു. അവളുടെ മനസ്സിൻെറ ചില മൂലയ്ക്കൽക്കിടന്നു പേപറയുന്ന സദാചാരബോധം ഇന്നും അവളെ വല്ലാതെ പൊറുതിമുട്ടിയ്ക്കുന്നുണ്ടു്. പക്ഷേ, അവളുടെ അമ്മയെച്ചൊല്ലി ഇന്നവറംക്കു് ഈ വേഷം കെട്ടിയേ കഴിയൂ. ജാനുവിൻെറ അമ്മ ഒരു നല്ല സ്ഥിതിയിൽ കഴിഞ്ഞിരുന്നവരാണു്. ഒരു കുലീനയുമായിരുന്നു അവർ. എന്നാൽ ദാരിദ്ര്യംമൂലം ആ സ്ത്രീയുടെ പാക്കുന്ന പുര വിററുപോയി. അവക്കു പട്ടിണിയും പാട്ടമായി കഴിയണമെന്നായപ്പോറം, ആ നിസ്സഹായയായ വിധവ, അന്നു മൂന്നു വയസ്സു പ്രായമായിരുന്ന ഈ ജാനുവിനേയുംകൊണ്ടു നാടുവിട്ടു. അവർ തെണ്ടിത്തെണ്ടി മധുരയിലെത്തി. അവിടെ ഒരു ധനാഢ്യൻെറ കണ്ണിൽപ്പെട്ട ആ സ്ത്രീ ആ മനുഷ്യൻേറതായി. അയാറംക്കു് ഈ സ്ത്രീ എന്നുവെച്ചാൽ, ഭൂലോകത്തിലെ ഐശ്വര്യങ്ങളെ

ല്ലാം കൂടിയതായിരുന്നു. പക്ഷേ, ആ സ്ത്രീയുടെ പക്കലുള്ള യൌവ്വനസമ്പത്തു ക്ഷയിച്ചപ്പോഠം മുതലാളിയുടെ കണ്ണു മിഴിയാതായിത്തുടങ്ങി. ലാഭത്തിന്നു കച്ചവടംചെയ്യുന്ന ആ ധനികന്നു് അവഠം ഒരു നഷ്ടച്ചരക്കായിത്തീൎന്നു. അയാഠം ആ സാധുസ്ത്രീയെ വലിച്ചെറിഞ്ഞു. അന്നുമുതല്ക്കു മകളേയും തന്നേയും പുലത്തണമെങ്കിൽ ഈ തൊഴിലെടുക്കുകയേ ഗതിയുള്ളുവെന്നു വന്നു. അങ്ങിനെ സ്വന്തം ചാരിത്രം വിററിട്ടും തന്നെ സംരക്ഷിച്ച ആ പ്രിയപ്പെട്ട അമ്മയെ, അവരുടെ വാദ്ധക്യകാലത്തു പോററിപ്പോരാൻ ഒരു മകഠം എന്തുതന്നെ ചെയ്യില്ല! അവഠം അവമാനത്തെ തൃണവൽ ഗണിച്ചു. ഓരോ പുരുഷനെ കണ്ണിട്ടു വിളിയ്ക്കുമ്പോഴും അവളുടെ ഹൃദയത്തിൻെറ മമ്മസ്ഥാനങ്ങളിൽ ഒരു കിടിലമുണ്ടാകും. ഓരോ പുരുഷൻ അവളെ സമീപിയ്ക്കുമ്പോഴും അവഠം നഖശിഖാന്തം നടുക്കംകൊള്ളും. ഇങ്ങിനെ ഒന്നുരണ്ടുകൊല്ലമായി അവളീത്തൊഴിൽ തുടൎന്നുപോരുന്നു. ഇത്രയെല്ലാം തഴക്കം ചെന്നിട്ടും, ഏതോ ഒരുൽകൃഷ്ടതാബോധം, അവളെ ഈ കെട്ട തൊഴിലിൽനിന്നു വിലക്കാറുണ്ടു്. പക്ഷേ, എന്തു ചെയ്യും? നേരം പുലൎന്നാൽ അവഠം മനസ്സു കൊണ്ടുറയ്ക്കും, ശപഥം ചെയ്യും, ഇന്നു മുതൽ ഇതിന്നൊരു മെെടില്ലെന്നു്. പക്ഷേ, സൂൎയ്യൻ അസ്തമിയ്ക്കുന്നതോടൊപ്പം അവളുടെ ശപഥങ്ങളും പോയി മറയും.

ഇന്നും അവഠം പതിവുപോലെ വിടന്മാരെ ആകൎഷിയ്ക്കാൻവേണ്ടി നിറുത്തപ്പെട്ടിരിയ്ക്കുകയാണു്. ഓരോ പുരുഷസ്വരൂപം കടന്നുപോകുമ്പോഴും, അവഠം തൻെറ മോഹനമായ കൺകോണേറിൽ ഒന്നെടുത്തു പ്രയോഗിയ്ക്കണം.

ഓരോ പാഴ്മോന്തയ്ക്കും അവൾ ഒരു മയക്കപ്പുഞ്ചിരി സമ്മാനിയ്ക്കണം. എന്നാൽ, ആ ഓരോ പുഞ്ചിരിയുടെ പിന്നിലും ഒളിഞ്ഞുനിന്നിരുന്ന ആ കദനഭാരം, ആ അവമാനം, ആ നൈരാശ്യം, ആ ഭൂലോകവൈരാഗ്യം!—ഹാ, അവളുടെ അധരങ്ങളിൽ ന്യത്തംവെയ്ക്കാറുള്ള ആ ലഘുസ്മിതത്തിൻെറ പിന്നിൽ എന്തെന്തു ഘോരസത്വങ്ങൾതന്നെ സ്വയം മറഞ്ഞുനിന്നിരുന്നില്ല! ആ മുഖക്കണ്ണാടികളിൽ നിഴലിച്ചുകാണാറുള്ള തൻെറ മനോഹരമായ ബീഭത്സരൂപം കണ്ടു് അവൾ നടുങ്ങി.

“ഹാ, ഞാനെന്തു കെട്ടതൊഴിലാണു് ആചരിയ്ക്കുന്നതു്? സ്ത്രീകൾ ചാരിത്രവതികളായിരിയ്ക്കണമെന്നു പുരുഷന്മാർതന്നെ ശാസിയ്ക്കുന്നുണ്ടു്. എന്നിട്ടെന്താണു് അവർതന്നെ അതിന്നു വിരുദ്ധമായി പ്രവൎത്തിയ്ക്കാൻ? വയറുപിഴപ്പിന്നുവേണ്ടി ഒരാൾക്കു് ഇത്തരം നികൃഷ്ടത്തൊഴിൽ ചെയ്യേണ്ടിവരിക എന്നുവന്നാൽ എത്ര കഷ്ടമാണു്? ഇല്ല, ഞാനെന്തുവന്നാലും ഇന്നത്തോടുകൂടി ഇതവസാനിപ്പിയ്ക്കുകയായി. പട്ടിണികിടന്നു ചത്തോട്ടെ........ പക്ഷേ, അമ്മയോ?—വയ്യ, അമ്മയ്ക്കുവേണ്ടിയായാലും ഈ നീചത്തൊഴിലിന്നു വഴങ്ങിനില്ക്കുക പ്രയാസമാണു്. പട്ടിണികിടന്നാൽ വേഗം ജീവനൊടുങ്ങിക്കൊള്ളും. പിന്നെ മനസ്സും ദേഹവും ഒരുപോലെ ചുളുചുളെക്കുത്തുന്ന ഈ കെട്ട വേലയ്ക്കു നില്ക്കുകയും വേണ്ടല്ലോ. ഓരോ രാത്രിയും പുലരില്ലെന്നവിധം, അത്ര വശംകെട്ടുപോകുന്നു ഞാൻ. എന്നിട്ടെന്താണു്? ഒരൊററ വിഷയലമ്പടന്നുണ്ടോ, എന്നോടിത്തിരി കനിവു്? അവക്കു് അവരുടെ

കാമപൂർത്തിവരണം—അതിന്ന് എൻെറ ഓരോ സിരയും തളൎന്നു കഴിഞ്ഞുപോകുന്നതുവരെ ഞാനവൎക്ക് വഴങ്ങിനി ന്നില്ലെങ്കിൽ അന്നു ചെമ്പുതുട്ടൊന്നുമില്ല. ഇതാരോടുപ- റയും? എങ്ങിനെ പറയും? പറഞ്ഞിട്ടെന്താണ്? ഒരു പുരുഷൻ എന്നെ സ്നേഹിയ്ക്കാനുണ്ടെങ്കിൽ ഇങ്ങിനെ സം- ഭവിയ്ക്കുമോ?"

ഇങ്ങിനെ ആ സാധുബാലിക വിവിധവികാരങ്ങ ളുടെ കുട്ടത്തല്ലിൽ നിന്നു തടവഭ്യസിയ്ക്കുമ്പോഴ് അവളുടെ പതിവുകാരിയായ പൂക്കാരി ഉമ്മറത്തെത്തി ഇങ്ങിനെ ചോദിച്ചു: "എന്നാ, പെരിയ ദുക്കത്തിലാണ്ടിരിക്കയോ; പൂ വേണ്ടാമാ?" ജാനു നിരുത്സാഹയായി ഒന്നു രണ്ടു മാ ലയും കുറെ പൂവും മേടിച്ചു. പൂക്കാരി വില വാങ്ങി ഇ റങ്ങി. ജാനു ആ ജേമന്തിമാല തൻെറ തലയിൽ ചു റ്റിവെച്ചു. എന്നിട്ട് മല്ലികപ്പൂമാല മണത്തുകൊണ്ട് തെരുവിലേയ്ക്കൊന്നു കണ്ണെറിഞ്ഞു. പെട്ടെന്ന് അവളു ടെ ശ്രദ്ധ ആ വഴിയേ പോയിരുന്ന ഒരു യുവാവിൽച്ചെ ന്നു പതിഞ്ഞു. ആയാൾ ആ തെരുവിന്നു തികച്ചും അ പരിചിതനാണെന്ന് അയാളുടെ മുഖഭാവത്തിൽനിന്നു തന്നെ മനസ്സിലാക്കാം. സുമുഖനായ ആ ചെറുപ്പക്കാ രൻ ഒരു കുലീനനാണെന്ന് ആരും പറയും. ദീൎഘകാ ലമായി അനുഭവപ്പെട്ട കഷ്ടപ്പാടുകളും നിരന്തരമായുണ്ടാ യ അലച്ചിലും ആ ദേഹത്തിന്നു വല്ലാത്ത വാട്ടം തട്ടിച്ചി ട്ടുണ്ട്. അയാൾ പരസ്പരാഭിമുഖമായി നില്ക്കുന്ന ഓരോ വീട്ടിൻെറ ഉമ്മറത്തേയ്ക്കും, പരിഭ്രമവും സങ്കോചവും കല ൎന്ന നോട്ടമയച്ചുകൊണ്ട് മന്ദംമന്ദം നടക്കുകയാണ്.

ഓരോ വീടിനുമ്മറത്തും ഓരോ സ്ത്രീ വേഷമണിഞ്ഞുകൊണ്ടു നില്ക്കുക—അതോ, ആരുടെയോ വരവു കാത്തുംകൊണ്ടും!

"ഇതെന്താണിത്? ഈ തെരുവു മര്യാദക്കാരുടെ പാദസ്പർശമേല്ക്കാതെ കിടക്കുന്നപോലെ തോന്നുന്നു. ഛേ, ഞാൻ ഇതിലെ വന്നതു നന്നായില്ല. തിരിച്ചുപോയ്ക്കളയാം." അയാൾ ഇടംപുറമില്ലാതെ തിരിഞ്ഞു പിന്നോക്കം നടക്കാൻ തുടങ്ങി. പെട്ടെന്നു ജാനുവിൻെറ ഉമ്മറത്തുനിന്നിറങ്ങി വന്നിരുന്ന ആ പൂക്കാരിയുടെ മേൽ ചെന്ന് ഒരു മുട്ടുമുട്ടി. അവൾ ശുണ്ഠി എടുക്കുമെന്നായിരുന്നു അയാൾ കരുതിയത്. അവൾ ശൃംഗാരനാട്യത്തോടെ അയാളുടെ നേർക്ക് ഇങ്ങിനെ ചില വാക്യങ്ങളെടുത്തിട്ടു: "എന്നയ്യാ! ഇങ്കേത്താൻ കോലാമേ! അമ്മാ എതിർപാത്തുതാനേ നില്ക്കുറേൻ! എനക്ക് അന്ത വേല തിരിയാത്". ആ പൂക്കാരി ജാനുവിനെ ചൂണ്ടിക്കാണിച്ച് ഒരു വിജയഭാവം കലന്ന കുണുങ്ങലോടുകൂടി ക്ഷണത്തിൽ നടന്നു കളഞ്ഞു. ആയാളുടെ ദൃഷ്ടി അശ്രദ്ധയായി ജാനുവിൻെറ മേൽ വീണു. ജാനു വിട്ടില്ല. അവൾ തൻെറ അസ്ത്രം ഒന്നു തൊടുത്ത് അയാളുടെ നേർക്കെയ്തു. അതേവരെയുണ്ടായ ചിന്തയുടെ തീക്ഷ്ണാധിക്യത്താൽ വരണ്ടുപോയ തൻെറ അധരങ്ങൾ നനച്ച് അവൾ ഒന്നു മന്ദഹസിച്ചു. ആ മനുഷ്യന്ന് അപ്പോഴേ തികച്ചും കാര്യം മനസ്സിലായുള്ളു.

ആ ചെറുപ്പക്കാരനെ ഒരെന്തെന്നില്ലാത്ത വികാരവിക്ഷോഭം പിടികൂടി. അയാൾ മുഖം തിരിച്ചു. പക്ഷേ

അയാഠം മുഖം തിരിച്ചേടത്തുനിന്നും ഇതേ അനുഭവംതന്നെയുണ്ടായി. ആ സാധുമനുഷ്യൻെറ മേൽ ഒരു പത്തുചൂണ്ടൽ ഒന്നിച്ചു വന്നുവീണു. അയാഠം ഗത്യന്തരമില്ലാതെ കീഴ്പ്പോട്ടു നോക്കി ഒരു ഞൊടിയിട അങ്ങിനെ നിന്നു.

"ഇതെന്തു മാരണമാണ്? ഞാനുണ്ടോ ഇതറിഞ്ഞു?" അയാഠം ഇതികർത്തവ്യതാമൂഢനായി.

പതിനെട്ടു കൊല്ലമായി അയാഠം നാടുവിട്ടിട്ട്. പതിനെട്ടു കൊല്ലം!—അയാളെങ്ങിനെ ജീവിച്ചു? ഇന്നത്തെ സമുദായഘടനയുടെ ക്രൂരവിനോദമാണത്.

ഏകപുത്രനായ അയാളെ പഠിപ്പിയ്ക്കാൻവേണ്ടി അച്ഛനമ്മമാർ സർവ്വസ്വവും വിററു. തൻെറ പഠിപ്പു കഴിഞ്ഞാൽ അവരെ സംരക്ഷിച്ചുപോരാൻ സാധിയ്ക്കുമെന്നുള്ള വ്യാമോഹവുംവെച്ചാണ് അയാളും അവരുടെ ഉദ്ദേശത്തിന്നു വഴിപ്പെട്ടത്. പഠിപ്പുകഴിഞ്ഞ് ഒരു കൊല്ലം അയാഠം നാട്ടിൽ ജോലിയ്ക്കു നടന്നു ശ്രമിച്ചു; ഫലമുണ്ടായില്ല. ഒടുവിൽ ഗതിമുട്ടി, ബി. എ. പാസ്സായ ആ ചെറുപ്പക്കാരൻ തൻെറ സർട്ടിഫിക്കററുംകൊണ്ടു നാടുവിട്ടുപോയി. അയാഠം ഇന്ത്യയിലെവിടെയും ഇനി എത്താതെയില്ല. അനുകമ്പയുടെ എത്ര കണ്ണീർക്കണങ്ങളാണ് ആ ബിരുദപത്രത്തെ മലിനമാക്കിക്കളഞ്ഞിട്ടുള്ളത്! എത്ര കമ്പനിമാനേജർമാരുടെ കരുണാദൃഷ്ടികഠം, എത്ര ഗവമ്മേണ്ടധികൃതന്മാരുടെ ദയാകടാക്ഷങ്ങഠം, എത്ര ദേശപ്രമാണികളുടെ സദയവീക്ഷണങ്ങഠം ആ സർട്ടിഫിക്കററിൽ തറഞ്ഞുകിടക്കുന്നുണ്ടെന്നോ? എന്തായിട്ടും അയാഠംക്ക് ഒരുദ്യോഗം കിട്ടുകയുണ്ടായില്ല!

പഠിയ്ക്കുന്ന കാലത്തേ അയാഠംക്കൊരു കൂട്ടുകാരിയു ണ്ടായിരുന്നു. അവരന്യോന്യം ഹൃദയം കൈമാറി. ഈ ഹൃദയക്കൈമാററം, അയാളുടെ പ്രേമഭാജനത്തിൻെറ അ ച്ഛനമ്മമാർ ശരിവെച്ചില്ല. കാരണം, ഈ ചെറുപ്പക്കാ രൻ ക്രമേണ ദരിദ്രനായിത്തീൎന്നു. ദാരിദ്ര്യം അനുരാഗ ത്തിൻെറ ദർബാറുടുപ്പ് എടുത്തിടുകയോ? "ഹൃദയം കൈമാറിയെങ്കിൽ തിരിയെ മേടിയ്ക്കു", ആ കുട്ടിയുടെ രക്ഷിതാക്കന്മാർ ശാസിച്ചു—അതേ, അവർ മററുള്ളവക്കു 'സന്ധ്യവാസ്സു' കൊടുക്കുന്നതു തിരിച്ചുവാങ്ങുന്നപോലെ. എ ന്തിന്; ആ ഭക്തൻെറ ആരാധനാദേവി മററൊരാളുടേ തായി. ആ യുവാവോ?—അതിനെപ്പററി ആൎക്കറിയണം? അങ്ങിനെ ജീവിതത്തിൻെറ രണ്ടു പ്രധാന തുറകളിൽ ച്ചെന്നു ഗതിമുട്ടി കമിഴ്ന്നടിച്ചുവിണ്ണ ആ സാധു നൈ രാശ്യങ്ങളുടെ ഒരിരട്ടമരണം അനുഭവിയ്ക്കാൻ തുടങ്ങിയി ട്ട് കാലം കുറെയായി. എന്തിനുവേണ്ടി, സ്വന്തം മാ താപിതാക്കന്മാരെ നിരാലംബരാക്കി സൎവ്വസ്വവും വിററു പഠിച്ചുവോ, ആ ഉദ്യോഗം അയാളെ തിരിഞ്ഞുനോക്കി യില്ല. ആൎക്കുവേണ്ടി തൻെറ ഹൃദയംകൂടി തിരുമുൽക്കാ ഴ്ച വെച്ചുവോ ആ ദേവിയും തന്നെ പ്രസാദിച്ചില്ല!

അയാഠംക്ക് ജാനുവിൻെറ ആ നോട്ടത്തിൽ വല്ലാ ത്ത വെറുപ്പുണ്ടായി; ശരിതന്നെ. എങ്കിലും ഭൂതകാല ത്തിൻെറ ഏതോ ഒരു മോഹനസ്മരണ അയാളിൽ ഉ ണൎത്തിവിടാൻ അതു പൎയ്യാപ്തമായി. അയാളെ ഒരു വൈവശ്യം ബാധിച്ചു. മൎയ്യാദ എത്രതന്നെ വിലക്കിയി ട്ടും അയാഠംക്ക് അവളെ ഒന്നുകൂടി നോക്കാതിരിയ്ക്കാൻ

കഴിഞ്ഞില്ല. അയാഠം മുഖം തെല്ലൊന്നുയത്തി വീണ്ടും നോക്കി. ഗ്രഹപ്പിഴേ, അവളുടെ നില്പും അതു കാത്തുതന്നെയായിരുന്നു. അവരുടെ നോട്ടങ്ങഠം തമ്മിലിടഞ്ഞു. ജാനുവിന്നും ഒരന്തക്ഷോഭമുണ്ടായി. അവഠംക്ക്, ആ യുവാവിനോട്, വിശേഷിച്ചും മലയാളിയായ ആ ചെറുപ്പക്കാരനോട്, ഒരു സവിശേഷപ്രതിപത്തി തോന്നി. വേശ്യാത്വത്തിന്നു തികച്ചും അപരിചിതമായ ഒരു കോമളവികാരം അവളെ ശിഥിലയാക്കി.

അയാഠം വീണ്ടും സംഭ്രമലജ്ജാസമന്വിതനായി തല കുനിച്ചു; വീണ്ടും മുഖമുയത്തി. ജാനു ഇത്തവണ എല്ലാ കാമാസ്ത്രങ്ങളും ഒന്നിച്ചു തൊടുത്തെയ്തു.

"ഇതു ന്യായമാണോ? ഛേ, ഞാനെന്തു കൊള്ളരുതാത്തവനാണ്?" ആയാഠം മുമ്പോട്ടു നടന്നു. ജാനുവിൻെറ വീട്ടുമ്മറം വിട്ട് അയാഠം മുമ്പോട്ടു നടക്കാൻ തുടങ്ങിയപ്പോഠം അടുത്തുള്ള സ്ത്രീകഠം ജാനുവിനെ ഉള്ളുകൊണ്ടു പരിഹസിച്ചു. അവർ തങ്ങളുടെ നോട്ടങ്ങഠംക്കു മൂച്ചവരുത്തി, അയാളുടെ നേക്ക് ചാട്ടിത്തുടങ്ങി. മുമ്പോട്ടു നടക്കാൻ തുടങ്ങിയെങ്കിലും, ജാനുവിനെ ഒന്നുകൂടി നോക്കാതിരിയ്ക്കാൻ അന്തശ്ചോദനം അയാളെ അനുവദിച്ചില്ല. അയാഠം അവളെ നിർന്നിമേഷാക്ഷനായി ഒരിയ്ക്കൽക്കൂടി നോക്കി. ഇത്തവണ അവഠം വിജയം നേടി. ആ അവിവാഹിതൻ ആ നാട്യലഹരിയിൽപ്പെട്ടുപോയി.

"അല്ലെങ്കിൽ അവിടെ പോയി അവളോടു ഒന്നു സംസാരിച്ചാലെന്താണ്? ഇവരുടെ ജീവിതത്തെപ്പററി

യും ഒന്നറിയാമല്ലോ. ഞാൻ തന്റേടം വിടാതെ പെരു മാറണം.” അയാൾ തിരിഞ്ഞും മറിഞ്ഞും നോക്കാതെ ജാനുവിന്റെ പാപ്പിടത്തിലേയ്ക്ക് കയറി. ജാനു ഒരു പുഞ്ചിരിയാൽ അയാൾക്ക് സ്വാഗതമരുളി. അയാൾ നേരേ അകത്തേയ്ക്കു കടന്നുകൂടി. ജാനു അയാളെയുംകൊണ്ട് മണിമച്ചിലേയ്ക്ക് പ്രവേശിച്ചു. അവൾ അയാളുടെ കൈ പിടിച്ചു ചോദിച്ചു: “കുറച്ചു ചായ ഉണ്ടാക്കട്ടെ?”

ഒരു സ്ത്രീ തന്റെ കൈ കടന്നു പിടിച്ചപ്പോൾ അയാളുടെ ശരീരത്തിലാകെ ഒരു തീ പടൎന്നു പിടിച്ചു; അവൾ മലബാറുകാരിയും കൂടിയാണെന്നായപ്പോൾ അത്യുപൂൎവ്വാധികം ആളിക്കത്തി. സുഗന്ധദ്രവ്യങ്ങളെക്കൊണ്ടും ധൂപക്രിയകളെക്കൊണ്ടും സുരഭിലമാക്കപ്പെട്ടിരുന്ന ആ സമലങ്കൃതമായ മച്ചിന്നകം ആ മനുഷ്യനെ വീൎപ്പുമുട്ടിച്ചു. ആ സൌരഭ്യത്തെ തുളച്ചുകടന്നെത്തിയ ഒരാഭ്യന്തരമായ കെട്ടമണം അയാളുടെ ആത്മാവിന്റെ നെല്ലിപ്പടിയോളം ഊളിയിട്ടുചെന്നു. അയാൾ കൈ കുതറി വിടുവിച്ചു വാതില്ക്കലെയ്ക്ക് നടക്കാൻ ശ്രമിച്ചു.

“ചായ വേണ്ട. കൈ വിടൂ.......” അയാൾ കിതച്ചുകൊണ്ടു പറഞ്ഞൊപ്പിച്ചു.

ജാനു വികാരഭരിതയെങ്കിലും സൌമ്യഭാവത്തിൽ പ്രത്യുത്തരം കൊടുത്തു: “എന്നെ പേടിച്ചോടുവാൻ ഞാൻ രാക്ഷസിയൊന്നുമല്ല. ഞാനും ഒരു മനുഷ്യസ്ത്രീയാണ്. എനിയ്ക്കും ഒരു ഹൃദയമുണ്ട്. പക്ഷെ ദാരിദ്ര്യം എന്നെ മാനമായി ജീവിയ്ക്കാൻ സമ്മതിയ്ക്കുന്നില്ല. ഒരു പുരുഷൻ എന്നെ സ്നേഹിയ്ക്കാനും, എന്നെ നോക്കാനുമുണ്ടെങ്കിൽ

ഇത്ര നികൃഷ്ടമായ ഒരു ജീവിതം നയിയ്ക്കേണ്ടിയിരുന്നില്ല, എനിയ്ക്ക്—അറിയാമോ?"

ജാനു ഈപ്പറഞ്ഞതു മുഴുവനും അയാഠം കേട്ടുവോ എന്നുതന്നെ സംശയമാണ്. അയാളപ്പോഴും തൻെറ മനസ്സാക്ഷിയുമായി മല്ലടിയ്ക്കുകയായിരുന്നു. ജാനു വീണ്ടും തുടങ്ങി: "നിങ്ങഠംക്ക് എന്നോടിത്തിരി അലിവുണ്ടെങ്കിൽ എന്നെ വിട്ടുപോയ്ക്കയല്ല വേണ്ടത്. എന്നെ സ്നേഹിയ്ക്കൂ. എന്നെ രക്ഷിയ്ക്കൂ. എനിയ്ക്കു മാനമായി ജീവിയ്ക്കണമെന്നില്ലായ്കയല്ല. പുരുഷൻതന്നെയല്ലേ സ്ത്രീയെ ഇതിന്നു പ്രേരിപ്പിയ്ക്കുന്നത്?...............എന്നെ രക്ഷിയ്ക്കണമെന്നു നിങ്ങഠംക്കാഗ്രഹമുണ്ടെങ്കിൽ എന്നെ സ്നേഹിയ്ക്കൂ..........." ജാനു അയാളുടെ തോളിലേയ്ക്കു മുഖം ചാച്ചു.

അയാഠംക്കു നഖശിഖാന്തം ഒരു മോഹാലസ്യം ബാധിച്ചതുപോലെയായി. ഒരു വല്ലാത്ത ദാഹം അയാളുടെ വായ വരട്ടിക്കളഞ്ഞു. അയാഠംക്കവിടെ നിന്ന് ഓടി രക്ഷപ്പെട്ടാൽ മതി എന്നായി. പക്ഷെ തൻെറ നിസ്സഹായസ്ഥിതിയെക്കുറിച്ച് അയാഠംക്ക് ബോധ്യപ്പെട്ടു തുടങ്ങി. അയാളും മനുഷ്യനല്ലേ? എങ്കിലും, അതൊരു വേശ്യാലയമാണെന്നും, തൻെറ കയ്യിൽ കാശില്ലെന്നുമുള്ള രണ്ടു ഭയങ്കരവാസ്തവങ്ങഠം അയാളെ പിന്നേയും പുറത്തേയ്ക്കാട്ടിപ്പായിയ്ക്കാൻ നോക്കി. അയാഠം, സങ്കോചത്തോടുകൂടിയല്ലാതെയല്ല, പറഞ്ഞു ഒഴിഞ്ഞുകളയാമെന്നുറച്ചു.

ജാനു നിസ്സാരഭാവത്തിൽ പുരികമൊന്നു ചുളുക്കി, യൌവ്വനത്തിളപ്പിൻേറതായ വികാരച്ചൂടു മുഴുവൻ കല

ന്നതും, ഇതുവരെ തനിയ്ക്കാരിലും ഹൃദയംഗമമായി സമർപ്പിയ്ക്കാൻ കഴിയാത്തതുമായ ഒരു ചുംബനം ആ അവിവാഹിതൻെറ ചുണ്ടുകളിലപ്പിച്ചു.

“ഞാനിന്നാണ് വാസ്തവത്തിൽ ജീവിയ്ക്കുന്നത്; നിങ്ങൾക്കറിയാമോ?” ജാനു അനിവാര്യമായ ആനന്ദാനുഭൂതിയോടെ ഇടറിപ്പറഞ്ഞു. അയാളുടെ എല്ലാ ആലോചനകളും കഴഞ്ഞു. അയാൾ ജാനുവിനെ കെട്ടിപ്പുണന്നു.

കുറെ കഴിഞ്ഞപ്പോൾ വാതിൽ തുറക്കപ്പെട്ടു. അമ്മ വാതില്ക്കൽ ചെന്നുനിന്നു. ആ സ്ത്രീ വിളക്കു പൊക്കിപ്പിടിച്ച് അയാളുടെ നേക്കു കൈനീട്ടി. പെട്ടെന്ന് ആ സ്ത്രീയുടെ കണ്ണിലെ ഭാവം പകന്നപോലെ തോന്നി. അവരുടെ ദൃഷ്ടികൾ വട്ടംവെച്ചു; അതു മിന്നിത്തിളങ്ങി; നിറം മങ്ങി; വീണ്ടും മിന്നി.

അയാളും സംഭ്രമിച്ചു.

“ഇതാരാണിത്? ഇത്.......ഇത്............” എന്നിങ്ങിനെ അയാൾ സംശയങ്ങളുടെ ഹിമസഞ്ചയപ്പരപ്പിലൂടെ മനസ്സിനെ പിടിച്ചുനടത്താൻ തുടങ്ങിയപ്പോഴയ്ക്കും, ആ സ്ത്രീ ആ ചെറുപ്പക്കാരനെ ആപാദമസ്തകം ഒരിയ്ക്കൽക്കൂടി നോക്കി.

അതേ കണ്ണ്, അതേ മൂക്ക്, അതേ തല ചീകൽ, അതേ തലയെടുപ്പ്, അതേ നില്പ്! ഒന്നുമാത്രം: കുറച്ചു നെടുപ്പം കൂടിയിട്ടുണ്ട്. അതേ, ഒരു പതിനെട്ടു കൊല്ലക്കാലത്തെ വളച്ച—തൽക്ഷണം ആ മാതൃഹൃദയത്തിൽ ഒരു സംശയപരിച്ഛേദമുണ്ടായി.

അവരുടെ സർവ്വ നാഡികളും തളർന്നു. അയാറം ഒരക്ഷരവും മിണ്ടാനാളല്ലാതെ അവരെ താങ്ങിപ്പിടിച്ച് ആ കട്ടിലിൽ ചെന്നിരുന്നു.

'അമ്മേ' എന്ന സഗദ്ഗദമായ ഒരു വിളി പുറത്തേയ്ക്കു വരാൻ ധൈര്യപ്പെടാതെ അയാളുടെ കണ്ഠത്തിൽ കിടന്നു തലയിട്ടടിച്ചു സ്വയം നാശമടഞ്ഞു.

ജാനുവിന്ന് ഒന്നും മനസ്സിലായില്ല—എങ്കിലും ആ മനസ്സിലാവായയിലും അവളുടെ ആത്മാവുനിന്നു ചൂളിയിരുന്നു.

---

# പുതിയ പ്ലാൻ

ഈ രാജ്യത്തിന്റെ മുഴുവൻ 'അന്നദാതാ'വായ ആ ബഹുമാനപ്പെട്ട ഭക്ഷ്യമന്ത്രി അസ്വസ്ഥനായി തന്റെ വിശാലമായ സന്ദർശനമുറിയിൽ അങ്ങോട്ടുമിങ്ങോട്ടും നടക്കുകയാണ്. അയാളുടെകണ്ണുകൾ അന്നുവന്ന ഏതോ ഇംഗ്ലീഷുപത്രത്തിന്റെ ഒരു കോളത്തിൽത്തന്നെ തഞ്ഞു നില്ക്കുന്നുമുണ്ട്. എത്ര പണിപ്പെട്ടിട്ടും അതിളകാൻ കൂട്ടാക്കുന്നില്ല. ആ കണ്ണുകൾ കാണെക്കാണെ ചുവന്നുവരുന്നതായി തോന്നി. ഒടുവിൽ അതിൽ രൌദ്രം നിന്നു താണ്ഡവനൃത്തം ചവിട്ടുകയായി! "റാസ്കൽസ്—ഗട്ടർപ്പത്രങ്ങൾ!" അയാൾ ആ പത്രം മുറിയിൽ കിടക്കുന്ന നെടുനീളൻ മേശമേലെയ്ക്കു് ഒരേറെറിഞ്ഞു. കടലാസ്സ് കരണം കുത്തി ആ മേശമേലും അവിടെ നിന്നു ചുവട്ടിലും ചെന്നു വീണു. അയാളുടെ കണ്ണിൽ നിന്നു നൃത്തം ചവിട്ടിയിരുന്ന ആ കോപഭാവം അക്ഷരങ്ങളിലൂടെ ഇങ്ങിനെ പുറത്തു ചാടാൻ തുടങ്ങി:—"ഭക്ഷണക്ഷാമം, ഭക്ഷണക്ഷാമം!—പ

ട്ടിണിമരണം!" ഈ പത്രങ്ങൾക്കു വേറെ യാതൊന്നിനെ പ്പററിയും എഴുതാനില്ല! പട്ടിണി കിടന്നു ആളുകൾ മരിയ്ക്കുകയാണത്രേ, ബീഹാറിൽ!..............."

"സ്റ്റുപ്പിഡ് റാസ്കൾസ് — ഈ പത്രറിപ്പോർട്ടർമാരെ കൊണ്ടുള്ള ഉപദ്രവം! പട്ടിണികൊണ്ടു മരിയ്ക്കുകയാണത്രേ ആളുകൾ! രണ്ടോ നാലോ ദിവസം പട്ടിണി കിടന്നാൽ തന്നെ ആരെങ്കിലും മരിയ്ക്കുമോ? എന്നാൽ ഈ കമ്മ്യൂണിസ്റ്റുകൾ എത്ര എണ്ണം ജയിലിൽ കിടന്നു ചാകണം? അവ രായൊന്നെങ്കിലും പട്ടിണി കിടന്നു ചത്തില്ലല്ലോ—പട്ടിണിമരണമാണത്രേ...."

ഈ നാട്ടിൽ ഭക്ഷണക്ഷാമമില്ലെന്ന് ഏതു കോടതിയിലും തെളിവുകൊടുക്കാൻ ആ സ്ഥൂലിച്ച ശരീരത്തിലെ ഓരോ അംഗവും 'ഞാൻ മുമ്പെ, ഞാൻ മുമ്പെ' എന്ന ഭാവം പൂണ്ടങ്ങിനെ നില്ക്കുന്നപോലെ തോന്നി!........

"എന്തായാലും ഇതിന്നു താല്ക്കാലികമായിട്ടെങ്കിലും ഒരു പ്രതിവിധി കണ്ടുപിടിയ്ക്കാതെ എനിയ്ക്കു രക്ഷയില്ല. ചുമ്മാ കയ്യും കെട്ടിയിരുന്നാൽ എന്നെ പിന്താങ്ങുന്നവർ പോലും എന്നെ പഴിയ്ക്കാൻ തുടങ്ങും. അതിനാൽ ഒരു പ്ലാൻ ഉണ്ടാക്കിയേ തീരു...."

അയാൾ ആലോചിയ്ക്കാൻ തുടങ്ങി:—

"ആ വനമഹോത്സവം എത്ര കുറിയ്ക്കുകൊണ്ടു! അതിൻെറ പേരിൽ മാസം മൂന്നുനാലങ്ങിനെ കഴിഞ്ഞു-അതുപോലെ ഒന്നുണ്ടാക്കിയാൽ മൂന്നുനാലുമാസം അതിൻെറ പേരിലും അങ്ങിനെ കഴിയാം! ഈ പൊതുജനമെന്ന ശുദ്ധാത്മാക്കളെ പിടിച്ചു നിത്തണമെങ്കിൽ അല്ലാതൊരു

വഴിയുമില്ല. അല്ലെങ്കിൽ നാട്ടിൽ നെല്ലും ഗോതമ്പും വേണ്ടത്ര വിളയാത്തതു എൻെറ കുററമാണോ? മഴ പിഴച്ചുപോയതു ഞങ്ങളുടെ കഴിവുകേടിൻെറ ദൃഷ്ടാന്തമാണോ? ഗാന്ധിജിതന്നെ മുമ്പൊരിയ്ക്കൽ പറഞ്ഞതപോലെ, ജനങ്ങളുടെ പാപഭാരംകൊണ്ടു കാലക്കേടു വരുന്നതിൽ ഞങ്ങളെന്തു പിഴച്ചു? വിള ഉണങ്ങിയതിന്നും കുററം കോൺഗ്രസ്സ്ഗവമ്മെണ്ടിന്നു്! ഇഷ്ടമില്ലാത്ത കുട്ടി തൊട്ടതൊക്കെ കുററം." അതിലെ ഫലിതം സ്വയം ആസ്വദിച്ചു് വീണ്ടും അയാഠം ആദ്യത്തേക്കാഠം വേഗത്തിൽ നടത്തം തുടന്നു. അയാളുടെ തലയ്ക്കുമീതെ അതിവേഗം നിന്നു തിരിഞ്ഞിരുന്ന വൈദ്യുതപ്പങ്കയ്ക്കും, ഒരു പ്ലാനിന്നുവേണ്ടി പുകഞ്ഞുകൊണ്ടിരുന്ന ആ തലയുടെ ചൂടാററാൻ കഴിഞ്ഞില്ല! അയാഠം അപൂവ്വാവസരങ്ങളിൽ മാത്രം മാററിവെയ്ക്കാറുള്ള ഗാന്ധിത്തൊപ്പി ഊരി മേശമേൽവെച്ചു്, രണ്ടു കൈകളും തൻെറ നീളൻ ജൂബ്ബായിലെ കീശകളുടെ അഗാധതയിലെയ്ക്കിറക്കാൻ ആയാസപ്പെട്ടു. താൻ തേടിയിരുന്ന പ്ലാൻ അതിന്നടിയിലാണെന്നു തോന്നുംമട്ടിൽ തൻെറ കുറിയ കയ്യുകഠം, ആ കൈകളുടെ നീളത്തെ നിട്ട്യം വിസ്മരിച്ചു തുന്നിയ ആ ജൂബ്ബായുടെ കീശയിലേയ്ക്കു് വീണ്ടും വീണ്ടും എത്തി വലിഞ്ഞിറങ്ങുന്നപോലെ തോന്നി. "ആ വനമഹോത്സവപ്ലാൻ! ഹാ! അതെത്ര ഭേഷായി? ഞാൻ വളരെ സങ്കോചത്തോടുകൂടിയാണ്' പ്ലാൻ എടുത്തു പുറത്തിട്ടതു്! എന്നാൽ അതു പുറത്തിട്ടപ്പോഠം എന്തു സ്വീകരണമായിരുന്നു അതിന്നു കിട്ടിയതു്; (കൃഷിഡിപ്പാർട്ടുമെണ്ടിൽ, ചെലവില്ലാതെ കിടന്ന നാനാതരം തൈക്കഠം മുഴുവൻ

3*

ചെലവായി: ഗവമ്മേണ്ടിലെയ്ക്കു് അങ്ങിനെ ഒരു വരവ്—നമ്മുടെ സിൽബന്തികഠംക്ക് അതുവഴി കുറെ കാശെല്ലാം കിട്ടി.) കേഠംക്കുന്ന മാത്രയിൽ പത്രങ്ങളും നമ്മുടെ ഭക്തന്മാരും അതെടുത്ത് നാട്ടുകാരുടെ ഇടയിലേയ്ക്കു പറന്നെത്തണം; അതുകൊണ്ടു നാട്ടുകാരുടെ കണ്ണും ചെകിടും അടയ്ക്കണം. അങ്ങിനെ വരുന്ന തിരഞ്ഞെടുപ്പുവരെയെങ്കിലും ചില പൊടിക്കൈകഠം പ്രയോഗിയ്ക്കാഞ്ഞാൽ...........”

അയാളുടെ മുഖം വിളറി. ആ വാചകത്തിൻെറ അസുഖകരവും അരോചകവുമായ അവസാനത്തിൻെറ ചുവ അയാളുടെ നാക്കത്തുനിന്ന് ആത്മാവിലോളം ആണ്ടിറങ്ങിയപോലെ തോന്നി............

വീണ്ടും ആലോചന തുടന്നു.

പെട്ടെന്ന് തലേന്നാളത്തെ പത്രത്തിൽ അയാളുടെ നേതാവ്—ഈ രാജ്യത്തെ പ്രധാനമന്ത്രി—ഒരു ദിക്കിൽ ചെന്നു നാട്ടുകാക്കു കൊടുത്ത ഉപദേശത്തെപ്പററി അയാഠം ക്കോമ്മവന്നു: “ഒരു നേരത്തെ ഭക്ഷണം ഉപേക്ഷിക്കുക!—” ഛേ, അതു പറഞ്ഞാൽ അതിന്നെന്തു ശക്തിയാണുള്ളത്! പ്രധാനമന്ത്രി പറഞ്ഞതുകൊണ്ട് ആളുകഠം തല്ക്കാലം മറുത്തൊന്നും പറഞ്ഞിട്ടുണ്ടാവില്ലായിരിയ്ക്കാം. ഞാനാട്ടെ അത് അത്രയും നഗ്നമായി പറഞ്ഞാൽ, “കടന്നു പോടാ” എന്നു പറയാനും മടിക്കില്ല. ജനങ്ങളെ മിരട്ടാൻ അതിൽ എന്തെങ്കിലും കൂട്ടിച്ചേക്കണം. പത്രക്കാരത് മത്തങ്ങായിലും വെണ്ടയ്ക്കയിലും അങ്ങിനെ അടിച്ചു പരത്തണം അതു കണ്ടാൽ ആരും ഒന്നു പകച്ചുനില്ക്കണം........”

ഉപവാസങ്ങളുടെ അവൎണ്ണനീയമായ നേട്ടങ്ങൾ ഓരോന്നായി ശേഖരിയ്ക്കുവാൻവേണ്ടി അയാൾ പഴയ പുരാണങ്ങളിലേയ്ക്കു് ഒരു ദീൎഘയാത്ര പുറപ്പെട്ടു. ആ സങ്കല്പ വിമാനത്തിൽ ബഹുദൂരം യാത്രചെയ്തപ്പോൾ അയാൾക്കു് ഒരു നല്ല ഉദാഹരണം കിട്ടി. അയാൾ സ്വയം അഭിനന്ദിച്ചു. അയാളുടെ വിഷാദകലുഷിതമായ മുഖം ആഹ്ലാദത്തിൻെറ പൌഡർ പൂശി. ഉടനെ അയാൾ തൻെറ പുസ്തകളമാറി ചെന്നു തുറന്നു: അതിൽനിന്നു സംസ്കൃത പുസ്തകമോരോന്നായി എടുത്തു് പരിശോധിയ്ക്കാൻ തുടങ്ങി. വനമഹോത്സവത്തിന്നു് അയാളെ അത്യന്തം സഹായിച്ച അക്ഷയഭണ്ഡാഗാരമായ ആ സംസ്കൃതസാഹിത്യത്തിൽ അങ്ങോക്കു് അഭംഗുരമായ വിശ്വാസമുണ്ടു്, അയാൾ തപ്പിത്തുടങ്ങി. അതാ വരുന്നു, നമുക്കനേകരണീയനായ "രുഗ്മാംഗദൻ"—ആരുടെ വ്രതനിഷ്ഠയ്ക്കു് ഒരു പോറലേല്പിയ്ക്കാൻ ആ ജഗന്മോഹിനിയായ മോഹിനിയ്ക്കുകൂടി കഴിഞ്ഞില്ലയോ, ആർ വ്രതനിഷ്ഠയെ ഭഞ്ജിയ്ക്കാതിരിയ്ക്കാൻ സ്വന്തം അത്മമകനെക്കൂടി വെട്ടാൻ തെയ്യാറായോ, ആ രുഗ്മാംഗദൻ! മന്ത്രിയ്ക്കു് ആലോചിച്ചു് ആലോചിച്ചു് ഉത്സാഹം കേറി. ഉടനെ രുഗ്മാംഗദനെപ്പററിയുള്ള ആ ഭാഗം മുഴുവൻ ഒരാവൎത്തി വായിച്ചു—"ബലേ, ഈ പ്ലാനൊന്നു പ്രയോഗിയ്ക്കുകതന്നെ."

"ഒരു ഹൈന്ദവരാഷ്ട്രമായ—(ഭൌതികരാഷ്ട്രമാണെന്നു പുറമേയ്ക്കു പറയണമെങ്കിലും കാൎയ്യം മറിച്ചല്ലേ?—ആത്മഗതം)—ഇന്ത്യയിൽ ഇതെടുത്തു പ്രയോഗിച്ചാൽ വിലപ്പോകാതിരിയ്ക്കില്ല; അയാൾ ഉടനെ ഒരു പ്രസംഗം എഴുതിത്തയ്യാറാക്കി:—

"വ്രതങ്ങളുടെ രാജ്യമാണ് ഈ ആഷ്ഭാരതം. വ്രതങ്ങളിൽ നാം കാണിയ്ക്കുന്ന അനാസ്ഥയാണ്, നമ്മുടെ ഈ ദുരിതങ്ങൾക്കു കാരണം. സ്വാതന്ത്ര്യം കിട്ടിയിട്ടും നാം ദുരിതമനുഭവിയ്ക്കുന്നുണ്ടെങ്കിൽ, നാം നമ്മുടെ പൂർവ്വികന്മാരുടെ കാൽപ്പാടുകളിൽനിന്നു് ബഹുദൂരം വിട്ടുമാറിയതുതന്നെയാണ് അതിന്നുള്ള കാരണം. നമുക്ക് ഈശ്വരവിശ്വാസമില്ല, സത്യധർമ്മാദികളിൽ വിശ്വാസമില്ല; ഈശ്വരങ്കലണയ്ക്കുവാൻ ഉതകുന്ന വ്രതങ്ങൾ എല്ലാം നാം കൈവെടിഞ്ഞിരിക്കുന്നു. ഒരു നേരത്തെ ഭക്ഷണമുപേക്ഷിയ്ക്കാൻകൂടി നമുക്ക് ആത്മബലമില്ലാതായിപ്പോയി! നാം വെറും 'സാപ്പാട്ടരാമന്മാരായി! (ഇത്ര്യും എഴുതിയപ്പോൾ താൻ എത്രകണ്ടും ശക്തനാണ് പട്ടിണികിടക്കാനെന്ന ഒരു ചോദ്യം അയാൾ തന്നോടായി ചോദിച്ചു. ഛേ, പ്രസംഗിയ്ക്കുന്നതൊക്കെ പ്രവർത്തിയ്ക്കാനൊക്കുമോ? അയാൾ സ്വയം തിരുത്തി.) അതിനാൽ സത്യത്തിലും ധർമ്മത്തിലും അചഞ്ചലമായ വിശ്വാസത്തോടുകൂടി ആ രുഗ്മാംഗദനെപ്പോലെ ശുദ്ധോപവാസമാണു് ഉത്തമമായിട്ടുള്ളത്. അതു കഴിയാത്തവർ ദിവസത്തിൽ ഒരു നേരമെങ്കിലും അരി, ഗോതമ്പ് മുതലായവകൊണ്ടുള്ള ഭക്ഷണം ഉപേക്ഷിക്കുക. ശുദ്ധോപവാസത്തിന്നു പുറമെ നമുക്ക് തിങ്കളാഴ്ച, ഞായറാഴ്ച, ശനിയാഴ്ച എന്നീ ദിവസങ്ങളിൽ ഒരിയ്ക്കലുണ്ണുന്ന സമ്പ്രദായമുണ്ടായിരുന്നു. ഇന്നു പരിഷ്കാരികളെന്നഭിമാനിച്ചു, അവിടെനിന്നെല്ലാം വളരെയൊക്കെ പുരോഗമിച്ചിരിയ്ക്കുന്നുവെന്നും പറഞ്ഞ്, നാം അതെല്ലാം വേണ്ടെന്നു വെച്ചിരിക്കുന്നു. നമ്മുടെ നാട്ടിലെ സ്ത്രീകൾ, വിശേഷി

ച്ചും അവിവാഹിതകളായ സ്ത്രീകൾ, തിങ്കളാഴ്ച നോൽ ക്കാറുണ്ട്. വേഗത്തിൽ ഭർത്തൃമതികളാവാൻ അത്യന്തമു പകരിക്കുന്ന ആ നോൽമ്പിൽ പാശ്ചാത്യപരിഷ്കാരാക്രമ ണംമൂലം ഇന്നാക്കും വിശ്വാസമില്ലാതായിരിയ്ക്കുന്നു. അവ ൎക്കെല്ലാം അതിനോടു പുച്ഛമാണ്. നിങ്ങൾക്കതിന്റെ ഫലം കാണാനില്ലേ? നമ്മുടെ നാട്ടിലേതുപോലെ ഇത്രയ ധികം അവിവാഹിതകളെ നിങ്ങൾക്ക് മറെറവിടേയും കാണാൻ കഴിയില്ല."

"അത്രമാത്രമോ? ഈ അരിഭക്ഷണം നമ്മുടെ ആ രോഗ്യത്തിനെ എത്ര താറുമാറാക്കുന്നില്ല? 'ഗ്യാസ്ട്ര ബിൾ' അമിതമായ അരിഭക്ഷണംകൊണ്ടാണ് ഉണ്ടാകു ന്നത്. വയർ ആവശ്യമില്ലാതെ വലുതാകുന്നതും ഈ ചോ റു കണ്ടമാനം കുത്തിനിറയ്ക്കുന്നതുകൊണ്ടാണ്. (അയാൾ അയാളുടെ കുമ്പ അറിയാതെ ഒന്നു തടവി നോക്കി) അ തിനാൽ നാട്ടിനേയോ ഗവമ്മേണ്ടിനേയോ സഹായിയ്ക്കാ നല്ല, നിങ്ങളെത്തന്നെ രക്ഷിയ്ക്കാൻവേണ്ടി അരിഭക്ഷണം കഴിയുന്നത്ര ഉപേക്ഷിയ്ക്കണമെന്നാണ് എനിയ്ക്കു നിങ്ങളെ ഉൽബോധിപ്പിയ്ക്കാനുള്ളത്. ഇതെല്ലാം ഓൎത്തിട്ടുകൂടിയാ വണം നമ്മുടെ ബഹുമാനപ്പെട്ട പ്രധാനമന്ത്രി ആഴ്ചയിൽ ഒരു നേരത്തെ ഭക്ഷണം ഉപേക്ഷിയ്ക്കാൻ പറയുന്നത്. അ തിനെ ആദരിച്ച് നമ്മുടെ പ്രധാനമന്ത്രിയുടെ സഹോദ രിയും ഭാരതീയവനിതകളുടെ അഭിമാനസ്തംഭവുമായ അ മേരിക്കൻ അമ്പാസിഡർ വിജയലക്ഷ്മിപണ്ഡിററ് രണ്ടു ദിവസത്തെ റേഷൻ ഉപേക്ഷിച്ചിരിക്കുന്നു. ഈ അവസ രത്തിൽത്തന്നെ നമുക്കെല്ലാം ആരാദ്ധ്യനായ നമ്മുടെ പ്ര

ധാനമന്ത്രിയുടെ ഒരെളിയ അനുയായിയായ ഞാൻ ഈ ആഴ്ച മുതൽക്ക് മൂന്നു ദിവസത്തെ റേഷൻ വേണ്ടെന്നുവെച്ചവിവരം കൂടി സവിനയം ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ. ഇങ്ങനെ ഓരോ വീട്ടുകാരും സ്വയം അവരുടെ റേഷൻകാർഡിൽ തങ്ങൾക്കു കഴിയുന്ന റേഷൻ വെട്ടിക്കളെയാൻ മുമ്പോട്ടു വരുമെങ്കിൽ നമുക്ക് 1952-നുമുമ്പായിത്തന്നെ സ്വയംസമ്പൂർണ്ണമാകാൻ കഴിയും. പിന്നെ, അരിയ്ക്കും ഗോതമ്പിനും പിച്ചപ്പാളയുമെടുത്ത് ചൈനയുടേയും റഷ്യയുടേയും പടിക്കൽ ചെന്നു പാടുകിടക്കേണ്ടിവരില്ല. അങ്ങിനെ ഈ നാട്ടിലെ ഭൂരിപക്ഷം ജനങ്ങളും അവരവരുടെ പകുതി റേഷനെങ്കിലും വെട്ടിക്കളെയുകയെന്ന ഒരു ചെറിയ ത്യാഗം ചെയ്യാമെങ്കിൽ, നമുക്കു കൈവന്ന സ്വാതന്ത്ര്യത്തെ നിലനിർത്താനും അതുവഴി ഈ മഹത്തായ രാഷ്ട്രത്തെ ലോകരാഷ്ട്രങ്ങളുടെ മുൻപന്തിയിൽ കൊണ്ടുനിർത്താനും നമുക്കു സാധിക്കും. നമ്മുടെ ആത്മവീര്യം നമുക്കു വീണ്ടെടുക്കുക. സഹിഷ്ണുത നമ്മുടെ കൂടപ്പിറപ്പാണ്..........."

എഴുതിയേടത്തോളം ഒരാവർത്തി വായിച്ച്, അതിന്നു പററിയ ചില സംസ്കൃതശ്ലോകങ്ങളും അയാൾ കുറിച്ചെടുത്തു. എന്നിട്ട്, ഒരു ദീർഘശ്വാസം വിട്ട് ഒരു പ്രക്ഷേപണറിഹേഴ്സൽ നടത്തുകയാണെന്നു തോന്നുംമട്ടിൽ ഒരിക്കൽക്കൂടി വായിച്ചു.

അപ്പോഴാണ് വില്ലയിട്ട ശിപായി വന്ന് ഒരു ചിററ് കൊടുത്തത്. ചിററുനോക്കി "വരാൻ പറയൂ" എന്നാജ്ഞകൊടുത്ത് അവിടെ ഊരിവെച്ചിരുന്ന ഗാന്ധിത്തൊ

പ്പി എടുത്തിട്ട് മന്ത്രി ഒരു കസേരമേൽ ഗൌരവം നടിച്ചിരുന്നു.

പത്രപ്രതിനിധി ഉപചാരപൂർവ്വം അടുത്ത് ഒരു കസേരമേൽ ആസനസ്ഥനായി.

"എന്താണ് വിശേഷം?"

മന്ത്രി കുശലം ചോദിച്ചു.

പത്രപ്രതിനിധി ചോദ്യംതുടങ്ങി:—

"ബീഹാറിലെ ക്ഷാമത്തെപ്പററി അങ്ങയ്ക്ക് കൂടുതൽ വല്ല വിവരങ്ങളുമുണ്ടോ? അതിനെപ്പററി അങ്ങയ്ക്ക് എന്താണ് പറയാനുള്ളത്? അവിടെ എന്തു നടപടികളാണ് എടുക്കാൻ പോകുന്നത്?"

ഉത്തരം:—ബീഹാറിൽ ക്ഷാമമുണ്ടെന്ന് അവിടുത്തെ ഭക്ഷ്യവകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും എന്നെ അറിയിച്ചിട്ടുണ്ട്. എന്നാൽ അവിടെ പട്ടിണിമരണമൊന്നുമുണ്ടായിട്ടില്ലെന്നാണ് എൻെറ അറിവ്. ആളുകൾ മരിയ്ക്കുക ഇന്നും ഇന്നലേയും തുടങ്ങിയതല്ല, ഞാൻ മന്ത്രിയാവുന്നതിന്നുമുമ്പും ആളുകൾ മരിക്കാറുണ്ട്; അതിന്നുശേഷവും അതു തുടരുന്നു. അതു സ്വാതന്ത്ര്യം കിട്ടുന്നതിന്നുമുമ്പും ഉണ്ടായിരുന്നു; സ്വാതന്ത്ര്യം കിട്ടിയതിന്നുശേഷവും പതിവുണ്ട്—(തൻെറ ഫലിതം സ്വയം ആസ്വദിച്ചുകൊണ്ട് അദ്ദേഹം ഒന്നു മന്ദഹസിച്ചു. പത്രപ്രതിനിധി പൊട്ടിച്ചിരിച്ചു.) ഇതെല്ലാം ഈ നാട്ടിലെ ചില തല്പരകക്ഷികൾ മുതലെടുക്കുന്നതാണ്. അതിൽ ചില പത്രക്കാരും പത്രറിപ്പോർട്ടർമാരും കൂടി പങ്കാളികളാവുന്നതിലാണ് എ

നിയ്ക്കു കണ്ടിതം തോന്നുന്നത്. ഭക്ഷണക്ഷാമം ബീഹാറിൽ മാത്രമുള്ളതല്ല; ഇന്ത്യയിലൊട്ടാകെയുണ്ട്. ലോകത്തിലൊട്ടാകെയുണ്ട്, (ലോകത്തിലൊട്ടാകെ എന്നു പറയുന്നത് ശരിയല്ലെന്നു് അയാൾക്കറിയാമെങ്കിലും ആ പ്രകരണത്തിൽ അങ്ങിനെ പറഞ്ഞാലേ ശക്തിയുള്ളു എന്നതുകൊണ്ട് അയാൾ സംശയിച്ചില്ല.) അതെല്ലാം ഇവിടത്തെ ഭരണത്തിൻെറ കൊള്ളരുതായ്മകൊണ്ടാണെന്നു പറയാമോ? ഭക്ഷണക്ഷാമം പരിഹരിക്കാൻ ഞങ്ങൾ അങ്ങേയററം പരിശ്രമിയ്ക്കുന്നുണ്ട്. അതിന്നു് നമ്മുടെ പ്രധാനമന്ത്രിയെപ്പോലെ പ്രാപ്തനായ മറെറാരു വ്യക്തി ഈ നാട്ടിലിന്നുണ്ടോ?—പത്രങ്ങൾ വിമശിക്കുന്നതു കൊള്ളാം. എന്നാൽ വിമശനം സംഹാരപരമാവരുത്—ഞങ്ങളെ സഹായിയ്ക്കുന്ന തരത്തിലാവണം. രാഷ്ട്രത്തെ പുതുക്കിപ്പണിയാനുള്ള ഞങ്ങളുടെ പ്ലാനുകളെ സഹായിയ്ക്കുന്നതരത്തിലാവണം വിമശനം.''

പ. പ്ര:—എന്തായാലും അവിടുത്തെ സ്ഥിതി ഉൽക്കണ്ഠാവഹമാണെന്നല്ലേ അവിടുന്നു കിട്ടുന്ന റിപ്പോർട്ടുകൾ കാണിയ്ക്കുന്നതു്? അതിനെന്തെല്ലാം നടപടികളാണെടുക്കാൻ പോകുന്നതു്?

ഭ. മ: ബീഹാറിൽ മാത്രമല്ല, ഇന്ത്യൻ യൂണിയനിലെയ്ക്കു മുഴവൻ ഒരു പുതിയ പ്ലാൻ ഉണ്ടാക്കിയിട്ടുണ്ട് ഞാൻ. പ്രധാനമന്ത്രിയുടെ അംഗീകരണത്തിന്നുവേണ്ടി അതു നാളെ സമപ്പിയ്ക്കുന്നതായിരിക്കും.

ഒരു പുതിയ വത്തമാനം കിട്ടിയ അത്യാത്തിയോടെ പത്രപ്രതിനിധി വെമ്പലോടെ ചോദിച്ചു: അതെന്താണ്? അതിൻെറ കൂടുതൽ വിവരം വല്ലതും പറയാനുണ്ടോ?

ഭ. മ: (ആത്മത്തേക്കാറം ഗൌരവം പൂണ്ടു്) അതി ൻെറ ഏകദേശരൂപം നാളെ ഞാൻ ബ്രോഡ്കാസ്റ്റ് ചെയ്യാൻ പോകുന്ന ഈ പ്രസ്താവനയിൽനിന്നു് നിങ്ങറംക്കു് മനസ്സിലാക്കാം. നിങ്ങറംക്കു് വേണമെങ്കിൽ ഇതിൻെറ ഒരു കോപ്പി എടുക്കാം. പക്ഷേ, പ്രസ്താവനയിലെ പ്രധാന പോയിൻറുകറം മാത്രം ഇന്നു പത്രങ്ങളിൽ കൊടുത്താൽ മതി. പ്രസ്താവന മുഴുവൻ നാളെ 7-30നു ശേഷമേ പത്രങ്ങളിൽ കൊടുക്കാവൂ.

പ. പ്ര: പ്രസ്താവന ഒന്നോടിച്ചു നോക്കിയിട്ടു തുടന്നു: ശരി. ഇതു വനമഹോത്സവംപോലെയുള്ള ഒരു പ്ലാനാണല്ലോ!

ഭ. മ:—(സന്തുഷ്ടനായി) അതേ. അതിലും വിജയപ്രദമാക്കാൻ കഴിയുന്നതും കഴിയേണ്ടതുമായ ഒരു പ്ലാനാണു് ഇതെന്നാണു് എൻെറ അഭിപ്രായം. നാം യാഥാസ്ഥിതികന്മാരാണു്. നമുക്കു് നമ്മുടെ ഭക്ഷണരീതിയിൽ യാതൊരു മാററവും വരുത്താൻ ധൈര്യമില്ല. ഈ അരിയും ഗോതമ്പും കൂടാതെ, നമുക്കു ജീവിച്ചുകൂടേ? ഈ നാട്ടിൽ ഇതല്ലാതെ മറെറന്തൊക്കെ ഭക്ഷണസാധനങ്ങളുണ്ടു്? നമുക്കു് ഒരുനേരം ഈ അരിയും ഗോതമ്പും ഉപയോഗിയ്ക്കാതിരിയ്ക്കുക എന്നു പറഞ്ഞാൽ പ്രാണസങ്കടമാണു്. ഭായ്യയെ ഉപേക്ഷിയ്ക്കാൻ പറഞ്ഞാൽ ഇത്ര വ്യസനമില്ല ആളുകറംക്കു്. അന്ധവിശ്വാസം—അരിഭക്ഷണം കഴിച്ചില്ലെങ്കിൽ ഗോതമ്പുഭക്ഷണം കഴിച്ചില്ലെങ്കിൽ വയ്യ! ഞാൻ രണ്ടു കൊല്ലമായി അരിയും ഗോതമ്പും തൊട്ടിട്ടു്. എന്നിട്ടെന്താ, എൻെറ ദേഹത്തിനു വല്ല ചടവുമുണ്ടോ?

ഇവിടെ വീട്ടിൽ ഭാര്യയ്ക്കും കുട്ടികൾക്കും ഈ അന്ധവിശ്വാസമുണ്ടായിരുന്നു. ഞാൻ അതിന്നെതിരായി ഭയങ്കരസമരം നടത്തി. ഇപ്പോഴിതാ രാത്രി ഇതു രണ്ടും വേണ്ടെന്നാക്കിയിരിയ്ക്കുന്നു. റേഷൻകാർഡു കൊണ്ടുപോയി അതിലെ പകുതി റേഷൻ വെട്ടിയ്ക്കാൻ ഞാൻ ഓർഡർ കൊടുത്തിട്ടുണ്ട്."

പത്രപ്രതിനിധി ആ ന്യൂസ് തൻെറ ഡയറിയിൽ കുറിച്ചു. മന്ത്രിയ്ക്ക് സന്തോഷമായി. അയാൾ കൂടുതൽ ഉന്മേഷത്തോടെ തുടൎന്നു. ഇത്രയുമായപ്പോഴയ്ക്കും മന്ത്രിയുടെ മക്കളിലൊരാൾ കയ്യിൽ ഒരാഴ്ചപ്പതിപ്പുമായി ഓടിയെത്തി ഒററശ്വാസത്തിൽ പറയാൻ തുടങ്ങി:—

"അച്ഛാ, ആറണ—വെറും ആറണ—നിങ്ങൾക്കു മന്ത്രിയാവാം, പ്രധാനമന്ത്രിയെ സമയഭേദമില്ലാതെ പോയി കാണാം. പ്രസിഡണ്ടിനെയും കാണാം. നിങ്ങൾക്കു ലക്ഷപ്രഭുവാകാം—അമ്പാസിഡറാവാം വെറും ആറണയേ വേണ്ടു!—അച്ഛന്നു പറയാമോ, അതിൻെറ സൂത്രം?"—അപ്പോഴയ്ക്കും തൻെറ ഭാര്യയും അവിടെ എത്തി. "അയ്യയ്യോ, ആറണകൊണ്ടു മന്ത്രിയാവാമെങ്കിൽ നല്ല കാര്യംതന്നെയാണ്, അല്ലേ? എത്ര രൂപ ചെലവാക്കി എത്ര ഓടിപ്പാഞ്ഞുനടന്നിട്ടാണ് ഈ മന്ത്രിപദം കിട്ടിയത്? അപ്പോൾ ആറണയേ ചെലവുള്ളുവെങ്കിൽ വളരെ നല്ലതുതന്നെ. മകൻ അച്ഛനെ സഹായിയ്ക്കാൻ വന്നതാണ്."

മകൻ പത്രപ്രതിനിധിയുടെ നേക്കുതിരിഞ്ഞു പഴയ ചോദ്യമാവൎത്തിച്ചു: ആറണ ഹേയ്, ആറണ!—പറയട്ടെ? ഇതാ സൂത്രം: ആറണകൊടുത്ത് ഒരു ഗാന്ധിത്തൊപ്പിമേ

ടിച്ചിട്ടാൽ നിങ്ങൾക്ക മന്ത്രിയാവാം, പ്രസിഡണ്ടിനെയും പ്രധാനമന്ത്രിയെയും എപ്പോൾ വേണമെങ്കിലും കാണാം, അമ്പാസിഡറാവാം........എന്താ സൂത്രം പാറിയില്ലേ?" മന്ത്രി അറിയാതെ തൊപ്പിയൂരി മേശമേൽവെച്ചു. പത്ര പ്രതിനിധിയും ഭാര്യയും ചിരിച്ചു. മന്ത്രിയും ചിരിയ്ക്കാൻ കൂടിയെങ്കിലും വാസ്തവത്തിൽ മന്ത്രിയ്ക്കു രസിച്ചില്ല. അ യാൾ മകനെ ശാസിച്ചു:—"പോ, ഈവക കൊള്ളരുതാ ത്ത പത്രങ്ങൾ വാങ്ങി വായിയ്ക്കും. ഒരന്തസ്സും സംസ്കാര വും ഇല്ലാത്ത പത്രങ്ങൾ! ഇതെല്ലാം വരുത്താൻ അമ്മ കാശ്ശും കൊടുക്കും—"

മകൻ ഓടി മറഞ്ഞു.

മന്ത്രി മകനെ അഭിനന്ദിച്ചു. "അവൻ സോഷ്യലി സ്റ്റാണ്—എല്ലാവക്കും അഭിപ്രായസ്വാതന്ത്ര്യം വേണമെ ന്ന പക്ഷക്കാരനാണ് ഞാൻ. വാസ്തവത്തിൽ ആദശ ത്തിൽ ഞാനും ഒരു സോഷ്യലിസ്റ്റാണ്. പക്ഷേ, അതെ ല്ലാം താനേവരും. നമ്മളൊന്നും പരിശ്രമിച്ചിട്ടൊന്നും വേണ്ട—അല്ലെങ്കിൽ ബ്രിട്ടീഷ്കാർ പോയത്, നമ്മുടെ ശ്രമംകൊണ്ടാണോ? ആ സമയം വന്നു, അവർ പോയി— അതുപോലെ ആ സമയം വരുമ്പോൾ അതു വരാതെ നി വൃത്തിയില്ല. അതു വരുമ്പോൾ നാം എതിക്കുമോ? അ തിൽ കൂടും!"

ഭാ:—അച്ഛനും മകനുംകൂടി എപ്പോഴും വഴക്കാണിവി ടെ. ഒരാളു് കോൺഗ്രസ്സും ഒരാള് സോഷ്യലിസ്റ്റുമാണ്.

പ. പ്ര: ഇനി കമ്മ്യൂണിസ്റ്റുണ്ടോ ഇവിടെ?

ഭാര്യ: അയ്യോ അതിവിടെ ഇല്ല. ഇവിടെ വേണ്ട താനും.

പ. പ്ര: ശരിയാണത്. അതു നമുക്ക പററില്ല!

മന്ത്രി ചായ കൊടുത്തയയ്ക്കാൻ പറഞ്ഞ് ഭാര്യയെ അകത്തേയ്ക്കയച്ചു. പത്രപ്രതിനിധിയുമായി അഭിമുഖസംഭാഷണത്തിന്നിരിയ്ക്കുകയാണ് തൻെറ ഭർത്താവെന്നും മററും ആ സാധു ഭാര്യ പക്ഷേ ആലോചിച്ചിട്ടുണ്ടാവില്ല.

പ. പ്ര: അപ്പോൾ ഈ പ്ലാൻ എന്നാണ് ഔദ്യോഗികമായി പ്രസിദ്ധീകരിയ്ക്കാൻ പോകുന്നതു്?

ഭ. മന്ത്രി: നാളെ രാത്രി 7-30ന്. അതിന്നു മുമ്പായി പ്രധാനമന്ത്രിയെ കണ്ട് ഇതദ്ദേഹത്തെക്കൊണ്ടംഗീകരിപ്പിയ്ക്കണം. അതു മാത്രമല്ല, ഒരു പൊതുയോഗം വിളിച്ചുകൂട്ടി അവിടെവെച്ച് ഇതുൽഘാടനം ചെയ്യണമെന്നുകൂടി ആലോചനയുണ്ട്. ഉൽഘാടനത്തിന്ന് ഒരാളെ കണ്ടുകിട്ടിയിട്ടില്ല—

പ. പ്ര: നമ്മുടെ പ്രധാനമന്ത്രിതന്നെ പോരേ?

ഭ. മ: അതു പോരാ.

പ. പ്ര: ഞാൻ പറയട്ടെ, അങ്ങുതന്നെയാണ്, ഇതുൽഘാടനം ചെയ്യേണ്ടത്.

ഭ. മ: ഹായ്, അതിനൊന്നും പുതുമയില്ല. പോരെങ്കിൽ നാട്ടുകാർക്കൊക്കെ എന്നോടാണിപ്പോൾ വിരോധം. ഞാനെന്തു പിഴച്ചു? ഞാൻ അരിയും ഗോതമ്പും എടുത്തു തിന്നുവോ? ഞാൻ ഈ ഉദ്യോഗം കിട്ടിയ ഉടനെ ചെയ്തതു അതു രണ്ടും ഉപേക്ഷിയ്ക്കുകയാണ്........

അതു പോകട്ടെ. ഇതുൽഘാടനം ചെയ്യാൻ പററിയ ഒരാളെ ഞാൻ ഇന്നു കാലത്ത് ആലോചിയ്ക്കാൻ തുടങ്ങിയതാണ്. എൻെറ അഭിപ്രായത്തിൽ വ്രതങ്ങളും മററും മുടങ്ങാതെ ദീക്ഷിയ്ക്കുന്ന ഒരാളാവണം ഇതുൽഘാടനം ചെയ്യാൻ. ഒരു സാധാരണക്കാരനായാലും പോരാ.

പ. പ്ര: മുസ്ലീമിങ്ങളുടെ ഇടയിലല്ലേ നോയ്മ്പിൻെറ പ്രാധാന്യം ഹിന്ദുക്കളേക്കാൾ, അതിനാൽ ഒരു മുസ്ലീമായാൽ അധികം നന്നായിരിയ്ക്കും. പിന്നെ ഹിന്ദുമുസ്ലീം മൈത്രിയ്ക്കും...............

ഭ. മ: ഛേ അതു പോരാ. ഒരു ഹിന്ദുതന്നെയാവണം. ഹിന്ദുഭൂരിപക്ഷമുള്ള ഈ രാജ്യത്ത് ഹിന്ദുക്കളെ ഇളക്കണമെങ്കിൽ ഹിന്ദുക്കൾതന്നെ വേണം. മുസ്ലീമിങ്ങളുടെ നോയ്മ്പിനെപ്പററിയും മററും വാഴ്ത്തിപ്പറയാം കൂട്ടത്തിൽ—അവരോടും അവരുടെ നോയ്മ്പുകൾ കണിശമായി അനുഷ്ഠിയ്ക്കാൻ ആഹ്വാനം കൊടുക്കണം. മാത്രമല്ല, പകൽ മുഴുവൻ പട്ടിണി കിടന്ന് രാത്രി മുഴുവൻ തിന്നുന്ന ആ നോയ്മ്പുസമ്പ്രദായം ആരോഗ്യപരമായിട്ട്, യുനാനിചികിത്സാവിധിപ്രകാരംതന്നെ നല്ലതല്ലെന്നു് അവക്ക താക്കീതും കൊടുക്കണം.” ഒന്നു നിത്തി അയാൾ തുടൻു:

“ഒരു വ്രതനിഷ്ഠനായ ഹിന്ദുവിനെയാണ് ഞാൻ തേടുന്നതു്. സ്ത്രീകളിലാവും ഈ വ്രതമാചരിയ്ക്കുന്നവർ അധികം കാണുക.”

മന്ത്രി ഒററനിമിഷം കണ്ണുമടച്ച് ധ്യാനമഗ്നനായിരുന്നു. പെട്ടെന്നു് കണ്ണുമിഴിച്ചു വീണ്ടും തുടങ്ങി:—

"ആ്, ഗാന്ധിജിയുടെ ഒരു സഹോദരി ജീവിച്ചിരിപ്പുണ്ടല്ലോ. അവരെ വിളിയ്ക്കാം. എന്താണ്?"

പ. പ്ര: അവർ എന്തൊക്കെ വ്രതങ്ങളാണ് അനുഷ്ഠിയ്ക്കാറുള്ളതെന്നു് ആരു കണ്ടു?

ഭ. മ: അവരൊരു വ്രതവും അനുഷ്ഠിയ്ക്കാറില്ലെന്നു വരുമോ? അവരായാൽ ജനങ്ങൾക്കു വിരോധമൊന്നും ഉണ്ടാവില്ല. പിന്നെ ഗാന്ധിജിയുടെ സഹോദരിയാണെന്നു പറയുമ്പോൾതന്നെ ഒരിതില്ലേ?

പ. പ്ര: തീച്ച്യയായും—വനമഹോത്സവം വിജയപ്രദമാക്കാൻ ഒരു കമ്മററിയുണ്ടായിരുന്നു. ഇതിന്നും ഒരു കമ്മിററി വേണ്ടേ? എന്റെ മുത്തശ്ശി ആയിരം പൂർണ്ണചന്ദ്രനെ കണ്ട ഒരു ഭക്തയാണ്. അവർ അവക്കോമ്മവെച്ച മുതല്ക്കു് ഒരു വ്രതവും മുടക്കിയിട്ടില്ല. വാസ്തവത്തിൽ മിക്കദിവസവും ശുദ്ധോപവാസമാണ്. അവരെക്കൂടി കമ്മററിയിൽ ഉൾപ്പെടുത്താം. അവരാണ് തിരഞ്ഞെടുപ്പിന്നു ഞങ്ങളുടെ ബൂത്തിൽ ആദ്യം മഞ്ഞപ്പെട്ടിയിൽ വോട്ടു ചെയ്തത്.

ഭ. മ: ആഹാ! കമ്മററിവേണം അതിന്റെ പ്രസിഡണ്ടായി ഒരാളെ കാണണം.

ഭാര്യയുടെ അമ്മയെ ആ കമ്മററിയുടെ പ്രസിഡണ്ടാക്കാമെന്നു് അയാൾ മനസ്സിലുറച്ചു. ഇങ്ങിനെ ഒരു യുക്തികൂടി നിർദ്ദേശിച്ചതിൽ പത്രപ്രതിനിധിയോടു വളരെ നന്ദിയും രേഖപ്പെടുത്തി.

പ. പ്ര: അപ്പോൾ—ഗാന്ധിജിയുടെ സഹോദരി തന്നെ ഉൽഘാടനത്തിനെന്നു് ഉറച്ചില്ലേ?

ആ ന്യൂസും കൊടുക്കട്ടെ?

പത്രപ്രതിനിധി ന്യൂസുകളുടെ ചുരുക്കം ചൂടോടേ താഴെ കാണുന്നവിധം അവിടെനിന്നുതന്നെ ഫോണിൽ വിളിച്ചു പറഞ്ഞു:—

"ഭക്ഷണമന്ത്രിയുടെ പുതിയ പ്ലാൻ! ഗാന്ധിജിയുടെ സഹോദരി ഉൽഘാടനം ചെയ്യും...........

ഭക്ഷണമന്ത്രി തൻെറ വീട്ടിലെ രാത്രി റേഷൻ വെട്ടി ക്കളഞ്ഞിരിയ്ക്കുന്നു! പുതിയ പ്ലാൻ നാളെ 7-30ന്നു് പ്രക്ഷേപണം ചെയ്യും.

ഭക്ഷ്യമന്ത്രി അരി-ഗോതമ്പുഭക്ഷണം വേണ്ടെന്നു വെപ്പിയ്ക്കാൻ സ്വന്തം ഭാര്യയുമായി ഘോരസമരം നടത്തി വിജയിച്ചു.

പ്രതിനിധി റിപ്പോർട്ടുചെയ്തു കൃതാർത്ഥനായി വീണ്ടും മന്ത്രിയ്ക്കരികെ വന്നിരുന്നു. അപ്പോൾ മന്ത്രിയും ചരിതാർത്ഥനായി പ്രതിനിധിയോടു വീണ്ടും പറയാൻ തുടങ്ങി:—

"അവരെ ചെന്നു കാണാൻ നിങ്ങൾതന്നെ പോകണം. പ്രധാനമന്ത്രിയുടെ കയ്യിൽനിന്നുതന്നെ ഒരു കത്തു വാങ്ങാം. നല്ല പബ്ലിസിററി കൊടുക്കണം-അതാണാവശ്യം. വനമഹോത്സവത്തിന്നു നിങ്ങളെടുത്തത്ര താല്പര്യം ഇതിലും കാണിയ്ക്കണം. അന്നു വനമഹോത്സവത്തിന്നു് ഏററവും അധികം തൈക്കൾ നട്ടും നടുവിച്ചും ഒന്നാംസമ്മാനം നേടിയ ആളാണു് നിങ്ങൾ. ഒരു ചെറിയ കാര്യം. ഇതു കഴിയുന്നവരെയെങ്കിലും അമ്പരിപ്പിയ്ക്കുന്ന ന്യൂസ് കൊടുക്കാതിരിയ്ക്കണം. റിപ്പോർട്ടർമാർ അയയ്ക്കുന്നതൊക്കെ അതിശയോക്തി കലൎന്നതാണു്. ഞാൻ വാതുവെ

യ്ക്കാം, ബീഹാറിൽ ഒരൊററ പട്ടിണിമരണം ഉണ്ടായിട്ടില്ല. ഈ നാട്ടിൽ പട്ടിണിമരണം ഉണ്ടാവാൻ ഞങ്ങഠം അനുവദിയ്ക്കില്ല. നമ്മുടെ മഹാനായ മന്ത്രി രാജ്യം ഭരിയ്ക്കുന്ന കാലത്തോളം ഈ നാട്ടിൽ പട്ടിണിമരണമുണ്ടാവില്ല. .........പിന്നെ കുറച്ചു ഭക്ഷണക്ഷാമമൊക്കെയുണ്ടായേയ്ക്കാം. അതിന്നാണ് ഞാൻ ഈ പ്ലാൻ ഉണ്ടാക്കിയിട്ടുള്ളത്. നമ്മുടെ ജീവിതപരിശുദ്ധിയ്ക്കുവേണ്ടി നാം നമ്മുടെ പൂർവ്വികന്മാരെപ്പോലെ വ്രതാനുഷ്ഠാനങ്ങളിൽ താല്പര്യം കാണിയ്ക്കുക്-ഒററ വാക്കിൽപ്പറഞ്ഞാൽ, ഓരോരുത്തരും ഓരോ ഋഗ്മാംഗദനാവുക!........ഇതാണ് എനിയ്ക്കിന്നു നാട്ടിന്നു കൊടുക്കാനുള്ള ആഹ്വാനം—! പ്ലാററുഫോമിൽ കയറിയാലെന്നപോലെ മന്ത്രിയുടെ ശബ്ദം കനത്തു. മുഖം ചുവന്നു:—

ഈയവസരത്തിൽ എന്തോ ഒരു ശബ്ദം മന്ത്രിയുടെ ഒച്ചയുടെ തലയ്ക്കുമീതെ ആ മുറിയിൽ വന്നു വീഴുന്നപോലെ തോന്നി.

ഭക്ഷ്യമന്ത്രിയും പത്രപ്രതിനിധിയും ചെവിയോർത്തു:— എന്തോ ഒരസുഖകരമായ ശബ്ദം. മന്ത്രി പുരികം ചുളിച്ചു. വീണ്ടും ചെവിയോർത്തു:—പത്രപ്രതിനിധിയും മന്ത്രിയെ അനുകരിച്ചു.

"എന്താണ് ഒരു ശബ്ദം?..........."

"ഞങ്ങഠംക്കു ഭക്ഷണം..........."

ആ ശബ്ദത്തിൻെറ ആദ്യഭാഗം മാത്രമേ അവിടെ സ്പഷ്ടമായി എത്തിയുള്ളു. അവർ പരസ്പരം പകച്ചു നോക്കിനിന്നു.

"ഞങ്ങഠംക്ക് ഭക്ഷണം തരണം."

ആദ്യം അപൂൎണ്ണമായി കേട്ട വാചകം ഇത്തവണ പൂൎണ്ണമായി കേഠംക്കപ്പെട്ടു.

മന്ത്രി ജനാലയിലൂടെ പുറത്തേയ്ക്കു നോക്കി—“അത് കണ്ണെത്താത്ത പട്ടിണിജാഥയായിരുന്നു—”

“അതാ, ഏതോ തൽപരകക്ഷികഠം കുത്തിപ്പൊന്തിച്ചതാണിത്. അല്ലെങ്കിൽ ഇത്ര വളരെ ആളുകഠം........”

വാചകം മുഴുമിയ്ക്കാതെ മന്ത്രി ആ ജനാലയിലൂടേ പാളിനോക്കി നിന്നു.

“ഞങ്ങഠംക്കു ഭക്ഷണം തരണം!”

“ഭക്ഷണമന്ത്രി രാജി വെയ്ക്കണം.”

മന്ത്രി ജനാല കൊട്ടിയടച്ചു............

“ഭക്ഷണവും തുണിയും തരാൻ കഴിയാത്ത മന്ത്രിസഭ രാജിവെയ്ക്കണം.”

പത്രപ്രതിനിധി പുറത്തുപോയി നോക്കി: കണ്ണെത്താത്ത ഒരു പട്ടിണിപ്പാരാവാരം ആ മന്ത്രിമന്ദിരത്തിലേയ്ക്കു പ്രളയജലംപോലെ ആൎത്തിരമ്പിക്കേറുകയാണ്.

പത്രപ്രതിനിധിയെ കണ്ടപ്പോഠം, അതു മന്ത്രിയാണെന്നൂഹിച്ചിട്ടാവണം, ജാഥയ്ക്കു മുമ്പിൽ രണ്ടു ശവങ്ങളെ ചുമന്നുനിന്നിരുന്ന മൂന്നുനാലു ജീവച്ഛവങ്ങഠം വിളിച്ചാൎത്തു:—

“ഈ ജീവൻ അപഹരിച്ച നിങ്ങഠംതന്നെ തിന്നണം ഈ ശവങ്ങളും!”

പത്രപ്രതിനിധിയുടെ മുഖം ചുളിഞ്ഞു.

ആ ജാഥയിലേയ്ക്കു് അയാറം വീണ്ടും കണ്ണോടിച്ചു. വാസ്തവത്തിൽ അയാറംക്കു് വളരെ നേരം അതു നോക്കി നില്ക്കാൻ കഴിഞ്ഞില്ല - പടിയും കുത്തിപ്പിടിച്ചു് സ്വന്തം കാലിന്മേൽ ജീവിതത്തിൽനിന്നു മരണത്തിലേയ്ക്കും മരണത്തിൽനിന്നു ജീവിതത്തിലേയ്ക്കും ചാഞ്ചാടുന്ന അസ്ഥിമാത്രശേഷരായ വൃദ്ധന്മാർ; തൊണ്ടവരണ്ട കുഞ്ഞുകുട്ടികറം ശുഷ്കിച്ച മാറിൽ കിടന്നു മുല ചപ്പുന്ന അനുകമ്പാർഹകളായ അമ്മമാർ, യൌവ്വനത്തെ കുടിയിറക്കിപ്പറഞ്ഞയച്ചു്, അകാലവാദ്ധക്യം കേറിത്താമസമാക്കിയ, ഈ നാട്ടിന്റെ പുതുക്കിപ്പണിയേണ്ടുന്ന നൂറുനൂറു തരുണീതരുണന്മാർ; ഭാവിപൌരന്മാരെന്നു ബിരുദം നല്കപ്പെട്ടിട്ടുള്ള, മൊട്ടിലേ കരിഞ്ഞുപോകാറായ കോമളബാല്യങ്ങറം-ഈ നാട്ടിന്നു കിട്ടിയെന്നവകാശപ്പെടുന്ന ആ സ്വാതന്ത്ര്യത്തിന്റെ സുന്ദരവും പ്രലോഭനീയവുമായ ആ രമണീയപശ്ചാത്തലത്തിൽ വരയ്ക്കപ്പെട്ട ഈ ബീഭത്സചിത്രം അയാളെ അസ്വസ്ഥനാക്കി. എന്നാലും ആ ബീഭത്സതയിൽത്തന്നെ ഒരു സുന്ദരലോകത്തിന്റെ ഈററില്ലം കിടപ്പുണ്ടെന്നു അയാറംക്കു കാണാൻ കഴിഞ്ഞില്ല. ആ ജീവസ്സററ കണ്ണുകറംക്കിടയിലും മാരകമായ ഒരഗ്നി നിന്നെരിയുന്നതായി അയാറം കണ്ടില്ല! ഈ പട്ടിണിയ്ക്കും വറുതിയ്ക്കും കഷ്ടപ്പാടിന്നും കാരണമായതിനെയെല്ലാം ചുട്ടു ചാമ്പലാക്കാൻപോന്ന ഒരു പരിശുദ്ധാഗ്നി........

പത്രപ്രതിനിധി അക്ഷമയോടേ അകത്തേയ്ക്കു പോയി വിവരം മന്ത്രിയെ ധരിപ്പിച്ചു: “അവർ പടികടന്നു മുററത്തെത്തിയിരിയ്ക്കുന്നു—”

"ഛേ, പോയാട്ടെ. അതിന്നു ഞാനെന്തുവേണം? എന്റെ വീട്ടിലാണോ നാട്ടുകാർക്കുള്ള അരിയും ഗോതമ്പും വെച്ചിട്ടുള്ളത്? ഇതു നല്ല നേരമ്പോക്ക്........"

അയാൾ പറയുന്നത് പുറത്തെ കോലാഹലത്തിൽ ആണ്ടു.

"പട്ടിണിഭരണം അവസാനിപ്പിയ്ക്കും——"

"ഹഹ! ഈ നാട്ടിൽ നീതിയും നിയമവും ഒന്നുമില്ലാതായോ........പൊല്ലീസ്സും പട്ടാളവുമൊന്നുമില്ലേ ഈ നാട്ടിൽ സമാധാനം പാലിയ്ക്കാൻ?........"

അയാൾ കലികൊണ്ടു വിറയ്ക്കുന്ന കൈകളിൽ ഫോണെടുത്ത് വിളിയ്ക്കാൻ തുടങ്ങി:—"ഹല്ലോ, ഹല്ലോ."

"ഭക്ഷണമന്ത്രി രാജി വെയ്ക്കണം!"

മന്ത്രിയുടെ വിറയ്ക്കുന്ന കയ്യിൽനിന്നു ഫോൺ താഴെ വീണു. താനും തന്റെ പ്ലാനും ആ മന്ത്രിമന്ദിരവും എല്ലാം കിടന്നു കൊട്ടപ്പാലം തിരിയുന്നതുപോലെ തോന്നി.

—*—

ഏകാങ്കം

# നല്ല ദിവസം

## കഥാപാത്രങ്ങൾ:—

1. നാണുമേനോൻ (റേഷൻഷാപ്പു മേനേജർ); 2. ലോനക്കുട്ടി, 3. കുഞ്ഞമ്മദ് (സാധാരണനാട്ടുകാർ); 4. കേശവപ്പണിക്കർ (അകന്നുനില്ക്കുന്ന ഒരു പഴയ കോൺഗ്രസ്സുകാരൻ) ശങ്കരൻകുട്ടിനായർ (കോൺഗ്രസ്സ് കമ്മററി പ്രസിഡണ്ട്.) 6. കുമാരൻ (ജാഥാ കേപ്റ്ററൻ). കുറെ ജാഥാംഗങ്ങൾ.

സ്ഥലം:—റേഷൻഷാപ്പിന്റെ കോലായ. സമയം ഉച്ചതിരിഞ്ഞു രണ്ടരമണി.

[നാണുമേനോൻ (ഉയരംകുറഞ്ഞു മെല്ലിച്ച ഇരുനിറം; 28–30 വയസ്സുപ്രായം; ഒരു പൊടിമീശ; ഖദർമുണ്ടും ഷർട്ടും ഒരു മഞ്ഞ ഷാളും, വേഷം; കയ്യിന്മേൽ ഒരു പഴയ റിസ്റ്റുവാച്ച്) വണ്ണക്കടലാസ്സും കുരുത്തോലയും ത്രിവണ്ണപതാകകളുംകൊണ്ടു റേഷൻഷോപ്പ് അലങ്കരിക്കുന്നു........ലോനക്കുട്ടി (തടിച്ച ഉയരം കുറഞ്ഞു മാംസളമായ ശരീരപ്രകൃതി; കറുത്ത നിറം; 40–45 പ്രായം;

കഴുത്തിൽ വെന്തിങ്ങ; മുറുക്കിച്ചുവപ്പിച്ച് വായയുടെ രണ്ടുവശത്തേക്കും ഒലിക്കുന്നു; അശ്രദ്ധമായി വാരിവലിച്ചുടുത്ത മുണ്ട് തുടഭാഗം പകുതിയിലധികം വെളിപ്പെടുമാറു എടുത്തു കുത്തിയിരിക്കുന്നു.) വിതാനത്തിൽ നാണുമേനോനെ സഹായിക്കുന്നു....കുഞ്ഞമ്മട്ട് (നീണ്ട് ഒത്ത ശരീരം; 50 വയസ്സ്; ഒരു ചുണങ്ങൻനിറം; തലയിലും മുഖത്തും പററെ വെട്ടിയ കുററിരോമം; മീശ; എല്ലുന്താണ്ട് കോടിമായാത്ത കുട്ടിമുണ്ട്; മുണ്ടിലാകെ കറ; അരയിൽ തണ്ടെലസ്സുകോർത്ത ചരട്. ഒരു ചെറിയ കോങ്കണ്ണുണ്ടെങ്കിലും വിരൂപനല്ല) കയ്യിലുള്ളപിച്ചാത്തിയുടെ എഴുത്താണി പല്ലിനിടയിലിട്ടു കുത്തിക്കൊണ്ട് കാലുരണ്ടും കവച്ച് കോലായിലിരിക്കയാണ്. തെരികപോലെ ചുരുട്ടിയ തോർത്തുമുണ്ട് മടിയിൽ കിടക്കുന്നുണ്ട്.]

നാണുമേനോൻ: ഒന്നു വേഗാട്ടെ നസ്രാണ്യേ! നമ്മുടെടെ നേതാവിപ്പ വരും.

ലോനക്കുട്ടി: എള്ളള് ഒന്നങ്ങനെത്തു എണ്ണയ്ക്കു്. കുറിഞ്ഞോത്തനോ? ഏതു്? എന്താ കുഞ്ഞമ്മദാപ്പുളേ! (കുലുങ്ങിച്ചിരിക്കുന്നു.)

കുഞ്ഞമ്മദ്: അതു ശര്യാച്ചോളീ! എന്നാലും ഞമ്മടെ മേനോനല്ലേ! മുട്ടുനേരത്ത് നായി അരി തരണെങ്കി, എന്താ? (ലോനക്കുട്ടിയുടെ മുഖത്ത് അർത്ഥഗർഭമായി നോക്കുന്നു)

ലോ. കു: അതിനൊന്നും വെകടല്യ. അക്കാര്യത്തിലൊക്കെ പാസ്റ്റ് മര്യാദക്കാരനാ അങ്ങോര്.

നാ. മേ: (ഒരു ചെറിയ മേനി നടിച്ച്) നമുക്കു തടീമ്മത്തട്ടാത്ത സഹായം ആർക്കു ചെയ്താലെന്താ? അല്ലേ കുഞ്ഞമ്മദാപ്പുളേ! അതിലിവിടെ ജാതീം മതോം നോക്കലില്ല.

കുഞ്ഞ: അത്ങ്ങ്ക്ക് നേമപ്രകാരം നോക്കാനും പാടില്ലല്ലോ!

ലോ. ക: അതവിടെ നിക്കട്ടെ! അത്രേമ്മല് വരുമ്പോ ആളോക്കെ മാറും! എന്താ കുഞ്ഞമ്മതാല്ലേ—ഏത്? (കുലുങ്ങിച്ചിരിയ്ക്കുന്നു.)

നാ. മേ: അതെന്താ അങ്ങനെ പര്യാൻ? ഒരുദാഹരണം പറയ്ാ, താൻ, നമ്പ്യാണ്യേ!

ലോ. ക: വേണ്ട പോട്ടെ—വെറുതെ ഇന്നു നല്ലൊരു ദെവസായിട്ട് നമ്മള് തമ്മില് വക്കാണോം വടിതല്ലും വേണ്ടാലോ! ഏത്? എന്താ കുഞ്ഞമ്മതാല്ലേ? (പൂർവ്വാധികം ശക്തിയോടുകൂടി ചിരിയ്ക്കുന്നു.)

നാ. മേ: താൻ ചിരിച്ചു ചിരിച്ച് പള്ളേലുണ്ടാക്കുന്നാ തോന്നണ്! ആ കയറൊന്നു വലിച്ചു പിടിയ്ക്കെടോ നമ്പ്യാണ്യേ!

ലോ ക: അപ്പോ മേന്നേ, ഇന്നത്തെ വിശേഷെന്താ— അതൊന്നു നൊമ്മളും അര്യേട്ടേ! ഏത്? എന്താ കുഞ്ഞമ്മതാല്ലേ! നൊമ്മളും ഈ നാട്ടാരല്ലേ? ഏത്? എന്താ റിപ്പബ്ളിക്ക്ച്ചാല്? ഇതുവരെ ഇന്ത്യാ യൂണിയൻ എന്നാ പറഞ്ഞേന്ന്. ഇപ്പോ റിപ്പബ്ലിക്കായി. ഏത്? തനിക്കു വല്ല പുട്യാവുണ്ടടോ ഇതിൻെറ? (ചിരിക്കുന്നു.)

നാ. മേ: താൻ ഇതു കെട്ടാൻ സമ്മതിയ്ക്കില്ല. ഒന്നു ചിരിയ്ക്കാതെ നില്ക്കടോ!

കുഞ്ഞ: അതിലൊന്നും വല്യേ കാര്യോന്നൂല്യ മാപ്പളേ! കാല്ലിക്കററ് ഇപ്പോ കോയിക്കോടാക്കി. അതറിഞ്ഞോ പോങ്ങളേ? അതുപോലെ ഇന്ത്യായൂണിയൻ റിബ്ലബ്ളിക്കായി!

ലോ. കു: എന്താതിൻെറ അൎത്ഥം? ഏത്? അതാണ് ഞാൻ ചോദിച്ച്.

കുഞ്ഞ: അതെന്താ? ഇതുവരെ ബബ്ളിക്കായതൊക്കെ ഒന്നുംകൂടിഅങ്ങട് ബബ്ളിക്കാക്ക്ന്നെ! സ്വാതന്ത്ര്യം കിട്ടീന്ന് ആകററങ്ങട് ബബ്ളീക്കാക്ക്ന്നെ!

ലോ. കു: സ്വാതന്ത്ര്യം! നല്ല സ്വാതന്ത്ര്യം കൎത്താവേ! പഞ്ചാരല്യാത്ത ചായടെ സ്വാദന്നെ സ്വാതന്ത്ര്യത്തിന്! ഏത്? എന്താ മേനോൻ മിണ്ടാത്തത്? അതു പറേമ്പോ മേനോൻ ഡിമ്മാവും. ഏത്? എന്താ കുഞ്ഞമ്മതാല്ലേ?

കുഞ്ഞ: അല്ലാ, പഞ്ചാര വരണ്ട്, വരണ്ട്ന്ന് കേട്ടല്ലോ! റിബ്ബബ്ളിക്ക് പഞ്ചാരട്ടിട്ട്ന്നെ വേണംന്ന്, കടലാസ്സിലൊക്കെ എഴുത്ത്യേർന്നൂലോ!

നാ. മേ: എനിയ്ക്കും നീങ്ങടത്രന്ന്യേ അറിയൂ—ഞാനൊരേഴാം കൂല്യല്ലേ്യ?

ലോ. കു: അത് നൊമ്മളെ കോയ്യാക്ക്ാ, മേനോൻ! ഏത്? മേനോനറീല്ല്യേ? അല്ല, എന്താ പഞ്ചാര വരാതിരിയ്ക്ക്യാൻ? വഴിയ്ക്കു മുങ്ങ്യോ? നൊമ്മടെ നേതാവിനോട് ചോദിച്ചാലറിയാം. എവിടെ, കക്ഷി?

നാ. മേ: മൂപ്പര് മീററിങ്ങ് ശട്ടം ചെയ്യാൻ പോയിരിയ്ക്ക്യാ. അവിടെ കുറച്ചു വിതാനോം ഒക്കെ വേണ്ടേ?

ലോ. കു: മീററിങ്ങിന് ഏതു കക്ഷ്യാ വരണ്? വല്ല്യേ ആന വല്ലതും വരോ? ഇന്നെവടെ കിട്ടണ് വല്ല്യേതിനെ? എല്ലാ ദിക്കിലും പൂരല്ലേ? ഏത്?

(കേശവപ്പണിക്കർ ആ വഴിയെ വരുന്നു. കരത്ത് ഒത്ത ശരീരം. മുണ്ട്, ഒരു ഹാഫ് ഷർട്ട്, ഒരു തോർത്ത്—ഇതാണ് വേഷം. മുടി ഭംഗിയായി മിനുക്കിവച്ചിട്ടുണ്ട്. പതുക്കെ നടന്നടുക്കുന്നു.)

കേ. പ: എന്താ കുട്ടിനേതാവേ, ഇത്ര അമാന്തം? വല്ല്യേ നേതാവ് അവിടെ പൊടി പൊടിയ്ക്ക്ണ്ണ്ട്. വേഗാട്ടെ. ആ്! ലോനാക്കുട്ടീം ഉത്സാഹണ്ടോ? എങ്ങനെ? ഫാത്തിമാ മാതാവ് വന്നത്ര ഈണല്ല്യ ഉവ്വോ, ലോനാക്കുട്ട്യേ! ആ്! കുഞ്ഞമ്മത് എന്താ അണ്ടിപോയ അണ്ണാൻെറ കൂട്ടത്തില് ഇങ്ങനെ മാറി ഇരിക്കണ്? ഇതു നമ്മടെ നേതാവാട്ടെ കണ്ടാമതി. കുറുമാൂ്യേ ഏപ്പാടാ ഇത്! പാകിസ്ഥാനിലേയ്ക്ക് ടിക്കററു മേടിച്ചുതരും, നമ്മടെ ബഹു: മന്ത്രി!

നാ. മേ. ഇതുവരെ ഇവിടെ നേരം പോകാതെ ഇരിയ്ക്ക്യാൻ, അല്ലേ കുഞ്ഞമ്മതേ! ഇനി ആ കേടില്ല്യ.

ലോ. കു: അല്ല പണിക്കര് പറഞ്ഞത് കാര്യാട്ടാ, കുഞ്ഞമ്മതാല്ലേ! ഞളങ്ങനെ മാറിരിയ്ക്കാന്ന് കണ്ടാ ആള് വെറുതെ വിടില്ല്യ!

കുഞ്ഞ: പിന്നല്ല്യേ! ആ പേടിയ്യാനും ഞമ്മക്കില്ല്.

കേ. പ: അല്ലെങ്കിത്തന്നെ കുഞ്ഞമ്മതിൻെറ നോട്ടം കണ്ടാൽ മന്ത്രി തിച്ച്യാക്കും കുറില്ല്യാന്നു്. എന്നെ നോക്കുമ്പോ തോന്നും ലോനക്കുട്ട്യേ നോക്കാന്നു്. നോട്ടം പാക്കിസ്ഥാൻെറ നേക്കാന്ന് ഒരു പോല്ലീസ്സ റിപ്പോർട്ടും അങ്ങട്ട് അയപ്പിച്ചാൽ—എന്താ കുട്ടിനേതാവേ? വല്ല വിരോധോണ്ടങ്കി ഇപ്പോ നോക്കാം ഒരു കയ്യ്—അല്ലേ, ഇപ്പോ൦ നിങ്ങടെ കാലാണല്ലോ!

കുഞ്ഞ:_ഞമ്മക്ക് പണ്ടും ഇപ്പോഴും ഒക്കെ ഒരാളുടെ കൂടേ ബേണ്ട്__പടച്ചോൻെറ! അത്ണ്ടെങ്കി ഞമ്മളു് തെണ്ടിച്ചു നയിച്ചോളാം.

കേ. പ: പടച്ചോൻ പെൻഷൻ പററീരിക്കണു! അറിഞ്ഞിലേ്യ! ഇപ്പോ കോൺഗ്രസ്സാ പടച്ചോൻ! അതിൻെറ കൂറിനു് ഇതാ, കുട്ടിനേതാവും ലോനക്കുട്ടീം ഒക്കെ ചെയ്യണ കണ്ടിലേ്യ; അതുപോലെ ചെയ്താ മതി:

ലോ. കു: അപ്പോ നെങ്ങക്ക് ഇതൊന്നും ബോധകല്ലേ പണിക്കരേ്? ഏത്? (ചിരിക്കുന്നു.) എന്താ കുഞ്ഞമ്മതാപ്ലേ!..........അതൊക്കെ പോട്ടെ....എന്താ റിപ്പബ്ലിക്ക്ച്ചാൽ പണിക്കരേ? നൊമ്മടേ മെനോനൊട്ടു് ചോദിച്ചിട്ടു് ഒരു വികരോല്യ.

കേ. പ: അതൊക്കെ ഇന്നു മീററിങ്ങ്ലു് ചോദിച്ചാ മതി.

ലോ. കു: നല്ല ഉപായാ പണിക്കരു് പറഞ്ഞുതരണ്! പണ്ടു് ഇവിടെ മീററിങ്ങലു് ഒരു ചോദ്യം ചോദിച്ചതിനാ ആ കുമാരനെപ്പിടിച്ചു് ലോക്കപ്പിലാക്കീത്. നൊമ്മളെ കുഴിച്ചാടിക്കാനാ പണിക്കരു്ടെ പ്ലാൻ! ഏത്__പണിപറ്റ്യോ കുഞ്ഞമ്മതാപ്ലേ!

നാ. മേ: മര്യാദയ്ക്കുള്ള ചോദ്യം ചോദിച്ചാലു് ലോക്കപ്പിലൊന്നും ആക്കില്യ.

കേ. പ: മര്യാദയ്ക്കുള്ള ചോദ്യം! പിന്നെ എന്തു തൊല്യേൻ ചോദ്യാ ചോദിച്ചു്! നിങ്ങക്ക് ഇഷ്ടല്യാത്ത ചോദ്യം ചോദിച്ചാൽ_എന്നു പറഞ്ഞാ മതി. (പുച്ഛരസത്തിൽ നാണുമേനോനെ നോക്കുന്നു.) ഇന്നു് പിന്നെ ആരും ചോദിക്കാനുണ്ടാവില്ല. ഇന്നാലെന്നെ ഒക്കേററിനേം പിടിച്ചുകൊണ്ടു പോയിരിക്കണ്! ഇന്നാലെ രാത്രി തോതാച്

സംശയമുള്ള എല്ലാ വീട്ടിലും പോലീസ്സിനെ കേററി ഇറക്കീട്ടുണ്ട്.

നാ. മേ: (ആശ്വാസത്തോടെ) അതുവ്വോ?

കുഞ്ഞ: എന്തു പറഞ്ഞാലും അവര് ചുണയുള്ള ജനസാ!

നാ. മേ: എന്തു ചൊണ! തോന്ന്യാസം. രാത്രി കണ്ടോര്ടെ ചുമരിമ്മല്യ് കണ്ട അതും ഇതും എഴുതിപതിക്ക്യാ! ഇന്ന് കാലത്ത് ഞാൻ റേഷൻഷാപ്പില് വന്നപ്പോണ്ട് ചുമരിമ്മല്യ് എഴുതി പതിച്ചിരിയ്ക്കുണു!

ലോ. കു: അത് ണ്ടായാ? നിങ്ങളതൊന്നും ഇവിടെ പറഞ്ഞില്ല്യല്ലോ, മേന്നേ! എന്താ എഴുത്ത്യേന്ന്!

നാ. മേ: (ദ്വേഷ്യഭാവത്തിൽ) ആവോ, ഞാനതൊന്നും വായിച്ചില്ല്യ. കണ്ട ഉടനെ കീറിക്കളെഞ്ഞു!

കേ. പ: അപ്പോ തന്റെ മരമണ്ടൂസനാടോ! എന്താന്നു വായിച്ചുനോക്കാതെ കീറിക്കളെഞ്ഞാലോ? നിങ്ങടെ ആരോഗ്യവാരത്തിന്റെ വല്ലതും ആണെങ്കിലോ!

(നാണുമേനോൻ പണിക്കരെ തുറിച്ചു നോക്കുന്നു)

കുഞ്ഞ: എന്താണ്?

ലോ. കു: ആരോഗ്യവാരം! എടോ നൊമ്മടെ താരപ്പട്ടന്റെ ഇസ്ക്കോളില്യ് കാണാറില്ല്യേ പിള്ളേര് കൊടീം പിടിച്ച് "കേ, പൂ" എന്നു പറഞ്ഞു് പോണത്! പണിക്കര് ആളെ വല്ലാതെ കോയ്യാക്കും ട്ടോ!.........അപ്പോ നാരങ്ങവെള്ളോം ബിസ്ക്കോത്തും ണ്ടാ ഇതിന്നു?

കേ. പ: എന്താ, തന്റെ അള്ള്യന്റെ പീടികേല് ചെലവില്ലാത്ത വല്ല പല്ലിമ്മലൊട്ടണ മോഡലും ഇരിയ്ക്കുണുണ്ടോ സ്റ്റോക്ക്? എന്തെങ്കിലുണ്ടാവും പിള്ളേക്ക്— (നാ: മേനോനോട്) ഇല്ല്യേ കുട്ടിനേതാവേ? അല്ലാതെ പിള്ളേര് ഈ വെയിലത്ത് നടക്കാൻ കൂട്ടാക്ക്വോ?

പി. സി. സീ–യ്യോരു നൂറുറുപ്പിക ചെലവാക്കാൻ ഓ ർഡറായിട്ട്ണ്ട്. അതില്് നാലഞ്ചുറുപ്പികയ്ക്ക് എന്തെ ങ്കിലും വാങ്ങും. ബാക്കി കീശേലും!

കുഞ്ഞേ: ആ, സൊസൈററിയ്ക്കെന്താ നൂറുറുപ്പിക കൊടു ത്താല്? ഓല് ആനേ മേടിയ്ക്കാൻ തയ്യാറ്ണ്ട്. കല്പന കിട്ടണ്ട താമസേള്ളു.

കേ. പ: സൊസൈററീല് ചവറു പോലല്ലേ പണം? നാ ട്ടുകാര്ടെ കഫം തിന്നു തിന്ന് അങ്ങിനെ വീത്തിരി യ്ക്കുണ്ടു സൊസൈററികള്.

നാ. മേ: പിന്നെ വെറുതേ കൊടുക്കണന്നാ പറേണ് അരീം മണ്ണെണ്ണേം ഒക്കെ? അല്ല, പണിക്കരേ നിങ്ങള് കൊറച്ച് കാര്യവിവരള്ള ആളാണല്ലോ. നിങ്ങളൊക്കെ ഇങ്ങനെ പറാൻ തൊടങ്ങ്യാലോ!

ലോ. കു: തമാശ് പറേണതിന് നിങ്ങളിത്ര ശുണ്ഠി കടി ച്ചാലോ മേന്നേ!

കേ. പ: അയാള് ഇഞ്ചി കടിച്ച കരങ്ങനെപ്പോലെ ഓ രോന്നു പറഞ്ഞാലെനിയ്ക്കു വല്ല്യേ രോമല്ലേ പിന്നെ!

നാ. മേ: (കുപിതനായി) ഓ, പിന്നെ നിങ്ങളെ വല്ല്യ രോ മാ! അതൊക്കെ പോട്ടെ പണിക്കരേ!

കുഞ്ഞേ: പോട്ടെ, പോട്ടെ. കളി കാര്യാവണ്ട!

കേ. പ: അയാള്ടെ നാട്യം കണ്ടാ കോംഗ്രസ്സ് ഓൻെറ കുഡുംബത്ത്ന്ന് കൊടന്നതാന്നു തോന്നും! (ഞൃളപ്പുന്നു) ഇവരെറാക്കെ കോൺഗ്രസ്സായതെന്നാ, കുഞ്ഞമ്മേതേ? കുറേശ്ശെ നക്കാൻ കിട്ടിത്തുടങ്ങീപ്പോ. പണ്ടൊക്കെ കോൺഗ്രസ്സില് ഒരു നാലണ മെമ്പറാവാൻ പറഞ്ഞാ

32 D
358805

ലേ്, പിന്നെ ആളെത്തന്നെ കാണില്യ ഒരു മാസത്തിന്ന്. ഈ ഗതികെട്ടവർഗ്ഗം കോൺഗ്രസ്സിലു് വന്നപ്പോഴല്ലേ ഞാൻ ഒഴിഞ്ഞതു്! എനിക്കു കോൺഗ്രസ്സും വേണ്ട....

ലോ. കു: നിങ്ങളിപ്പോ എന്താ സോഷ്യലിസ്റ്റാ? കമ്മ്യൂണിസ്റ്റല്ല.

കേ. പ: ഞാനൊന്നല്ല. എനിയ്ക്കു 'വെട്ടമാഷ'ന്മാരെ കണ്ടൂട. ആരായാലും ഞാൻ പേരുവിളിച്ച് പറയും. അതല്ലേ എന്നോടിത്ര മുഖംവീപ്പ്!

കുഞ്ഞ: നാങ്ങളു് കമ്മ്യൂണിഷ്ടായിക്കോളീ. ഓലും ങളു് പറേണതൊക്കെ പറാറ്ണ്ടല്ലോ.

കേ. പ: ഞാൻ കമ്മ്യൂണിസ്റ്റും ആവണില്ല, ഒന്നും ആവിണില്ല. ഞാൻ തെണ്ടിച്ചു ഞാൻ തിന്നുന്നു. (ഒരു ബീഡി എടുത്തു പിടിപ്പിക്കുന്നു.)

ലോ. കു: ഒന്നു് എനിയ്ക്കും തരിൻ.

കേ. പ: ഇന്നു് മേൻെറ വകയല്ലേ ചെലവ്? എടോ ആരോഗ്യവാരത്തിൻെറ വക ബീഡിയും മുറുക്കാനും ഒന്നൂല്ല്യേ?

നാ. മേ: കയ്യിന്നു് കാശു് കൊടുത്തു് മേടിയ്ക്കണം.

കേ. പ: ഇതിന്നു ഫണ്ടൊന്നും പിരിച്ചിട്ടില്ല്യേ? (ഒരു ബീഡി ലോനക്കുട്ടിയ്ക്കു കൊടുക്കുന്നു.)

ലോ. കു: (ബീഡി പിടിപ്പിച്ചിട്ടു്) അല്ല, ഇതിന്നു ചെലവു് ചെയ്യാനാരാ പിന്നെ?

നാ. മേ: അതൊക്കെ നേതാക്കന്മാരു്. നമ്മളൊക്കെന്താ, ലോനക്കുട്ടി, നാറാം ക്ലാസ്സു്!

കേ. പ: ലോനക്കുട്ട്യേ, ഗാന്തിമാമാതാവു് വന്നേത്ര പശിമല്യ ഉണ്ടോ? അന്നെന്തു സമ്പാദ്യണ്ടായി?

ലോ. കു: കേട്ട്വോ കുഞ്ഞമ്മതാമ്പ്രേ—ഏത്! പണിക്കര് ആള് തരക്കേടില്ല്യ........എൻെറ കയ്യീന്ന് ചെലവാറാക്കം. ഈ വിതാനൊക്കെ കയ്യീന്നു ചെലവിട്ടിട്ടിണ്ടാക്കീതാ. അത് ആവശ്യം കഴിഞ്ഞ് അവടെ വെച്ചേര്ന്ന്. അപ്പോമ്മടെ മേനോൻ ചോദിച്ചു; കൊടുത്തു. നമുക്കെന്താ വ്യത്യാസം. ഒക്കെ നാട്ടിനു വേണ്ടത്ന്നെ!

കുഞ്ഞ: അല്ല, ചെലവെന്താവണ്? പെണ്ണുകെട്ടിക്കൊടുക്കാൻ പന്തലിട്ടതല്ലേ? അതിൻെറ സാധനങ്ങളാണ്.

ലോ കു: എന്നാലും ചെലവിട്ടതല്ലേ കുഞ്ഞമ്മതാമ്പ്രേ! ഏത്! (ചിരിക്കുന്നു)

കേ. പ: പോട്ടെ ഞാൻ! ഇവടെ നിന്നാലേ്........അപ്പോ നേരെത്രായി മേനോ!

നാ. മേ: (വാച്ചുനോക്കി ജാള്യതയോടെ) വാച്ചു നില്ക്കാണ് (കൈകുലുക്കി നോക്കുന്നു.)

കുഞ്ഞ: ആ് ങ്ങള് നില്ക്കുമ്പോ വാച്ചും നില്ക്കും, അല്ലേ?

ലോ. കു: ന്നാ ഒന്നു നടന്നോളിൻ—ഏത്? ന്നാ അതും നടക്കുള്ളലോ (ചിരിക്കുന്നു) ആയ്, ഇന്ന് ഈ ജാതി വാച്ചു കെട്ടിനടന്നാലോ മേനോ! ഞാനാച്ചാ എരന്നിട്ടെങ്കിലും ഒശത്തി ഒന്നു മേടിച്ചു കെട്ടില്ല്യേ!

കേ. പ: ഇന്നെന്താ അയാള്ടെ പൊടമുറിയൊന്നല്ല—ദിവസത്തിന പറ്റ്യേ വാച്ച്! അല്ലാതെന്താ? ഇതാണ് റിപ്പബ്ലിക്ക് വാച്ച്! ഇപ്പോ അര്ത്ഥം മനസ്സിലായില്ല്യേ, ലോനക്കുട്ടിക്ക് റിപ്പബ്ലിക്കിൻെറ—

ലോ. കു: അർത്ഥം എന്താ മനസ്സിലായേ്: നിങ്ങള് ഈ ർത്ഥത്തിലാ പറേണ്, അല്ലേ? എന്താ കുഞ്ഞമ്മതാ ല്ലേ—ഏത്! (ചിരിക്കുന്നു)

കുഞ്ഞ: റിബ്ബബ്ളിക്ക് ഒരെട്ടുക്കാച്ചരക്കാന്ന്, അതല്ലേ പറഞ്ഞോണ്ട് വരണ്?

കേ. പ: അതന്നെ, അതന്നെ! ചക്കിക്കൊത്ത ചങ്കരൻ —കോൺഗ്രസ്സിനൊത്ത റിപ്പബ്ളിക്ക്—ഞാൻ പോ ട്ടെ. തൊണ്ടേല് വെള്ളം വററി. ഇത്തിരി ചായ കുടി യ്ക്കാറ്ണ്ട്, ഈ നേരത്ത്. അതു കിട്ടാൻ വഴി നോ ക്കട്ടെ.

നാ. മേ: ആയ്; നില്ക്കു പണിക്കരെ! ഇതു കഴിഞ്ഞാ ഞാനും പോരാം!

കേ. പ: ആ കച്ചോടം വേണ്ട! തൻെറ കൂടെ നടന്നാല് നമുക്കു ഉള്ള മാനം പോവും. എനിയ്ക്കാരും കൂട്ടു വേണ്ട

ലോ. കു: അതെന്താ അങ്ങനെ പറേണ് പണിക്കരെ്? മേന്നു് എന്തിൻെറയാ ഒരു കൊറവ്?

നാ. മേ: പണിക്കരെന്തൊക്കെ പറയും. നിങ്ങളതൊ ക്കെ കാര്യാക്ക്ാ: നില്ക്കു പണിക്കരേ! ഞാനും വരാം. എനിയ്ക്കും ഇത്തിരി ചായ കുടിയ്ക്കണം.

കേ. പ: ഞാൻ പീടികേല്ക്കില്ല. ഒന്നിലില്ല പഞ്ചാര- കാവടി, ശൂലം എന്തൊക്കെയോ കലക്കും ആ കശ്മതി കള്! എടോ, ഇന്നാളല്ലേ കലക്ടര്ടെ കല്പന കണ്ടത്, പഞ്ചസാര റിപ്പബ്ളിക്കിനു മുമ്പേ വിതരണം ചെയ്യ ണം ന്നൊക്കെ.

നാ. മേ: കാണാൻ ഞാനും കണ്ടു പക്ഷേ സാധനല്ല്യ.

കെ. പ: ഇപ്പോഴാം ലോനക്കുട്ടിയ്ക്കു് മനസ്സിലായില്ല്യേ രി പ്പബ്ളിക്കിന്റെ അത്ഥം? നാട്ടുകാരെ പററിയ്ക്കലണന്നെ. ഉം. ആ കടലാസ്സീന്നു് എടുത്തുവെച്ചയ്ക്കു് പഞ്ചാര- ഏറുമ്പു വരണ്ട. എന്താ ലോനക്കുട്ട്യേ?

ലോ. കു: അതു പണിക്കരു് പറഞ്ഞതു് അസ്സല് കാ ര്യാ........

കുഞ്ഞ: ചെല ചെല കാര്യോക്കെ നിരീക്കമ്പോ ഓററ് ങളു് പറേണേലും ണ്ട് കാര്യം.

ലോ. കു: ആര്?

കുഞ്ഞ: ആ കമ്മ്യൂണിസ്റ്റ്കാര്. അല്ല ഒക്കെ പറ ഞ്ഞൂടാ. പറഞ്ഞാ തടി ബടക്കാവും. (ആലോചിച്ചു) അപ്പോ നാലെ ആ കുമാരനേം ഒക്കെ അറസ്റ്റ്ചെയ്തി രു്ക്കണോ?

കെ. പ: അയാളെ ഇന്നലെ കിട്ടീട്ടില്ല്യ.

നാ. മേ: ഇന്നലെ ഞാൻ പീടികപൂട്ടി പോവുമ്പോ മ ണി ഒൻപതു പത്തായി. അതിനു ശേഷാവില്ല്യേ ഈ എഴുതിപ്പതിക്കലു്?

കെ. പ: അപ്പോ താൻ പറഞ്ഞില്ല്യല്ലോ, എന്തേ എഴു ത്യേന്ന്? 'കോൺഗ്രസ്സുഭരണം ചൂഷകഭരണം'..........അങ്ങ നെ വല്ലതും ആവും.

ലോ. കു: പണിക്കരു് അവര്ടെ വായ്ത്താരി പഠിച്ചു വെച്ചിട്ട്ണ്ടല്ലോ. ഇല്ല്യേ കുഞ്ഞമ്മതാപ്ലേ—ഏതു്?

കുഞ്ഞ: ഓല് പറേണേലും ണ്ട് കാര്യം. (ആവേശത്തോടെ അവിടെനിന്നെഴുന്നേല്ക്കുന്നു.) പണിക്കരേ, ബരീ. ഞാനും പോരാം.

നാ. മേ: കുഞ്ഞമ്മത് പോകര്ത്. മീററിങ്ങിന്നു പോണ്ടേ നമുക്കു്?

കുഞ്ഞ: ങ്ങക്കു് ബേണെങ്കി ബരാം............

ലോ. കു: അതന്ത്രല്ലേ പിന്നെ! തമ്മിത്തമ്മിലിരിക്കുമ്പോ അതൊക്കെ വേണ്ടേ പിന്നെ! നമുക്ക് ഒരാള് ഒരാള് വ്യത്യാസം പാട്ണ്ടോ! ഏത്?....ആ്, നമ്മടെ പ്രസിഡണ്ടാ വരുന്നു.

നാ. മേ: ആ കൊടി ഒക്കെ വേഗം എടുത്തു കുത്തടോ നസ്രാണ്യേ. (കൊടി എടുത്തു കുത്തുന്നു.)

(കോൺഗ്രസ്സു പ്രസിഡൻറ് ശങ്കരൻകുട്ടിനായർ. 40 വയസ്സ്. വേഷം ഖദർ മുണ്ടു്, ഖദർ ജുബ്ബാ, ഷർട്ടിൻെറ മീതെ ഒരു മഞ്ഞ സില്ക്കു് ഏറാപ്പ്. ഒരു കൂളിംഗ് ഗ്ലാസ് ധരിച്ചിട്ടുണ്ടു്. വിയത്ത്,ഉള്ളതിലുമധികം ക്ഷീണംനടിച്ച് പ്രവേശിക്കുന്നു.)

ശ. ന: എന്താ നാണു, കഴിഞ്ഞില്യേ? ഞാൻ നിങ്ങളെ അവിടെ കാത്തുനില്ക്കുന്നേ! ആ, പണിക്കരോ? (എല്ലാവരേയും മാറിമാറി നോക്കി കുശലംനടിക്കുന്നു. വേഷ്ടിയുടെ തുമ്പുകൊണ്ടു് വീശുന്നു.)

കേ. പ: നേതാവ് എവിട്ന്നാവോ വിയത്തൊലിച്ചു? (പുച്ഛരസത്തിൽ ഓച്ഛാനിച്ചു നില്ക്കുന്നു)

ശ. ന: തുടങ്ങി അയാള് മക്കാറ്!

കേ. പ: നേതാവിന്ന് ആ കസേര ഇങ്ങട് എടുത്തിട്ടു കൊടുക്കടോ!

ലോ. കു. ഇങ്ങട്ടിരിക്കാം. (കോലായിൽ കിടക്കുന്ന ബെഞ്ചിന്മേലെ പൊടിതട്ടി ക്ഷണിക്കുന്നു.)

ശ. നാ: വേണ്ട വേണ്ട_ഇരിക്കാൻ ടൈം ഇല്ല.

കേ. പ: എന്താ മയ്യത്ത് എടുക്കാറായോ? (ലോനക്കുട്ടിയും കുഞ്ഞമ്മയും വായ്പൊത്തി ചിരിക്കുന്നു.)

ശ. നാ: അപ്പളേ് മേന്നേ ഇവിടെ ആരെങ്കിലും വന്നോ..ാ? അദ്ധ്യക്ഷൻെറ വിവരൊന്നും കിട്ടില്ല്യല്ലോ!

കേ. പ: ആരാ അദ്ധ്യക്ഷൻ? ഇന്ന് വല്യേ തലയെടുപ്പുള്ളതൊന്നും കിട്ടില്ല. വല്യേ ഏക്കം കൊടുക്കേണ്ടിവരും: എന്നാത്തന്നെ കിട്ടാൻ ഞെരുക്കം!

ശ. നാ: ഒന്നും പറേണ്ട. ഞാൻ ഒരാഴ്ച്ചയായി ഓട്ടം തൊടങ്ങിട്ട്. കഷ്ടിച്ച് നമ്മുടെ എം. എൽ. എ. വരാമെന്ന് വെച്ചിട്ടുണ്ട്. അവിടത്തെ മീററിങ്ങ് നേത്തേ കഴിയ്ക്കാമെന്നു പറഞ്ഞിരിയ്ക്കുയാണ്. പിന്നെ ഇലക്ക്ഷൻ കഴിഞ്ഞിട്ട് ഈ ദിക്കില് ഒന്നു വന്നിട്ടില്ല.

കേ. പ: ഇനി ഇനിയത്തെ ഇലക്ക്ഷന് വന്നാപ്പോരേ?

ലോ. കു: അന്ന് നൊമ്മടെ ചായസ്സല്ക്കാരത്തിന് വന്നതാ, അല്ല്യ? ഏത്? കൊല്ലം രണ്ടായി!

ശ. നാ: അല്ല, അവര്ടേം കുററല്ല. സമയം കിട്ടണ്ടേ?

കുഞ്ഞ: തന്നെ! തന്നെ!

കേ. പ: കുററം നമ്മടെ! ഈ ജാതി കുശിനികളെ തിരഞ്ഞെടുത്തയച്ചൂലോ! എന്താ, ലോനക്കുട്ട്യേ?

ശ. നാ: അതൊന്നും പറഞ്ഞൂടാ. നാം അവരുടെ നിലപാടിൽനിന്നു നോക്കണം. അവര്ടെ വെഷമം നമ്മളും മനസ്സിലാക്കണം.

ലോ. കു: ആട്ടെ, വരേ്ാ കക്ഷി?

ശ. നാ: വരാതിരിയ്ക്കില്ല്യ. ഏയ്!

കേ. പ: നിങ്ങളെന്നോട് മുമ്പെ പറഞ്ഞില്ലല്ലോ നേതാ

വേ! എന്നാ ഞാൻ വേറൊ പറഞ്ഞുതന്നോണ്ടില്ല്യേ! ആ പത്രാധിപരെ ക്ഷണിക്കാറ്. ഈ തീരപ്രദേശം മുഴു വൻ മൂപ്പർക്ക് കൺട്രാക്റ്റ് കൊടുക്കാറ്! എന്താ, ചുരു ങ്ങ്യേ റെയ്റ്റിന്!

ശ. ന: പണിക്കര്ക്കൊക്കെ നേരമ്പോക്കാണ്.

നാ. മേ: പക്ഷേ ഒക്കെ നേരമ്പോക്കായാലും വെഷമം. കാര്യം ഏതാ കളി ഏതാ തിരിച്ചറിയില്ല്യ.

കേ. പ: (പ്രസിഡണ്ടിനോട്) ഇന്നലെ ഇവിടന്ന് ചില രെ അറസ്റ്റ്ചെയ്തുകൊണ്ടുപോയീന്നു കേട്ടുലോ.

ശ. നാ: ഞാനും കേട്ടു. വെറുതെ കുലുമാല്ണ്ടാക്കാ, അ വര്. അങ്ങേലും ഇങ്ങേലും ഇരുന്ന് ഇപ്പണി വേണോ? ആ പീടികേടെ ചൊമരിമ്മല് മുഴ്വൻ കരികൊണ്ടു എന്തൊക്കെയൊ എഴുതിയിരിക്കണു്? അതന്വേഷി ക്കാൻ ഹെഡ് വന്നിരുന്നു, ഇന്നലെ. ഞാൻ രാത്രി മടങ്ങി വന്നപ്പോ കേട്ടതാ. മൂന്നാല്പേരെ അറസ്റ്റ് ചെയ്തുകൊണ്ടു് പോയത്രേ—പക്ഷേ തലവന്മാരെ ഒന്നും കിട്ടീട്ടില്ല്യ. അവര്ക്ക് ഇന്നത്തെ മീററിങ്ങിന് എന്തെ ങ്കിലും കുഴപ്പുണ്ടാക്കണം. അതാണാവശ്യം. അതൊക്കെ നമുക്ക് സമ്മതിയ്ക്കാമോ, ലോനക്കുട്ട്യേ! കുഞ്ഞമ്മതേ? എന്താ പണിക്കര്ടെ അഭിപ്രായം? അവര്ക്ക് പറ്യേ ണ്ടുള്ളതു് അവർ പറഞ്ഞോട്ടെ.

കേ. പ: അവര്ക്ക് പറ്യാനുള്ളതു് പറ്യാൻ നിങ്ങള് സമ്മ തിയ്ക്കില്ല്യലോ. എന്നാ അവര്ക്കും മീററിങ്ങുകൂടാൻ അനു വദിയ്ക്കുണ്ടോ?

(ലോനക്കുട്ടിയും കുഞ്ഞമ്മതും മുഖത്തോടുമുഖം നോക്കുന്നു.)

ശ. നാ: എല്ലാം അനുവദിക്കും. അക്രമം ചെയ്യാൻ ആ

ത്തം അനുവദിക്കില്ല്യ. നമ്മള് തമ്മില് എന്തിനാ തക്കി ക്കണ് പണിക്കരേ? നമ്മള് തമ്മില് അഭിപ്രായവ്യത്യാ സൊന്നൂല്യലോ!

കുഞ്ഞ: തന്നെ, തന്നെ!

കേ. പ: ആട്ടെ നിങ്ങള് എം. എൽ. എ. യെ സ്വീക രിക്കാൻ ഇവിടെ നില്ക്കിൻ. ഞാൻ പോട്ടെ. ഒരു ചായയ്ക്കു് വല്ല വഴീം നോക്കട്ടെ.

ശ. നാ: ആയ് പണിക്കര് പോകരുത്. നമ്മള് നാലാ ളെങ്കിലും അയാള് വരുമ്പോ സ്വീകരിയ്ക്കണ്ടേ!

കേ. പ. ആളെ വാടകയ്ക്കു കിട്ടും. ആ ലോനക്കുട്ട്യോട്ടു പറഞ്ഞാ മതി. വോട്ടു പിടിക്കാൻ കാശു കൊടുത്തേ ന്നില്ല്യേ? എട്ടുട്ടണ കൊടുത്താ എത്ര ആളെ വേണെ ങ്കിലും ലോനക്കുട്ടി കൊണ്ടുവരും.

ശ. നാ: ആ കാലൊന്നും കോൺഗ്രസ്സിനു വന്നിട്ടില്ല്യ, പണിക്കരേ! എന്താ ലോനക്കുട്ട്യേ?

കേ. പ: എന്നാ എവിടെ?

ശ. നാ: മീററിങ്ങിനു വരിൻ, അപ്പോ കാണാം (വാച്ചു നോക്കി) ഓ ടൈം മണി മൂന്നര കഴിഞ്ഞു.

കേ. പ: റേഷൻപീടിക മാനേജരുടെ വാച്ചുപോലല്ലലോ!

(ശ: നായരൊഴിച്ചു എല്ലാവരും ചിരിയ്ക്കുന്നു.)

ശ. നാ: റിപ്പബ്ളിക്ക് പ്രമാണിച്ച് സ്റ്റോപ്പായിരി ക്ക്ണ്!

(അകലെനിന്നും മുദ്രാവാക്യങ്ങളുടെ ശബ്ദം മുഴങ്ങുന്നു.)

ശ. നാ: ഓ നാണു, ഒരു ജാഥ വര്ണ്ട്.

കേ. പ: ആരോഗ്യവാരം തൊടങ്ങീലോ, ലോനക്കുട്ട്യേ!

(എല്ലാവരും ചെവിയോക്കുന്നു.)

നാ. മേ: (പ്രസിഡണ്ടിനോട്) ജാഥ വന്നാ ഇവിടെ നി ത്താം. അദ്ധ്യക്ഷൻ വന്നിട്ട് ഒന്നിച്ച പോകാം; അല്ലേ?

ശ: മേ: അതു് വേണൊന്നില്ല. അവരൊന്നു ചുററി അടി ച്ചോട്ടെ. ഒരു പ്രൊപ്പഗാണ്ടയാവൂലോ! മീററിങ്ങിന്ന് കുറച്ചാളും വാരണ്ടേ!

(മുദ്രാവാക്യങ്ങാം വീണ്ടും കോംക്കുന്നു.)

ശ. ന: (ചെവിടയോത്തിട്ട്) എന്താ ഇവര് വിളിയ്ക്കണ്?

നാ. മേ: (ചെവിയോത്തിട്ട്) നല്ലപോലെ കോംക്കാനില്ല.

കേ. പ: "ഇന്ത്യൻ റിപ്പബ്ളിക്ക് സിന്ദാബാദ്", "പ ണ്ഡിററ് നെഹറു, രാജേന്ദ്രപ്രസാദ്, പട്ടേൽ മുതലായ വർ സിന്ദാബാദ്," എന്നാവും. അല്ലാതെന്തു വിളി യ്ക്കാനാ?

(ജാഥ കുറേക്കൂടി അടുത്തെത്തുന്നു. ചുവന്ന കൊടികാം ഒരു വിധം വെളിപ്പെട്ടു കണ്ടുതുടങ്ങുന്നു. റിപ്പബ്ളിക്‌വിരുദ്ധമുദ്രാവാ ക്യങ്ങളും കോംക്കുന്നു.)

കേ. പ: എടോ! ഈ ജാഥ കോൺഗ്രസ്സിന്റെ അല്ല ലോ! 'ഡേഞ്ചർ' കൊടിയാണല്ലൊ കാണുന്നതു, തമ്പു രാനേ!

(എല്ലാവരും ഉൽക്കണ്ഠാകുലരായി നോക്കുന്നു.)

ശ. നാ: (മുഖം വിളറി) എടാ ഇതു് നമ്മടെ ജാഥയല്ല! ആ കുമാരനല്ലേ മുമ്പില്!

നാ. മേ: അവനന്ന്യാ!

കുഞ്ഞു: തന്നെ, തന്നെ; അയാളന്നെ!

ലോ. കു: മിഷ്ടേക്കില്ല. കുമാരൻ തന്നെ!

(റിപ്പബ്ളിക്ക് വിരുദ്ധമുദ്രാവാക്യങ്ങളോടുകൂടി ജാഥ അടു ത്തെത്തുന്നു. കോൺഗ്രസ്സ്പ്രസിഡണ്ടും നാണുമേനോനും റേഷൻ

ഷോപ്പിൽ കയറിപ്പതുങ്ങി നില്ക്കുന്നു. ലോനക്കുട്ടിയും കുഞ്ഞഹമ്മതും മുഖത്തോടുമുഖം നോക്കി ചിരിക്കുന്നു. കേശവപ്പണിക്കർ പ്രസിഡണ്ടിനെ ചൂണ്ടിക്കാട്ടി പൊട്ടിച്ചിരിക്കുന്നു )

ശ. ന: (പതുക്കെ) അക്രമം അക്രമം!

(ജാഥ കുറേക്കൂടി അടുത്തു വരുന്നു)

ജാഥക്കാരിൽ ചിലർ: (ഉറക്കെ വിളിച്ചു പറയുന്നു.) പിടി അവനെ.

ലോ. കു: റബ്ബേ! എന്റെ് എ?

കുമാരൻ (ജാഥാ കാപ്റ്റൻ) പിടി അവനെ.

(ശങ്കരൻനായർ, നാണുമേനോൻ തുടങ്ങിയവർ അന്തംവിട്ടു നില്ക്കുന്നു. കുഞ്ഞമ്മതും ലോനക്കുട്ടിയും പണിക്കരും അത്ഭുതപ്പെടുന്നു.)

ജാഥ. കാ: പിടി അവനെ.......

(പെട്ടെന്നു ജാഥക്കാരിൽ അഞ്ചാറുപേർ മുന്നോട്ടു ചാടി പ്രസിഡണ്ടിനെ പിടികൂടുന്നു.)

ശ. നാ: (നിലവിളിക്കുന്ന മാതിരി) ഞാനല്ല ഒന്നറിയതു. നാണുമേനോനാണ്............

നാ. മേ: (അമ്പരന്നു ) എടാ ആനക്കള്ളാ....നീയല്ലെ പറഞ്ഞേ എന്നോട്............

കുമാരൻ: (മുന്നോട്ടുചാടി) നടക്ക് രണ്ടും.

(ജാഥക്കാർ അവരെ രണ്ടുപേരേയും പിടികൂടുന്നു.

ലോ. കു: നല്ലദിവസാ ദിവസം—എന്തു്?

കേ. പണിക്കരും കുഞ്ഞമ്മദും: നേര്. നല്ല ദിവസാ ദിവസം—കാററ് മാറിവീശ്ായി.

(കർട്ടൻ.)

# രാജി

പിറേറന്ന് കാലത്ത് അട്ടിക്കാകെ ഒന്നിളകിമറിഞ്ഞു. എല്ലാവിഭാഗക്കാരും, തൊഴിലാളിയും മുതലാളിയും, സാധുക്കളും 'മാന്യ'ന്മാരും എല്ലാം ക്ഷോഭിച്ചുവശായിരിക്കുന്നു.

തലേന്ന് അട്ടിക്കിലെ കയർതൊഴിലാളികൾ ഒരു ഘോഷയാത്ര നടത്തി. അവർ രണ്ടു മൂന്നു മാസങ്ങളോളമായി ഈ രണ്ടു ചക്രം കൂലികൂട്ടലാവശ്യപ്പെട്ടിട്ട്. അതു വകവെച്ചുതരാൻ മുതലാളിമാർ കൂട്ടാക്കാത്തതിലുള്ള പ്രതിഷേധം രേഖപ്പെടുത്താനും കൂലികൂട്ടലിനായി അടുത്ത ദിവസംതന്നെ പണിമുടക്കാരംഭിക്കുമെന്നു പ്രഖ്യാപിക്കാനും വേണ്ടിയായിരുന്നു ഘോഷയാത്ര. ഈ ഘോഷയാത്രയുടെ വർത്തമാനം നാടാകെപ്പരന്നു. കാപ്പിക്കടയിലും റെയിൽവെസ്റ്റേഷനിലും വീടുകളിലും—എന്നുവേണ്ട രണ്ടാളുകൾ കൂടിയ ഇടത്തെല്ലാം അതൊരു സംസാരവിഷയമായി. ചിലർക്കൊരമ്പരപ്പ്, ചിലർക്കൊട്ടരിശം, ചിലർക്കൊരു രസം, ചിലർക്കാവേശം.

അമ്പരപ്പിന്നു കാരണമുണ്ട്. അവിടെ വളരെക്കാലമായി ഒരു ഘോഷയാത്രയോ പൊതുസമ്മേളനമോ നടന്നിട്ട്. എല്ലാം 'സമാധാനഭംഗ'ത്തിന്റെ പേരിൽ തടയപ്പെട്ടിരിയ്ക്കുകയാണ്. വെറും ജീവിതാവശ്യങ്ങൾക്കു വേണ്ടി ശബ്ദമുയർത്തുന്നതുപോലും സമാധാനഭംഗമുണ്ടാക്കിയേയ്ക്കുമെന്നാണ് 'സമാധാന'പാലകന്മാരുടെ അഭിപ്രായം. അത്രയും സമാധാനപൂർണ്ണമാണ് അവരുടെ കണ്ണിൽ ഈ നാട്ടിലെ അന്തരീക്ഷം! അങ്ങിനെ രാജ്യം മുഴുവൻ പുതിയ 'സ്വാതന്ത്ര്യ'ത്തിന്റെ നിശ്ശബ്ദസംഗീതത്തിൽ പിടിച്ചാഴ്ത്തിയിരിയ്ക്കെ അതിനെ അലോസരപ്പെടുത്തുന്നത് എങ്ങിനെ സഹിക്കാം?

തൊഴിലാളികളുടെ ഈ പുറപ്പാട് അത്ര പന്തിയല്ലെന്നു് മുതലാളിമാർക്കു തോന്നി. ഇതു് തൊഴിലാളികളുടെ അമർന്നുകിടന്നിരുന്ന ശക്തിയെ ഉയിർത്തെഴുന്നേല്പിക്കലാവുമെന്നു മനസ്സിലാക്കാൻ അവർക്കു വിഷമമുണ്ടായില്ല. മുതലാളിമാരുടെ ഈ അഭിപ്രായഗതിയെ 'മാന്യ'ന്മാരും ശരിവെച്ചു. തങ്ങളുടെ സ്വൈരജീവിതത്തിൽ ഇങ്ങനെ അസുഖം വിതയ്ക്കാൻ അവരുണ്ടോ അനുവദിയ്ക്കുന്നു? അവർ ഉടനെ മേലധികാരികൾക്കു് അറിവു കൊടുത്തു. തൊഴിലാളികൾ അക്രമത്തിനു മുതിർന്നേയ്ക്കാനിടയുണ്ടെന്നും നാട്ടിൽ 'മര്യാദ'ക്കാർക്കും 'മാന്യ'ന്മാർക്കും ജീവിയ്ക്കാൻ രക്ഷയില്ലാതാവുമെന്നും അതിനാൽ ഉടനെ സ്ഥലത്തെത്തണമെന്നും മറ്റും അവർ അറിയിച്ചു. ഇത്രയും 'ന്യായമായ' ഒരാവശ്യം 'നാട്ടുകാർ' മുമ്പോട്ടുവെച്ചാൽ ഒരു 'ജനകീയ' ഗവമ്മെണ്ടു് അതെങ്ങിനെ നിരസിയ്ക്കും? അക്രമത്തെ അക്രമംകൊണ്ടുതന്നെ ചെറുക്കുമെന്നു ഉൽഘോഷിച്ച ഗ-

വമെന്റു് ഉടനെ ഒരു ലോറി 'നിയമവും സമാധാനവും' സ്ഥലത്തെയ്ക്കയച്ചു. അവർ അവിടെ വന്നു് തൊഴിലാളി ജാഥയെ തല്ലിപ്പിരിച്ചു. അത്രമാത്രമോ? ആ നിരത്തിൽ കണ്ട സകലരേയും കേറിത്തല്ലി. ആണും പെണ്ണും, കുട്ടിയും വൃദ്ധനും—ആ വഴിയേ പോയ എല്ലാവരേയും! ഏററവും ജനകീയമായ അടി! ഒരാൾക്കെങ്കിലും അതിൻെറ വിഹിതം കിട്ടിയില്ലെന്നാക്ഷേപത്തിന്നവകാശമില്ല. അങ്ങിനെ അടിയെത്തുടന്നു് തൊഴിലാളികളുടെ വീട്ടുതോറും കേറി അവിടെ കണ്ടവരെയൊക്കെ മട്ടിച്ചു. ചെറുപ്പക്കാരിപ്പെണ്ണുങ്ങളെ പിടികിട്ടിയവർ അവരെ ബലാല്ക്കാരമായി പിടിച്ചു "ഹൃദയത്തിൻെറ വിശപ്പു്" തീത്തു!

ഇങ്ങനെയാണു് തൊഴിലാളികൾ തങ്ങളുടെ മിതമായ ആവശ്യത്തിനുവേണ്ടി നടത്താനുദ്ദേശിച്ച ആ ഘോഷയാത്രയുടെ പരിണാമം.

എല്ലാ സ്ഥലത്തും ഇതിനെപ്പററിയേ അന്നു സംസാരമുള്ളു. 'മാന്യ'ന്മാർ പ്രധാനമന്ത്രിയെ കാണാൻ പോയി; ചെറുകിടക്കാർ എം. എൽ. എ. മാരെ കാണാനും. അവക്കൊക്കെ ഇതിൽ കുറച്ചാക്ഷേപത്തിന്നു വകയുണ്ടായി; കാരണം തങ്ങളുടെ ഓമനപ്പുത്രന്മാരിൽ ചിലക്കും സിൽബന്ധികളിൽ പലക്കും ജനകീയത്തിൻെറ സ്വാദു് ഒട്ടു മനസ്സിലായി. തലെന്നാളത്തെ സമാധാനപാലനത്തിന്നിടയിൽ അതിശം കൊണ്ടു് കണ്ണും മൂക്കും ഇല്ലാതെ ന്യായാന്യായവിവേചനം കൂടാതെ നടന്ന ആ ലാത്തിച്ചാർജ്ജിൽ പ്രതിഷേധിച്ചു് അവർ ഒരു സമ്മേളനം തന്നെ കൂടി. എന്നാൽ ഒരൊററ പ്രാസംഗികനും തൊഴിലാളികൾക്കു് ജാഥ നടത്താനുള്ള അവകാശത്തെപ്പററിയോ അവക്കു കൂലി

കൂടുതൽ കൊടുക്കേണ്ടുന്ന കാൎയ്യത്തെപ്പററിയോ ഒരക്ഷരം ഉരിയാടിയില്ല. അവരെ കേറിത്തല്ലിയതിലോ, അവൎക്കു കൂലി കൂട്ടിക്കൊടുക്കാതിരുന്നതിലോ അവൎക്കൊന്നും ഒരാക്ഷേപവുമില്ല! 'മൎയ്യാദക്കാൎക്കും മാന്യന്മാൎക്കുംകൂടി നാട്ടിൽ രക്ഷയില്ലെന്നായിരിക്കുന്നു—ഇങ്ങനെ വിവേചനംകൂടാതെ സമാധാനപാലനം നടത്തിയവരെ ശിക്ഷിക്കണം" ഇതായിരുന്നു എല്ലാവരുടേയും പ്രസംഗത്തിന്റെ സാരം.

ഘോഷയാത്ര തല്ലിപ്പിരിച്ചതിനെപ്പററിയും തങ്ങളെ ആക്രമിക്കാൻ വന്ന സംഘത്തെ സഫലമായി ചെറുക്കാതിരുന്നതിലുള്ള തെററിനെപ്പററിയും മററും സംസാരിച്ചു് ഒരു വിജനസ്ഥലത്തിങ്ങിനെ തൊഴിലാളികളും കൂടി. പലരും പല അഭിപ്രായവും പറഞ്ഞു. മുൻകൂട്ടി പ്ലാൻ ചെയ്യാതിരുന്നതാണു് തങ്ങൾക്കു പററിയ തെററെന്നു് അവർ കണ്ടുപിടിച്ചു. ആ തെററു് വീണ്ടും ആവൎത്തിക്കാതിരിക്കണമെന്നു് അവർ തീരുമാനിച്ചു. എങ്കിലും ഒരു വ്യക്തമായ രൂപം അവൎക്കുണ്ടായില്ല. പലരും ആവേശത്തോടും അമൎഷത്തോടുംകൂടി പലതും പറഞ്ഞെങ്കിലും എങ്ങിനെയാണു് ശത്രുവിനെ നേരിടേണ്ടതെന്നു് അവൎക്കു് വ്യക്തമായില്ല അങ്ങിനെ അവർ പരസ്പരം അഭിപ്രായങ്ങൾ കൈമാറിനില്ക്കുമ്പോഴുണ്ടു് അതാ, അവരുടെ സഖാവു് ഒരു പേനക്കത്തികൊണ്ടു് എന്തോ ഉദാസീനമായി ചെത്തിമുറിച്ചു് അങ്ങിനെ പതുക്കെ അങ്ങോട്ടു വരുന്നു. എല്ലാവൎക്കും എന്തെന്നില്ലാത്ത ഒരാശ്വാസമുണ്ടായി.

സഖാവു് കുസൃതിച്ചോദ്യം ചോദിച്ചുകൊണ്ടാണു് അങ്ങോട്ടു നടന്നണഞ്ഞതുതന്നെ.

“എന്താ, ഇന്നും തല്ലു വാങ്ങിക്കൂട്ടാൻ നില്ക്കുകയാണോ?

കയറിന് ഈ നാട്ടിൽ ക്ഷാമമില്ലല്ലോ; ഓരോ കഷ്ണം കയറു വാങ്ങിക്കൊണ്ടാ പോയിട്ട്!''

സന്ദേഹമായ ഈ അധിക്ഷേപത്തിൽ അവർക്ക് പണ്ടേ ഇല്ലു ഒരാവലാതിയും. സഖാവിനെ കണ്ടെത്തിയതിലുള്ള ആശ്ചര്യവും കുശലാന്വേഷണവും എല്ലാം ഒട്ടടങ്ങിയപ്പോഠം അവർ തലേനാളത്തെ സംഭവത്തെക്കുറിച്ചു സാഗ്രമായി വിസ്തരിച്ചു പറഞ്ഞു.

പത്തായിരം പോടങ്ങിയ ആ തൊഴിലാളിജാഥയെ ഒറ്റിൻപറ്റത്തെപ്പോലെ തല്ലിപ്പിരിച്ചുവെന്നു കേട്ടപ്പോഠം സഖാവിന്നു വല്ലാത്ത ലജ്ജയും അരിശവും തോന്നി. ഒരാളെങ്കിലും ആ തൊഴിലാളിവർഗ്ഗത്തിൻെറ മാനം കാക്കാൻ ഉണ്ടായില്ലല്ലോ എന്നോർത്തപ്പോഠം, ആ നാട്ടിൽ ഉണ്ടെന്നു താൻ അഭിമാനിച്ചിരുന്ന തൊഴിലാളിവർഗ്ഗബോധത്തിൻെറ ആഴം അയാഠംക്ക ബോധ്യപ്പെട്ടു: ''ആട്ടെ, ഇന്നും ഇടിവണ്ടി ഈ സ്ഥലത്തേയ്ക്കു വരുന്നുണ്ട്. അതു കേട്ടിട്ടാണ് ഞാൻ ഇങ്ങോട്ടു പുറപ്പെട്ടതു്. ഇന്നലത്തെപ്പോലെ ഇന്നും വീടുതോറും കേറി തല്ലാൻ അവരെ വിടാനാണോ നാം ഭാവം? സ്വന്തം പെങ്ങന്മാരേയും മററും കൺമുമ്പിലിട്ട് മാനഭംഗം ചെയ്യുന്നതു കണ്ടു നില്ക്കാൻ, അച്ഛനെക്കൊണ്ടു മകളെ മാനഭംഗപ്പെടുത്തുന്നതു തുടങ്ങി മനുഷ്യനാലോചിയ്ക്കാൻ വയ്യാത്ത കൊടും നീചകൃത്യങ്ങഠംക്ക് ഈ നാടിനെ വിട്ടുകൊടുക്കാൻ നമ്മുടെ വർഗ്ഗബോധമുള്ള തൊഴിലാളിരക്തം അനുവദിയ്ക്കുമോ? .......ഞാൻ ഇപ്പോഠം ഒരു വീട്ടിൽ കേറി ഇറങ്ങിയിട്ടാണ് വരുന്നതു്. അവിടെ ഇന്നലെ നടന്ന ഒരു സംഭവം നിങ്ങഠംക്ക കേഠംക്കണോ.........അവിടെ ഒരച്ഛനും ഒരമ്മയും മകളും മാത്രം

മേയുള്ളു. അമ്മ പ്രസവിച്ചു കിടക്കുന്നു. മകൾക്കു ചെറുപ്പമാണ്. അവളുടെ സഹോദരനെ നിങ്ങളൊക്കെ അറിയും. ഒളിവിലാണ്. അയാളെവിടെയാണെന്നു ചോദിച്ചു അച്ഛനേയും, പ്രസവിച്ചു കിടക്കുന്ന അമ്മയേയും പിടിച്ച് ചോദ്യം ചെയ്തു. മകളെ നൂലുബന്ധമില്ലാതെ നിത്തി—"

അയാളുടെ തൊണ്ടയിടറി; കണ്ണിൽനിന്നു തീപ്പൊരി പാറി. പ്രതികാരത്തിൻെറ കുന്തമുനകൾപോലെ ആ ദേഹത്തിലെ കരുത്തൻരോമങ്ങളെല്ലാം മൂരിനിവൎന്നുനിന്നു. ശരീരമാകെ വിറപൂണ്ടു. എന്നിട്ട് വളരെ നേരം പണിപ്പെട്ട് മനക്ഷോഭത്തെ നിയന്ത്രിച്ച്, അച്ഛനെക്കൊണ്ട് ആ മകളെ മാനഭംഗം ചെയ്യിയ്ക്കാൻ പ്രേരിപ്പിച്ചതും അച്ഛൻ രണ്ടും കല്പിച്ച് അതിന്നു പ്രേരിപ്പിച്ചവനെ മുഖത്താട്ടിയതും, അതിനെത്തുടൎന്ന് അച്ഛനെ തല്ലിച്ചതച്ച് പിടിച്ചു കെട്ടിയതും ആ അച്ഛൻെറ മുമ്പിലിട്ട്, മകളെ രണ്ടുമൂന്നു കാമക്കോമരങ്ങൾ ബലാൽസംഗം ചെയ്തതും എല്ലാം അയാൾ പറഞ്ഞൊപ്പിച്ചു. "ആ വൃദ്ധനായ അച്ഛൻ കാണിച്ച ശൌൎയ്യമെങ്കിലും നമുക്കുണ്ടായില്ല! ആ കുടുംബം അവശമായി കിടക്കുകയാണ്. ഇതുപോലെത്ര സംഭവങ്ങൾ ഇന്നലെ രാത്രി നടന്നിട്ടുണ്ടാവും! നമ്മുടെ ഭീരുതയാണ് ആ ചെകുത്താന്മാരെ ഇതിന്നനുവദിച്ചതു്! നാം സധൈൎയ്യം ചെറുത്തിരുന്നുവെങ്കിലോ?" അവിടെ നിന്നിരുന്ന തൊഴിലാളികൾ പരസ്പരം അപരാധബോധത്തോടെ നോക്കി.

"സഖാവേ, ഞങ്ങൾക്കബദ്ധം പററി. ഞങ്ങൾ കാൎയ്യങ്ങൾ ഇത്ര ഗൌരവത്തിൽ കലാശിയ്ക്കുമെന്നോൎത്തില്ല. ഘോഷയാത്ര തല്ലിപ്പിരിയ്ക്കുമെന്നുതന്നെ ഞങ്ങൾ മുൻകൂ

ട്ടി കണ്ടില്ല—മേലാൽ ഞങ്ങൾക്കി തൊറു പിണയില്ല”. തൊഴിലാളികളിൽ ഒരാൾ തൊറു സമ്മതിച്ചു.

സഖാവ് അവരെ സമാധാനിപ്പിച്ചു. “പരിഭ്രമിയ്ക്കാനില്ല. തെറു ചാറും. ഒരിക്കൽ പാറിയ തൊററ് പിന്നിട്ട വരാതിരിക്കാൻ നോക്കിയാൽ മതി. ഇന്നും ഇവിടെ ഇടിവണ്ടി വരും. പലരേയും പിടിപ്പിയ്ക്കാൻ മുതലാളിമാർ പ്ലാനിട്ടിട്ടുണ്ട്. ഇന്നു് ഇവിട്ടത്തെ വലിയ കയർമുതലാളിയുടെ വീട്ടിൽവെച്ച് ഒരു വിരുന്നുതന്നെ നടത്തുന്നുണ്ട്. മിക്കവാറും അതു കഴിഞ്ഞിട്ടാവും ആക്രമണം. തലയ്ക്ക് അധികാരമത്തും, കള്ളിൻെറ മത്തും രണ്ടും കൂടിയായാൽ അക്രമം നടത്താൻ കൂടുതൽ ഉഷാറുണ്ടാവുമല്ലോ. എന്തായാലും നാം ഒരാളെങ്കിലും ഈ നാട്ടിൽ ജീവിച്ചിരിപ്പുള്ള കാലത്തോളം ഈ കാടത്തത്തെ നാം ചെറുക്കണം—നാം എങ്ങോട്ടു പോകാനാണ്? ഊട്ടിയിലും സിംലയിലും നമുക്ക ബംഗ്ലാവൊന്നുമില്ല. നമുക്ക് ഇവിടെനിന്ന് പൊരുതിപ്പൊരുതി ജീവിയ്ക്കുകയേ നിവ്വാഹമുള്ളൂ; വേണ്ടിവന്നാൽ മരിക്കുകയും; അല്ലാതെങ്ങു പോകാനാണ്? നമ്മുടെ കുഞ്ഞുകുട്ടികളും അമ്മയച്ഛന്മാരും പെങ്ങന്മാരും എല്ലാം ഇവിടെയുള്ളപ്പോൾ അവരെ രക്ഷിയ്ക്കാതെ നാമെങ്ങോട്ടാണ് പോവുക? ഇന്നലെ നടന്ന തരം സംഭവങ്ങൾ നടക്കാൻ വിട്ടാൽ പിന്നെ നാം നാട്ടുകാൎക്കവേണ്ടി സമരം ചെയ്യുന്നവരാണെന്നു വീണ്ടും പറഞ്ഞു നടന്നിട്ടെന്താണ് ഫലം?_അതിനാൽ..............”

അങ്ങിനെ ആ സംഭാഷണം കുറച്ചുനേരം നീണ്ടുനിന്നു: തലേന്നാളത്തെ ഭീരുത്വത്തിൻെറ സ്ഥാനത്ത് ഒരു പുതിയ ധൈൎയ്യവും ആവേശവും അവരിൽ സംജാത

മായി. സഖാവിന്റെ നിർദ്ദേശപ്രകാരം, സന്ധ്യയ്ക്കുശേഷം തമ്മിൽ ഒത്തുകൂടാമെന്നു പറഞ്ഞു എല്ലാവരും പിരിഞ്ഞു.

നേരം ഒരൊമ്പതുപത്തുമണിയായിട്ടുണ്ടാവും. നല്ല ഇരുട്ട്. ഒരു ലോറി ആ റോഡരികിൽ ഒരു ദിക്കിൽ വന്നു നിന്നു. പിന്നിൽ കുറച്ചുദൂരെയായി ഒരു ജീപ്പും. ലോറിയിൽ നിന്നു മൂന്നു നാലു കാക്കിയുടുപ്പുകാർ ചാടി ജീപ്പിന്റെ അരികിലേയ്ക്കു ചടപട എന്നു നീളുന്ന ശബ്ദം കേട്ടു. എവിടെനിന്നോ ഒന്നുരണ്ടു കല്ലുകൾ ലോറിയുടെ പുറത്തു വന്നു വീണു. കല്ലു വന്ന ദിക്കിനെ ലാക്കാക്കി എട്ടുപത്തു പേർ “കെട കെട” എന്ന ശബ്ദമുണ്ടാക്കി പാഞ്ഞുകേറാൻ മുതിർന്നു. കല്ലുകൾ നാലു ഭാഗത്തുനിന്നും പാഞ്ഞെത്തി. ഏതോ കഠിനപ്രതിജ്ഞയെടുത്ത ശത്രുവിനോടു ‘കരുതിക്കോ’ എന്ന ഭാവത്തിൽ ഭയങ്കരമായ മൂളിച്ചയോടെ കല്ലുകൾ ധീരഭടന്മാരെപ്പോലെ പാഞ്ഞേറ്റു. ലോറിയിൽനിന്നു ചാടിയിറങ്ങിയവർ പരിഭ്രമിച്ച് ജീപ്പിനുള്ളിലേയ്ക്ക് തള്ളിക്കയറാൻ ഭാവിച്ചു. ജീപ്പിലുള്ള മേലധികാരി അവരെ തള്ളിമാറ്റി, കേറി ആക്രമിയ്ക്കാൻ കല്പന കൊടുത്തു. കല്പന ലംഘിയ്ക്കാനുള്ള ഭയംമൂലം ചിലരൊക്കെ ആ ഇരുട്ടിന്റെ മാറിൽ ലാത്തിയിട്ടടിച്ചുകൊണ്ട് കുറച്ചു മുന്നേറാൻ ശ്രമിയ്ക്കായ്ക്കയില്ല. പക്ഷേ, എവിടെനിന്നെന്നറിഞ്ഞുകൂടാ, ആരെന്നറിഞ്ഞുകൂടാ, കല്ലുകൾ തുടരെ തുടരെ—ഉണ്ടതീരാത്ത തോക്കുകളിൽനിന്നെന്നപോലെ തുരുതുരെ വന്നുവീണു. കണ്ണിലും മൂക്കിലും എന്നു വേണ്ട; നഖശിഖാന്തം കല്ലു വന്നു പൊതിഞ്ഞു. തലേന്നാളത്തെ അന്തരീക്ഷത്തിനു വന്ന ഈ പെട്ടെന്നുള്ള മാറ്റം കാക്കിജന്തുക്കളേയും ആ മേലധികാരിയെയും ഭയപ്പെടുത്തി. ഇരുട്ടിൽനിന്നു ആയിരക്കണ്ണ

ക്കിനായി കൈകഠം മുളച്ചിരിയ്ക്കുന്നപോലെ അവക്ക തോ
ന്നി. തിരിഞ്ഞാൽ കല്ല്, മറിഞ്ഞാൽ കല്ല്, ഇടത്തും വ
ലത്തും കല്ല്! തെക്കുനിന്നും കല്ല്, വടക്കുനിന്നും കല്ല്—
കിഴക്കും പടിഞ്ഞാറും നിന്നും കല്ലുകഠം!—"അയ്യോ!" ഓ
ക്കാപ്പുറത്തു ഒരേറുകൊണ്ടു് ഒരാഠം നിലവിളിച്ചു. അയാഠം
ഇടത്തെ കണ്ണു പൊത്തി. കണ്ണു പൊത്താനിടയില്ല,
"അയ്യോ" വിളി ഒന്നുകൂടി. അയാഠം വലത്തെ ചെവി
പോത്തി: പിന്നെ ലോറിയും ജീപ്പും അവിടെ നിന്നില്ല.
എല്ലാവരും ചാടി ഓടിക്കയറി. ജീപ്പു വാലും പൊക്കി മു
മ്പിലും, ലോറി പിന്നിലുമായി പേടിച്ചരണ്ട രണ്ടു കാട്ടു
പോത്തുകളെപ്പോലെ സ്ഥലം വിട്ടു.

തലേന്നാളത്തെ അവമാനം ആ ഇരുട്ടിൽവെച്ചുത
ന്നെ അങ്ങിനെ ആ നാട്ടു കഴുകിക്കളഞ്ഞു.

പിറേറന്നു് ഒന്നു രണ്ടു കാക്കിവേഷക്കാരാൽ അനുഗ
തനായി ഒരാഠം ആസ്പത്രിയിൽ ചെന്നു് ഒരു കട്ടിലിന്നെ
ശരണംപ്രാപിക്കുന്നതു് ആ ആസ്പത്രിയിലുള്ളവരുടെ ശ്ര
ദ്ധയെ ആകഷിച്ചു. ഇടത്തെ കണ്ണിൻെറ സ്ഥാനത്തു് ഒ
രു ചോരക്കുഴിമാത്രമുണ്ടായാഠംക്കു്. വലത്തെ ചെവിയുടെ
ഒരു ഭാഗം പൊട്ടിപ്പോയിരിക്കുന്നു.

അതെങ്ങിനെ പററി? അടുത്ത കട്ടിലിൽ കിടക്കുന്ന
ഒരു ക്ഷയരോഗി അടഞ്ഞ സ്വരത്തിൽ ഏങ്ങി വലിഞ്ഞു
ചോദിച്ചതിന്നു് അയാഠം മറുപടി പറഞ്ഞില്ല. അയാഠം
ഒന്നും മിണ്ടാതെ കടുത്ത മനോവ്യഥയും വേദനയും പ്രക
ടിപ്പിക്കുന്ന മുഖഭാവത്തോടെ ആ കട്ടിലിൽ കിടന്നു. വ
ല്ലവരും തങ്ങളുടെ മുഖത്തേയ്ക്കുനോക്കുന്നുണ്ടോ എന്നയാഠം
ഇടയ്ക്കു് ഓറക്കണ്ണുകൊണ്ടു് പരിശോധിച്ചിരുന്നു. തലേ

ന്നാളത്തെ ആ കല്ലേറിനേക്കാൾ ശല്യപ്പെടുത്തുന്നപോലെ തോന്നി, ഓരോരുത്തന്റെ നോട്ടവും ചോദ്യവും, അയാൾക്ക്.

ആസ്പത്രിയിൽ വന്നു കിടക്കേണ്ടിയിരുന്നില്ലെന്ന് അയാൾക്ക് തോന്നി. അവിടെ വന്നു പോകുന്ന ഓരോ ആളും തന്നെ ചൂണ്ടി ഓരോന്നു മന്ത്രിച്ചിരുന്നു.

അയാൾ ആരും തിരിഞ്ഞുനോക്കാനില്ലാതെ അവിടെ കിടപ്പായി. അടുത്ത് രണ്ടു കട്ടിലകലെ വേറൊരാൾ എന്തോ മുറിവുപററിക്കിടന്നിരുന്നു. അയാളുടെ അടുക്കൽ ഒന്നുരണ്ടു സമാധാനപാലകർ കാവൽ നില്പുണ്ട്. അയാളെ കാണാൻ സമാധാനപാലകരുടെ പ്രതിഷേധങ്ങളെ കൂട്ടാക്കാതെ വളരെ ജനങ്ങൾ തുരുതുരെ വന്നും പോയുമിരിക്കുന്നു. നഴ്സുമാർ കൂടെക്കൂടെവന്ന് ഓറഞ്ചുവേണോ പാലുവേണോ എന്നു ചോദിക്കുന്നു. കാണാൻ വരുന്നവർ ഓറഞ്ചു കൊണ്ടുവരുന്നു:—"എന്തൊരു ശുശ്രൂഷയാണ്! എന്തൊരാദരവ്, എന്തൊരു സ്നേഹം!—" അയാളുടെ കിടപ്പ് തന്റെ കിടപ്പുമായി അയാൾ ഒന്നു താരതമ്യപ്പെടുത്തിനോക്കി—"ഒരു പട്ടിയുമില്ല എന്നെ തിരിഞ്ഞുനോക്കാൻ!" ഇത്രകാലം ജോലിനോക്കിയിട്ട് നാട്ടുകാരുടെ കുറെ വെറുപ്പുമാത്രമുണ്ട് സമ്പാദ്യം! അയാൾ നെടുതായി ഒന്നു നിശ്വസിച്ചു. ഇത്രവളരെ ആളുകൾ വന്നു സന്ദർശിക്കുന്ന ആ രോഗിയെ എഴുനേററിരുന്ന് അസൂയയോടെ ഒന്നു നോക്കി. അയാൾക്കാളെ മനസ്സിലായി. ആ ഘോഷയാത്രയുടെ മുമ്പിൽ ഉണ്ടായിരുന്ന ആളാണ്. തന്റെ ലാത്തിതന്നെ പലവുരു അയാളെ കടന്നാക്രമിച്ചത് ആ മനുഷ്യൻ ഓർത്തു. "എന്തായാലും എനിക്കും പ

ടിപ്പുള്ള പ്രതിഫലം കിട്ടി." അയാൾ സ്വയം പറഞ്ഞു. കുറേനേരം തന്റെ ശേഷിച്ച ഒരു കണ്ണു ആ തൊഴിലാളിയുടെ മേൽ നട്ട് അയാളങ്ങിനെ ഇരുന്നുപോയി. തന്നെയാണ് നോക്കുന്നതെന്നു മനസ്സിലാക്കിയ തൊഴിലാളി അയാളോട് വിളിച്ചു ചോദിച്ചു. 'എന്താ സാറേ? മിനിഞ്ഞാന്നത്തതിനു പകരം വാങ്ങിയതായിരിക്കും അല്ലേ? കച്ചവടം എങ്ങനെ ലാഭം തന്നെയാണ് അല്ലേ?" അയാളോടു മിണ്ടാതെ കിടക്കാൻ കാവൽക്കാരനപേക്ഷിച്ചു.

"കണ്ടോ, നാട്ടുകാരുടെ സമ്മാനമാണ്. കണ്ടമാനം നാട്ടുകാരെ കേറി അടിച്ചതിനു നാട്ടുകാരു കൊടുത്തതാണ്. ഇവന്മാരിൽനിന്നു രക്ഷപ്പെടാൻ വേറെ മാർഗ്ഗമൊന്നുമില്ല. നിങ്ങളു കേട്ടില്ലേ, മിനിഞ്ഞാന്നത്തെ തല്ല്. തൊഴിലാളികൾ ഒരു ജാഥ നടത്തിയതിനാണ് കണ്ടമാനം കേറിത്തല്ലിയത്. അതു മാത്രമോ, വീട്ടിലു ചെറുപ്പക്കാരി പെണ്ണുങ്ങൾക്കു കിടക്കപ്പൊറുതിയുണ്ടോ? ഇതാണ് ഇവരുടെ സമാധാനപരിപാലനം—സംസ്കാരം! ഇത്തരക്കാർക്കു നാട്ടുകാർ കൊടുക്കുന്ന സമ്മാനമാണിത്. ആ ജാഥയിൽ പങ്കെടുത്തവനാണ് ഞാൻ. അതിനാണ് എന്നെ തല്ലിയത്. പക്ഷെ ഇത്തരം ദ്രോഹികളെ നാട്ടുകാർ വെറുതെ വിടാൻ പോകുന്നില്ല. ജനദ്രോഹികൾക്കു ഒരു പാഠമാവട്ടെ ഇത്......"

അയാൾക്കു ആ തൊഴിലാളിയുടെ പ്രസംഗം കേട്ട് അവിടെ കിടക്കപ്പൊറുതിയില്ലാതായി. അവിടെ നിന്നെഴുന്നേറ്റ് പോയാലോ എന്നുകൂടി തോന്നി. ഭാഗ്യം, അപ്പോഴേക്കും ഡോക്ടറും പോലീസ് ഇൻസ്പെക്ടറും കൂടി ആ വാർ

ഡിലേയ്ക്കു വന്നു—ഡാക്ടർ അയാളെ പരിശോധിച്ച് മററു രോഗികളുടെ അടുക്കലേയ്ക്കുപോയി.

ഇൻസ്പെക്ടർ തൻെറ കീഴ്ജീവനക്കാരനെ സമാധാനിപ്പിച്ചു—'നിങ്ങൾ പരിഭ്രമിയ്ക്കേണ്ട; അക്രമിയെ അന്വേഷിച്ചു പിടിയ്ക്കുന്നുണ്ട്. നിങ്ങൾക്കുവേണ്ട എല്ലാ ഒത്താശയും ഞങ്ങൾ ചെയ്യും. ഡോക്ടരോട് പ്രത്യേകം പറഞ്ഞിട്ടുണ്ട്."

എല്ലാം കേട്ട് അയാൾ ഇടത്തെ കണ്ണു പൊത്തി കൊണ്ടറിയിച്ചു: "എനിയ്ക്ക് വേറെ ഒന്നും വേണ്ട. എൻെറ കുട്ടികളുടെ അടുത്തെയ്ക്കെത്തിച്ചുതന്നാൽ മതി. അക്രമിയെ പിടിച്ചാലും പിടിച്ചില്ലെങ്കിലും എനിയ്ക്കെന്തു കിട്ടാനാണ്? എൻെറ കണ്ണു തിരിച്ചുകിട്ടുമോ? ചെവിയുടെ കഷ്ണം അവിടെ വച്ചു തുന്നിക്കൂട്ടാൻ പററുമോ? ഒരു കണ്ണേ ബാക്കിയുള്ളു. അതും പോയാൽ ഞാൻ പിച്ചപ്പാളയെടുക്കേണ്ടിവരും, കുടുംബം പുലർത്താൻ. അതുകൊണ്ട് ഇനി ഈ തൊഴിലിനില്ല, തീച്ച. കിട്ടിയടത്തോളം കൊണ്ടു മതിയായി" അയാൾ, കിടക്കയ്ക്കടിയിൽ വെച്ചിരുന്ന കാല്പായ കടലാസ്സ് എടുത്തു ഇൻസ്പെക്ടർക്കു നീട്ടി.

—:*:—

Sch
1568

# പുതിയ പ്ലാൻ

ജോലിയന്വേഷിച്ച്

വേദനിക്കുന്ന മനുഷ്യത്വം

പുതിയ പ്ലാൻ

നല്ലദിവസം

രാജി

സി. അച്യുതക്കുറുപ്പ്

Indic Digital Archive Foundation
gpura.org